PROCEEDINGS OF THE TRVAVANCORE-COCHIN

LEGISLATIVE ASSEMBLY

THIRD SESSION—1951

Saturday, *the 31st March 1951*

VOL. III.] OFFICIAL REPORT [No. 18

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Saturday, the 31st March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day).

Oral Answers

CHAIRMAN OF THE FOOD PRODUCTION BOARD

***1175.** [1] **Sri. D. Gnanasigamoni:** Will the Hon'ble Minister for Services and Appointments be pleased to state.

(*a*) whether it is true that Mr. Ikkanda Warrier, has tendered his resignation of his post as Chairman of the Food Production Board; and

(*b*) if so, the reasons that led to this step?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise.

Sri. D. Gnanasigamoni: Am I to understand that the Chairman of the Food Production Board is still attending to his duties as Chairman of the Board?

Sri. T. K. Narayana Pillai:
Yes.

ഉദ്യോഗങ്ങൾ

*൧൧൭൬. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ—കൊച്ചി സ്റ്റേറ്റിൽ ൧൯൫൦-ൽ എത്ര ഉദ്യോഗങ്ങൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്?

(ബി) അവയിൽ ൧൦൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ)and(ബി) ഓരോകൊല്ലത്തെ ബഡ്ജറ്റ എസ്റ്റിമേറ്റിൽ അതാതുകൊല്ലത്തിലുള്ള ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥന്മാരുടെ എണ്ണം ചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ആ കാര്യത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബഡ്ജററിൽ കൊള്ളിക്കാതെ എന്തെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: ഇല്ലെന്നാണു് തോന്നുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കഴിഞ്ഞ ബഡ്ജററു ഹാജരാക്കിയതിനു ശേഷം അതിനിടക്കു ആരേയും നിയമിച്ചിട്ടില്ലെന്നാണോ പറയുന്നതു് ?

ശ്രീ. സി. കേശവൻ: നിയമിച്ചിട്ടുണ്ടെങ്കിൽതന്നെ ബഡ്ജററിൽ പ്രൊവിഷൻകാണും.

ആശുപത്രിയിലെ രോഗികളുടെ ഭക്ഷണം

*൧൧൭. (ബ) ശ്രീമതി ദേവകീ ഗോപീദാസ്: താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

തിരുവിതാംകൂർ പ്രദേശത്തു് ആശുപത്രികളിൽ ഏഴ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളും അനുവദിച്ചിരുന്നപ്പോൾ കൊച്ചി വിഭാഗത്തിൽ ൧൨ ഔൺസ് അരിയും ൪ ഔൺസ് മററു ധാന്യങ്ങളും കൊടുത്തുകൊണ്ടിരുന്നതിൻെറ കാരണമെന്താണെന്നു പറയാമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ)

തിരുവിതാംകൂറിലെ ആശുപത്രികളിൽ ൭ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളുമാണു് കൊടുത്തുകൊണ്ടിരുന്നതു് എന്നു പറയുന്നതു ശരിയല്ല. ൬ മാസത്തിനു മുൻപുതന്നെ ആശുപത്രികളിൽ ൧൦ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളും കൊടുക്കുന്നതിനാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്. എന്നാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം ചോദ്യത്തിൽ വിവരിക്കുന്ന അളവു് അതിനു മുൻപുതന്നെ കൊടുത്തുവന്നിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിൽ കൂടുതൽ കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ: മുൻപു ഇവിടെ ൯ ഔൺസും ൨ ഔൺസും ആക്കിയതിനു മുൻപുതന്നെ കൊച്ചിയിൽ കൂടുതലാണു് കൊടുത്തുകൊണ്ടിരുന്നതു്. ആ വ്യവസ്ഥ തുടൎന്നുപോയെന്നേയുള്ളു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വ്യവസ്ഥ കൊച്ചിയിൽ നിവൎത്തലാക്കാതെ പരിപാലിച്ചുകൊണ്ടുപോയതു് എന്തു ഉദ്ദേശത്തോടുകൂടിയാണു് ?

ശ്രീ. എ. ജെ. ജാൺ: ഒരു ഉദ്ദേശവുമില്ല. പക്ഷെ കൊച്ചി കൊച്ചിയും, തിരുവിതാംകൂർ തിരുവിതാംകൂറുമായിരുന്നു എന്നുള്ള വ്യത്യാസം മാത്രം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൧൨ ഔൺസ് വീതം കൊച്ചിയിലുള്ള എല്ലാ ആശുപത്രികളിലും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു് എന്നാണറിയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വ്യത്യസ്ഥപ്പെട്ടനില എന്നുമുതലാണു് ആരംഭിച്ചതു് ?

ശ്രീ. എ. ജെ. ജാൺ: കൊച്ചിയിൽ വളരെകാലംമുമ്പു് മുതല്ക്കു ഈ രീതിയിലായിരുന്നു. കഴിഞ്ഞ ൪-൬ മാസങ്ങളായി തിരുവിതാംകൂറിലെ റേററു് കൂട്ടുകയാണുചെയ്തതു്.

ശ്രീ. പി. നാണു: സംയോജനം മുതൽ എത്രകാലം ഈ വ്യത്യാസം നിലനിന്നു?

ശ്രീ. എ. ജെ. ജാൺ: സംയോജനത്തിനു മുൻപുതന്നെ ഈ വ്യത്യാസം അവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണു് തുടന്നതു്.

ശുദ്ധജലം

* ൧൧൭൨. (൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കുട്ടനാട്ടിലെ നിവാസികൾക്കു ശുദ്ധജലം കിട്ടുന്നതിനു എന്തെങ്കിലും ചെയ്യണമെന്നു ഗവമ്മെൻറു വിചാരിക്കുന്നുണ്ടോ;

(ബി) അതിലേക്കു വല്ല പദ്ധതിയും ഗവമ്മെൻറിൻെറ മുമ്പാകെയുണ്ടോ;

(സി) കുട്ടനാട്ടിൽ കിണറുകൾ കുഴിപ്പിച്ചാൽ ശുദ്ധജലം കിട്ടുമോയെന്നു ഗവർമ്മെൻറു വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കുട്ടനാട്ടിൽ ശുദ്ധജല ദൌർലഭ്യം പരിഹരിക്കുന്നതിനു കുഴൽ കിണറുകൾ കുഴിക്കണമെന്നു ഗവർമ്മെൻറു ഉദ്ദേശിക്കുന്നു. പരീക്ഷണാർത്ഥം കുമരകം, കൈനകരി ഈ സ്ഥലങ്ങളിൽ ഓരോ കിണർ കുഴിക്കുന്നതിനു ഗവർമ്മെൻറു അനുവദിച്ചിട്ടുണ്ടു്.

(സി) മങ്കൊമ്പിൽ പരീക്ഷണാർത്ഥം ഒരു കുഴൽകിണർ കുഴിച്ചുനോക്കി. അതു് ഫലപ്രദമായില്ല. കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു എന്നുപറഞ്ഞതു് എന്നത്തേക്കു നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വകക്കു് രണ്ടുതരത്തിലുള്ള യന്ത്രങ്ങളുടെ ആവശ്യമുണ്ടു്. ആ യന്ത്രങ്ങൾ വരുത്തുന്നതിനായിട്ടു ൧൨,൦൦൦ ഡോളർ കൊടുത്തിട്ടുമുണ്ടു്. അതു വന്നുകഴിഞ്ഞാൽ ആ ജോലി തുടങ്ങുന്നതായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കുട്ടനാട്ടിൽ ഒരുകാലത്തും ശുദ്ധജലം കിട്ടുകയില്ലെന്നു ഗവർമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുട്ടനാട്ടിൽ പല സ്ഥലങ്ങളെസംബന്ധിച്ചും ശുദ്ധജലംകിട്ടാൻ വിഷമംതന്നെ.

ശ്രീമതി ദേവകി ഗോപിദാസ്: ശുദ്ധജലം കിട്ടാത്തതുകൊണ്ടു ആ സ്ഥലങ്ങളിൽ കാളറ, മസൂരി മുതലായ പകർച്ചവ്യാധികൾ പകരുന്നതിനു എളുപ്പമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനും പകരുന്നതിനും ഇതൊരു കാരണമായേക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: കുഴൽ കിണർ സംബന്ധിച്ചു ഏതു വിദഗ്ദ്ധനാണു് ഗവർമ്മെൻറിനു ഉപദേശം നല്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനായിട്ടു ഒരു എൻജിനീയരെ വരുത്തിയിട്ടുണ്ടു്.

ശ്രീ. ടി. വി. ദേവൻ: കുട്ടനാട്ടിൽ മഴക്കാലങ്ങളിൽ കലക്കവെള്ളവും വേനൽക്കാലത്തു് ഓരുവെള്ളവുമാണെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും സംഭവിച്ചേക്കാം.

ശ്രീ. ഏ. പി. ഉദയഭാനു: കുട്ടനാടിനെസംബന്ധിച്ചു മാത്രമല്ല, പൊതുവെ തിരുവിതാംകൂറിൽ പല സ്ഥലത്തും ശുദ്ധജലത്തെസംബന്ധിച്ചു മുറവിളി ഒരടിയന്തിരപ്രശ്നമാണെന്നു ഗവർമ്മെൻറിനറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. നാരായണപിള്ള: പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടണമെന്നറിയാം.

ശ്രീ. ഏ. പി. ഉദയഭാനു: ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു പൊതുവെ എന്തെങ്കിലും ഒരു പദ്ധതി സ്വീകരിക്കണമെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണല്ലോ പ്രത്യേകമായി അതിലേക്കു് ഒരു എൻജിനീയരെ വരുത്തിയിട്ടുള്ളതു്.

സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവർ

*൧൧൭൯. (ഒ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവരായി എത്ര വീട്ടുകാരുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവരുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: വീടില്ലാത്തവരായ എല്ലാ ആളുകളുടേയും കണക്കെടുക്കാൻ ഒരു പദ്ധതി ഗവമ്മേണ്ടു് രൂപീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

Sri. P. Balakrishnan Tampi: Is it going to succeed anytime within a millenium?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സാധിച്ചേക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടില്ലാത്തവരുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കാനായി ഒരു പദ്ധതിയുണ്ടെന്നു പറഞ്ഞു. ആ പദ്ധതി പ്രവൎത്തനം നടത്തിയിട്ടു എത്രകാലമായി.

ശ്രീ. ടി. കെ. നാരായണപിള്ള: ആ പദ്ധതിപ്രകാരം പ്രവൎത്തനം ആരംഭിച്ചിട്ടുള്ളതു് ഈ അടുത്തകാലംമുതല്ക്കാണു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: വീടില്ലാത്തവൎക്കു് വീടുവയ്ക്കുന്നതിനായി കുറെ സ്ഥലങ്ങളും മററും വിട്ടുതരാമെന്നു് ഏതാനും ജന്മിമാരും മുതലാളിമാരും സമ്മതിച്ചുണ്ടായിരുന്നതനുസരിച്ചു എത്ര സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ കണക്കു് പറയാൻ നിവൃത്തിയില്ലെങ്കിലും കുറെ സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാം.

ശ്രീ. ഏ. കെ. പാച്ചുപിള്ള: അങ്ങനെ സ്ഥലം തന്നിട്ടുള്ളതു് രേഖാമൂലമായിട്ടാണോ, അതോ വാങ്മൂലമായിട്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: വാങ്മൂലമായിട്ടുള്ള വാഗ്ദാനമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: മങ്കൊമ്പിൽ കളങ്ങരമഠത്തിൽ വിഷ്ണുപ്പോററി അവർകൾ സ്ഥലം വിട്ടുതരാമെന്ന് പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇട്ടിര അമ്പൂക്കൻ: ഗവൺമെൻറിൻെറ അനുവാദം കൂടാതെ ആർക്കെങ്കിലും സ്ഥലം കൊടുക്കാൻ പാടില്ലല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സ്ഥലം സൗജന്യമായിട്ട് തരാമെന്നു പറഞ്ഞിട്ടുള്ളത് ആവശ്യപ്പെട്ടതനുസരിച്ചോ അതോ ആവശ്യപ്പെടാതെയോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുവിധത്തിലുമാണ് തരാമെന്നു പറഞ്ഞിട്ടുള്ളത്.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ കാരണം പറഞ്ഞ് ജന്മിമാർ പല സാധുക്കളേയും കുടിയിറക്കിവിട്ടതായി ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

COMPLAINT AGAINST VETERINARY DIRECTOR

***1180.** [6] **Sri. P. Thanulingam Nadar:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Government have received any complaint against the Veterinary Director in the matter of appointment of peons from one J. Maria Victor on 13th February 1951; and

(*b*) if so, what steps have been taken on it?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The petition has been recorded, as the complaint is unfounded.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഡിപ്പാർട്ടുമെണ്ടിൽ നിയമനം നടത്തുന്നത് ഡയറക്ടരാണോ അതോ പബ്ലിക്ക് സർവ്വീസ് കമ്മീഷണരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷണരാണ് നിയമനം നടത്തുന്നത്.

നൂൽവിതരണം

*൧൧൮൧. (൬) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൬ ഒക്ടോബർ ഒന്നാംതീയതിക്കുശേഷം നൂൽവിതരണം സഹകരണസംഘങ്ങൾ മുഖേന മാത്രമേ നടത്താവൂ എന്ന് ഗവൺമെൻറ് ഉത്തരവ് ഉണ്ടോ;

(ബി) പരവൂരിലുള്ള മത്സ്യവ്യവസായികൾക്ക് നൂൽവിതരണം നടത്തുന്നതിനു ൧൧൨൫-ലെ നവമ്പർ ക്വോട്ടാ വിതരണം നടത്തിയതും അവർ അംഗങ്ങളായുള്ളതുമായ ഒരു സഹകരണസംഘം ഉണ്ടായിരുന്നിട്ടും അതിനുശേഷം അവിടത്തേക്കുള്ള നൂൽവിതരണമെല്ലാം ഒരു വ്യക്തിമുഖേന നടത്തുന്നതിനുള്ള കാരണമെന്താണ്;

(സി) മേൽസൂചിപ്പിച്ച സംഘത്തിൽനിന്നും പറവൂരെ നൂൽവിതരണം എടുത്തുകളഞ്ഞപ്പോൾ ആ സംഘം ആവശ്യപ്പെടാതെതന്നെ മററു സ്ഥലങ്ങളിലെ നൂൽവിതരണം അതിനെ ഏല്പിക്കയുണ്ടായോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഉണ്ട്. എങ്കിലും സഹകരണസംഘമില്ലാത്ത സ്ഥലത്ത് നൂൽവിതരണം ചെയ്വാൻ സ്വകാര്യ ലൈസൻസിയെ അനുവദിച്ചിട്ടുണ്ട്.

(ബി) പരസ്പരസഹായസംഘം മുഖേന നൂൽവിതരണം നടത്തണമെന്ന് ഉത്തരവുണ്ടായതുമുതൽ, കൊല്ലം കോസ്റ്റൽ ഡെവലപ്പ്മെൻറ് കോ-ഓപ്പറേററീവ് സൊസൈററി മുഖേന പറവൂരിലും വിതരണം നടത്തിയിരുന്നു. എന്നാൽ ടി സംഘത്തിൻെറ ആഫീസും പ്രവർത്തനവും പറവൂരിൽനിന്നും ൫ 0 മൈൽ അകലെയാണെന്നും ടി സംഘത്തിന് പറവൂരിൽ തിങ്ങിക്കൂടി താമസിക്കുന്ന മത്സ്യത്തൊഴിലാളികളായ മുസ്ലീങ്ങളുടെയിടയിൽ പറയത്തക്ക പ്രാതിനിധ്യമില്ലെന്നും വിതരണം തൃപ്തികരമല്ലെന്നും തുടർച്ചയായി ആക്ഷേപമുണ്ടായിരുന്നു. അതുകൊണ്ടും മുസ്ലീം സമുദായത്തിലെ അംഗമായ ഒരു മുൻ ലൈസൻസിയെക്കൊണ്ടു വിതരണം നടത്തിച്ചുവരികയാണ്. പറവൂരിൽ ഒരു സൊസൈററി രൂപീകരിച്ചാൽ ഉടൻ സൊസൈററി മുഖേന വിതരണം നടത്തുന്നതാണ്.

(സി) പുത്തൻതുറ എന്ന സ്ഥലത്ത് വിതരണം നടത്താനായി മേല്പറഞ്ഞ ഡെവലപ്പ്മെൻറ് സഹകരണ സൊസൈററിയെ ഏല്പിച്ചിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : മുൻപു വിതരണം നടത്തിക്കൊണ്ടിരുന്നതു് ഒരു ഫിഷറി ഇൻസ്പെക്ടർ ആയിരുന്നു എന്നറിയാമോ ?

ശ്രീ. സി. കേശവൻ : അറിഞ്ഞുകൂടാ.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : ഈ പരാതികളുണ്ടായതു് എന്തുകൊണ്ടാണെന്നു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ : ഉണ്ട്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : ആ സ്ഥലത്തുള്ള ഈ പരാതിക്കാർ മുൻപറഞ്ഞ സംഘത്തിൽ അംഗങ്ങളാണെന്നു് അറിഞ്ഞുകൂടേ ?

ശ്രീ. സി. കേശവൻ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല ഗവൺമെൻറ് മനസ്സിലാക്കിയതു്. അവിടെയുള്ള ആളുകളിൽ ഒരു ചെറിയ ശതമാനം മാത്രമെ ഈ സംഘത്തിൽ അംഗമായിട്ടുള്ളുയെന്നാണ് ഗവൺമെൻറ് മനസ്സിലാക്കുന്നതു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : അവിടെ താമസിക്കുന്ന ഇവർക്ക് നൂൽ വിതരണം ശരിയായി നടത്തുന്നില്ലെന്നു കാണിച്ചു ഹർജികൾ കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ : ഹർജ്ജികൾ കിട്ടിയിരിക്കാം.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : ഈ സംഘത്തിൻെറ ആഫീസ് വളരെ ദൂരമായതുകൊണ്ട് അതിലെ അംഗങ്ങളായ ഇവർക്ക് പല അസൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളതറിയാമോ ?

ശ്രീ. സി. കേശവൻ : അറിഞ്ഞുകൂടാ.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ് : ഈ പരാതികൾ ഉണ്ടായതിനെല്ലാം ഉത്തരവാദി ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് ആണെന്നു ഗവൺമെൻറിനറിയാമോ ?

ശ്രീ. സി. കേശവൻ : അറിയാം.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: അനധികൃതമായി ശ്രീ. റോഡ്രിഗസ് മുഖാന്തിരം രൂപീകരിച്ച ഒരു സംഘമാണ് ഇതെന്ന ഗവമെന്റിനറിയാമോ?

ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: സർ, ഞാൻ ചോദ്യം കേട്ടില്ല. എന്നെ സംബന്ധിച്ചായതുകൊണ്ട് അതു് ഒന്നുകൂടി ആവർത്തിച്ചാൽകൊള്ളാം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: പറയാം. സഹകരണസംഘംവഴിമാത്രമെ നൂൽവിതരണം നടത്താവൂ എന്ന ഗവമെന്റ് ആർഡർ പുറപ്പെടുവിച്ചതിനുശേഷം അനധികൃതമായി രൂപീകരിച്ചതല്ലേ മി. റൊഡ്രിഗസിന്റെ സഹകരണസംഘം എന്നാണെന്റെ ചോദ്യം.

ശ്രീ. റഫേൽ ജെ. റോഡ്രിഗസ്: സർ, ഈ അലിഗേഷൻ തെററാണ്. ൧൯൫൦ ഫെബ്രുവരിയിലാണ് ഈ സംഘം രൂപീകരിച്ചതു്. അപ്പോൾ ഫിഷറീസ് സൂപ്രണ്ട് ആ സ്ഥലത്തു സഹകരണസംഘങ്ങൾ ഒന്നുമില്ലെന്നും അവിടെ ഒരു സഹകരണസംഘം രൂപീകരിക്കണമെന്നും എന്നോടാവശ്യപ്പെട്ടതിനാൽ ഞാൻ അവിടെ ഒരു സഹകരണസംഘം രൂപീകരിച്ചു. അതിനുശേഷമാണ് ഗവമെന്റ് ആർഡർ ഉണ്ടായതു്, സഹകരണസംഘങ്ങൾവഴിയായിട്ടെ നൂൽവിതരണം നടത്താൻ പാടുള്ളുയെന്ന്. സർ, ഇതു ഒരു തെററായ പ്രസ്താവനയാണ്. അതുകൊണ്ടു ഈ പ്രസ്താവന പുറപ്പെടുവിച്ച മെമ്പറോടു അതു പിൻവലിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

Mr. Speaker: The member wants the word "anadhikritham" to be withdrawn. There is nothing wrong or objectionable in the expression.

ശ്രീ. ഇട്ടീര അയ്യക്കൻ: സർ, അനധികൃതമായുണ്ടാകുന്ന സഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്തുകൊടുക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ചില നിയമങ്ങളനുസരിച്ചു് കൊടുക്കാറുണ്ട്.

ശ്രീ. ഇട്ടീര അയ്യക്കൻ: അങ്ങനെ അനധികൃതമായി റജിസ്റ്റർ ചെയ്തുകൊടുക്കാറുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില നിയമങ്ങൾക്ക് വിധേയമായി കൊടുക്കുന്നതിൽ വിരോധമില്ലെന്നാണ് ഞാൻ പറഞ്ഞതു്.

Mr. Speaker: The member asks for information about the registration of unauthorised societies. It is open to the Government to clasify the position and say on what conditions, if at all, such registrations take place.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: സർ, അനധികൃതമായി റജിസ്റ്റർ ചെയ്തു എന്നു പറഞ്ഞു. അതായതു് ഇങ്ങനെ ആർഡർ ഉണ്ടായതിനുശേഷം അനധികൃതമായി റജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെട്ടു എന്നും അതു് റജിസ്റ്റർചെയ്തു എന്നുമാണ് സ്റ്റേറമെന്റ്. സർ, അതു് ആക്ഷേപകരമാണ്.

Mr. Speaker: The statement may not be correct. All incorrect statements cannot be said to be objectionable or liable to be withdrawn.

Sri. A. Thanu Pillai: Sir, a word on the question before the House. My point is this. To say that one member did something illegal is defamatory.

Mr. Speaker: Such a statement by itself is not defamatory. The expression "anadhikritham" which means unauthrised has nothing defamatory in it.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുമാത്രമല്ല സർ, കോവാപ്പറേറീവ് സൊസൈററീസ് മുഖാന്തിരം മാത്രമെ നൂൽ വിതരണം നടത്താവൂ

എന്നു പറഞ്ഞതിനുശേഷം കരിഞ്ചന്തയിൽ പണം ഉണ്ടാക്കുന്നതിനുവേണ്ടിമാത്രമാണ് പന്നീട് സംഘം റജിസ്റ്റർ ചെയ്തതു് എന്നുള്ളതിൽ മോട്ടീവ് കൂടെയുണ്ട്. അതു് ഡെഫമേറററി ആണെന്നാണ് എനിക്കു് തോന്നുന്നതു്.

ശ്രീ. വി. ഗംഗാധരൻ നായർ: സാധാരണ എല്ലാ എം. എൽ. ഏ. മാരെ അപേക്ഷിച്ചു് സ്വഭാവശുദ്ധിയുള്ള ആളാണ് ശ്രീമാൻ റൊഡ്രീഗ്സ്. കരിഞ്ചന്തയിൽ സാമാനങ്ങൾ വിററും മററും പണം ഉണ്ടാക്കുന്ന ചില എം. എൽ. ഏ. മാരേക്കാൾ വളരെ സ്വഭാവശുദ്ധി കൂടുതലുള്ള ഒരു ആളാണ് ശ്രീമാൻ റൊഡ്രീഗ്സ് എന്നുള്ളതു് കൊല്ലത്തു താമസിക്കുന്ന എല്ലാവക്കും അറിയാം. അങ്ങനെയിരിക്കെ ശ്രീമാൻ റൊഡ്രീഗ്സിനെപ്പററി ഇങ്ങനെ പറഞ്ഞതു് ശരിയല്ല.

മിസ്റ്റർ സ്പീക്കർ: സാധാരണ കരിഞ്ചന്തയിലും മററും പണം സമ്പാദിക്കുന്നവരായി കുറെ മെമ്പറന്മാർ എങ്കിലും ഈ സഭയിൽ ഉണ്ടു്. അവരെ അപേക്ഷിച്ചു് സ്വഭാവശുദ്ധിയുള്ള ആളാണ് മി. റൊഡ്രീഗ്സ് എന്നു പറയുന്നതു് ഈ സഭയിലെ ചില മെമ്പറന്മാരേയും അതു് നിമിത്തം ഈ സഭയേയും സ്പർശിക്കുന്ന ആക്ഷേപകരമായ ഒരു പ്രസ്താവനമാണ്. അതു് ശരിയല്ല.

ശ്രീ. വി. ഗംഗാധരൻനായർ: സർ, എനിക്കു് അങ്ങനെ അഭിപ്രായമുണ്ടു്, അതു് മാററാനൊക്കുമോ?

മിസ്റ്റർ സ്പീക്കർ: മെമ്പക്കു് അഭിപ്രായമുള്ളതു് ശരിയായിരിക്കാം. അല്ലെങ്കിൽ തെററായിരിക്കാം. അഭിപ്രായം രണ്ടായാലും മാററണമെന്നില്ല. പക്ഷെ, ആ അഭിപ്രായം ചില വ്യവസ്ഥകൾക്കു വിധേയമായിട്ടേ സഭയിൽ പ്രസ്താവിക്കാൻ പാടുള്ളു. അതിനാൽ മെമ്പർ ആ പ്രസ്താവന പിൻവലിക്കണം.

Sri. A. Thanu Pillai: Sir, what Mr. Gangadharan said was that considering the generality of members of this House he is a man of good character. I don't think there is any harm in saying that.

ശ്രീ. എം. ഐ. പോൾ: സർ, ഒരു മാന്യ മെമ്പർ ഇവിടെയുള്ള എം. എൽ. ഏ. മാരെപ്പററി പൊതുവേ അല്ലെങ്കിൽ ചിലരെപ്പററി പറഞ്ഞതു് ഈ സഭയുടെ മുമ്പാകെ വരികയും അതിനെക്കുറിച്ചുള്ള റൂളിംഗ് കൊടുക്കുകയും ചെയ്തിട്ടു് ആ റൂളിംഗ് നടപ്പിൽ വരുന്നതിനുമുമ്പു് മറെറാരു മെമ്പക്കു് ഇൻറർഫീയർ ചെയ്യാമോ?

മി. സ്പീക്കർ: അനുവാദത്തോടുകൂടി മററു മെമ്പക്കു് അതിനെപ്പററി സംസാരിക്കാം.

Sri. A. Thanu Pillai: Sir, to me it appears that the impression produced in me was that he did something illegal. That was also I think the impression produced in the House. Then another member gets up and says that here is a Member whose character was attacked. I know that he referred to the Member as one who comes from Quilon, as he himself belonged to that place and perhaps knew him better. There is nothing irregular in saying that the Member bears good character comparing other Members.

മിസ്റ്റർ സ്പീക്കർ: സാധാരണ മനുഷ്യരിൽ നടപ്പുള്ളതുപോലെ എന്നല്ലാ പറഞ്ഞതു്. ഈ സഭയിലെ ചില മെമ്പറന്മാർ കരിഞ്ചന്ത നടത്തുന്നതുപോലെ എന്നാണ് പറഞ്ഞതു്. അതും വളരെ വ്യക്തമായി പറഞ്ഞു. അതിനാൽ അതു് പിൻവലിക്കേണ്ടതാണ്.

ശ്രീ. വി. ഗംഗാധരൻ നായർ: അങ്ങയുടെ ഉപദേശത്തെ പരിഗണിച്ചു് ഞാൻ പിൻവലിക്കുന്നു.

ശ്രീ. പി. എം. വറുഗീസ്: സ്പീക്കറുടെ റൂളിങ്ങ് എത്ര നേരത്തേക്ക് സ്റ്റേ ചെയ്യാം എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് റൂളിംഗിനു് വിധേയമല്ല.

Sri. R. K. Ram: Before asking the Member to withdraw his statement is it necessary to ascertain whether there are really Members in the Assembly who are black-marketeers?

Mr. Speaker: No it is not necessary. ഉപദേശം പരിഗണിക്കേണ്ട. അതു കൂടാതെതന്നെ പിൻവലിക്കണം.

ശ്രീ. വി. ഗംഗാധരൻ നായർ: ഞാൻ പിൻവലിച്ചിരിക്കുന്നു.

അദ്ധ്യാപകശമ്പളം

* ൧൧൨൨. (൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയ പദ്ധതിയനുസരിച്ചു് എത്ര പ്രൈവററു് സെക്കൻററി സ്കൂളിൽ അദ്ധ്യാപകശമ്പളം കൊടുത്തിട്ടുണ്ടു്?

(ബി) ഏതു് മാസംമുതൽക്കാണു് അങ്ങനെ കൊടുത്തിട്ടുള്ളതു്?

(സി) മററു സ്കൂളുകളിൽ അതുപോലെ ശമ്പളം കൊടുക്കാത്തതെന്തു കൊണ്ടാണു്?

(ഡി) അദ്ധ്യാപകരുടെ പണിമുടക്കുകൂടാതെ എത്ര സ്കൂളുകൾ ഫീസുപിരിവിന്റെ ൯൦ ശതമാനം ഗവമ്മെൻറിനു് തന്നു?

(ഇ) ഗവമ്മെൻറിനു് ഫീസുപിരിവിന്റെ ൯൦ ശതമാനം തന്നിട്ടുള്ള സ്കൂളുകളിൽ എത്ര എണ്ണത്തിൽ അതിലേക്കു് അദ്ധ്യാപക പണിമുടക്കു നടന്നിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൪൦ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുത്തിട്ടുണ്ടു്.

(ബി) ൧—൯—൧൧൩൦. മുതൽക്കോ, അതിനുശേഷമാണു് സ്കൂൾ പദ്ധതിയിൽ ചേർന്നതെങ്കിൽ അന്നുമുതൽക്കോ.

(സി) ശമ്പളം ക്രമീകരിക്കുന്നതിനു് ആവശ്യമായ വിവരങ്ങൾ ചില മാനേജ്മെൻറിൽനിന്നും ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണു്.

(ഡി) അദ്ധ്യാപകപണിമുടക്കും ശമ്പള ക്രമീകരണവുമായി ബന്ധമൊന്നുമില്ല.

(ഇ) വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ൯൦ ശതമാനം ഫീസു് അടത്താക്ക സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ ൯൦ ശതമാനം അടക്കാതിരുന്നതു് അദ്ധ്യാപകന്മാരുടെ കുററംകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ കുററമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫീസു് പിരിവു് ആരാണു് അടക്കേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരാണ് അടക്കേണ്ടതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മാനേജർ അടച്ചില്ലെങ്കിൽ അദ്ധ്യാപകന്മാക്ക് ശമ്പളം കൊടുക്കാതിരിക്കുന്നതു് ന്യായമാണോ?

Mr. Speaker: Order, order. The question is disallowed.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ജൂലൈമാസത്തെ ഫീസ് പിരിക്കാൻ പാടില്ലെന്നു ഓർഡർ കൊടുത്തിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കു് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. എ. താണുപിള്ള: (ഡി) ചോദ്യത്തിനുള്ള ഉത്തരമല്ല പറഞ്ഞതു്. ശമ്പള സമീകരണവും പണിമുടക്കം തമ്മിൽ ബന്ധമില്ലെന്നാണു് ഉത്തരം നൽകിയതു്. ചോദ്യം അതല്ലായിരുന്നു. ചോദ്യത്തിനുള്ള ഉത്തരം കിട്ടിയാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉത്തരംതന്നെയാണു് പറഞ്ഞതു്. പണിമുടക്കുകൊണ്ടാണു് ചില സ്കൂളുകൾ ഗവമ്മെന്റിൽ പണം അടച്ചതെന്നു ഒരു അസംപ്ഷൻ അതിലുണ്ടു്. ആ അസംപ്ഷൻ തെററാണെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: പണിമുടക്കു കൂടാതെയാണോ എല്ലാ സ്കൂളുകളും പണം അടച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. എ. താണുപിള്ള: അദ്ധ്യാപക പണിമുടക്കിന്നിടയാക്കാതെ എത്ര സ്കൂളുകൾ 70 ശതമാനം പണമടച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണമടക്കാത്ത സ്കൂളുകളിലുള്ള അദ്ധ്യാപകന്മാക്കും ഈ രീതിയിലുള്ള ശമ്പളം കൊടുക്കുന്നതിനെപ്പററി ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കേണ്ടിവരും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിച്ചുവരുന്നുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവമ്മെൻറു് നേരിട്ടു് ഈ കാര്യത്തിൽ ഇടപെട്ടു് ശമ്പളം കൊടുക്കാൻ ഉദ്ദേശിക്കുന്നോ അതോ മാനേജരെക്കൊണ്ടു് നിർബ്ബന്ധിച്ചുകൊടുപ്പിക്കാൻ ഉദ്ദേശിക്കുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള പദ്ധതികൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: 70 ശതമാനം അടക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാക്കു് ശമ്പളം കൊടുക്കേണ്ടതുമായി ഗവമ്മെൻറിനു് ബന്ധമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളം കൊടുക്കേണ്ടതു് മാനേജരന്മാരാണു്.

ശ്രീ. എ. താണുപിള്ള: അടുത്ത സ്കൂൾവഷം തുടങ്ങുന്നതിനു് മുമ്പെങ്കിലും ഈ സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ചുള്ള പ്രശ്നം അവസാനമായി പരിഹരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും പരിഹരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

മീൻപിടിത്ത കപ്പൽ

* ച ോദ്യം (ന്) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'ചന്ദ്രിക' എന്ന മീൻപിടിത്ത കപ്പലിന്റെ പ്രവർത്തനത്തിന് എന്തു പുരോഗതി ഉണ്ടായിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഏപ്രിൽമാസത്തിനു ശേഷം കപ്പൽ പ്രവർത്തനം നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ആ കപ്പലിനുവേണ്ടി ഗവൺമെണ്ടിൽ നിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇപ്പോൾ അതെന്താണ് ഉപയോഗിക്കാത്തതു?

ശ്രീ. ടി. കെ. നാരായണപിള്ള: റിപ്പയർ ആയിട്ടില്ല എന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളതു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ വാങ്ങിയിട്ട് എത്ര മാസങ്ങൾ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കുറച്ചുകാലം നടത്തിയിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ പ്രവർത്തനം നടത്തിയ കാലമാണൊ കൂടുതൽ അതോ നടത്താത്ത കാലമാണോ കൂടുതൽ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: അതിനെ സിവർത്തിയാക്കാൻ എന്തു ചെയ്യുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു തവണ റിപ്പയർചെയ്തു പരീക്ഷിച്ചു നോക്കിയതിൽ പിന്നെയും ചില റിപ്പയർകൂടി ചെയ്യണമെന്നാണ് അറിയിച്ചിരിക്കുന്നതു. അങ്ങിനെ റിപ്പയർ നടത്തിക്കൊണ്ടിരിക്കണമോ എന്നുള്ളതിനെപററി ആലോചിക്കുന്നു.

Sri. P. Balakrishnan Tampi: Is 'Chandrika' coming back to the place from where it started?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. വേലായുധൻ നായർ മലയാളത്തിൽ ചോദിച്ച ചോദ്യംതന്നെയാണ് ഇതു.

ശ്രീ. എ. താണുപിള്ള: റിപ്പയർ നടത്തിയതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ബ്രൗണ്‍ ആൻഡ് കമ്പനിയാണെന്നാണു തോന്നുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു നന്നാക്കുന്നതിനു് എത്ര രൂപാ ചിലവായി.

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ രൂപാ ചിലവായി. കണക്കു കൈവശമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: റിപ്പയർ ചെയ്തിട്ടു അതു ശരിയായിട്ടില്ലെങ്കിൽ അവരിൽനിന്നു നഷ്ടമീടാക്കിക്കൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു നിയമ പ്രശ്നമാണു്.

Sri. Elias Mary Antony: Is the ship in porting condition?
(No answer)

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കപ്പൽ കരയിലിട്ടിരിക്കുകയാണോ വെള്ളത്തിലിട്ടിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണ പിള്ള: സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നന്നാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. വെള്ളത്തിലിട്ടിരിക്കുന്നുവെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. എം. മാത്യു: ആ കപ്പൽ വിൽക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കേണ്ട സമയമായിട്ടില്ലെന്നു തോന്നുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ആ കപ്പലിനു് എന്തു വിലയായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്റെ ഓർമ്മയിൽനിന്നു പറയുകയാണെങ്കിൽ മൂന്നോ നാലോ ലക്ഷമാണെന്നാണു് തോന്നുന്നതു്.

Sri. P. Balakrishnan Tampi: Sir, when a question is addressed to the Treasury Benches, he must either tell us the exact answer or must claim notice. We do not expect Ministers to reply from their memory and personal knowledge.

മിസ്റ്റർ സ്പീക്കർ: ചന്ദ്രിക എന്ന മീൻപിടിത്തക്കപ്പലിനെപ്പററിയുള്ള ചോദ്യം (എ) അതിന്റെ പ്രവർത്തനത്തിനു് എന്തു പുരോഗതി ഉണ്ടായിട്ടുണ്ടെന്നും (ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി എന്നുമാണു്. അതു എവിടെയെല്ലാം പ്രവർത്തനം നടത്തിയെന്നുള്ളതും, പ്രവർത്തനം നടത്താത്തതരത്തിലാണോ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്നുള്ളതും മിക്കവാറും ആ ചോദ്യത്തിൽ നിന്നും ന്യായമായി ഉൽഭവിക്കാവുന്ന ചോദ്യങ്ങളാണു്. അതുകൊണ്ടു് ഗവമെന്റ മെമ്പറന്മാർ പ്രധാനമായ ചോദ്യത്തിൽനിന്നും ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾക്കുകൂടി ഉത്തരം നൽകത്തക്കവിധത്തിൽ വിവരങ്ങളെല്ലാം ശേഖരിച്ചിരിക്കേണ്ടതാണു്. അതുപോലെ തന്നെ വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ ഉപചോദ്യങ്ങൾ ചോദിക്കുന്നതു് പ്രയോജനപ്രദമല്ല. ആ കപ്പലിനു് എന്തു വിലകൊടുത്തു എന്നുള്ള ചോദ്യം അതിൽനിന്നും ഉൽഭവിക്കുന്നതല്ല. വിലകൊടുത്ത കണക്കു് സാധാരണഗതിയിൽ നോട്ടീസു് കൂടാതെ പറയാൻ സാദ്ധ്യമല്ല. അ

ങ്ങനെയുള്ള സന്ദർഭങ്ങൾ വരുമ്പോൾ ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ നോട്ടീസ് ക്ലെയിം ചെയ്തു ഉത്തരം പറയാതിരിക്കാം. ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾകൂടി നിവൃത്തിയുള്ളിടത്തോളമുള്ള വിവരങ്ങൾ ശേഖരിച്ച് ഉത്തരം പറയാൻ ഗവമെൻറ് മെമ്പറന്മാർ തയാറായിരിക്കുമെന്നു വിശ്വസിക്കുന്നു.

DEVICOLAM LAND ASSIGNMENT

*1184. [10] **Sri. M. I. Paul:** Will the Hon'ble Minister for Food be pleased to state.—

(*a*) what is the income so far received by the Government from the land assignment in Devicolam for paddy cultivation; and

(*b*) if any income has been received, has that amount been included in the present budget?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**

(*a*) Rs. 6,346—1—4.

(*b*) The lands were leased and the rent was received in 1950—1951. The budget of 1951—1952 cannot give the actual revenue receipts of 1950—51.

ശ്രീ. എം. ഐ. പോൾ: ഗവമെൻറിലേക്ക് കിട്ടിയിട്ടുള്ള ആദായം സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതിൽനിന്നു് ലാൻറ് വാല്യു ആയുള്ളതോ പതിച്ചുകൊടുത്തപ്പോഴുണ്ടായിരുന്ന മുപ്പതിഞ്ചിനു കീഴോട്ടുള്ള വെട്ടി മാററിയ തടിയുടെ വിലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം ആർക്കും പതിച്ചുകൊടുത്തിട്ടി കുത്തകപ്പാട്ടത്തിനാണ് കൊടുത്തിട്ടുള്ളതു്.

ശ്രീ. എം. ഐ. പോൾ. തടിവിലയിൽ ഗവമെൻറിലേക്ക് വല്ല ആദായവും വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഈ ചോദ്യത്തിൽനിന്നു് ഉൽഭവിക്കുമെന്നു വിചാരിച്ചില്ല. അതുകൊണ്ടു് ഇപ്പോൾ അതിനു് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: ഞാൻ ചോദ്യം അയച്ചപ്പോൾ തടിയുടെ വിലക്കാര്യംകൂടി ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ടു് പ്രത്യേകമായി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുന്നതു്, തടിയുടെ വിലവകയായി ഗവമെൻറിലേക്ക് വരവുണ്ടോ, ഉണ്ടെങ്കിൽ എത്രയാണു്; എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: കഴിഞ്ഞ ഒക്ടോബർ സെഷനിൽ തടിവിലയിൽ എത്ര സംഖ്യ വന്നിട്ടുണ്ടെന്നു ചോദിച്ചപ്പോൾ അതിൻെറ വിവരം ശേഖരിച്ചു പൂർത്തിയായിട്ടില്ലെന്നും അടുത്ത അസംബ്ലിയിൽ പറയാമെന്നും പ്രസ്താവിക്കുകയുണ്ടായി.

മിസ്റ്റർ സ്പീക്കർ. ഇപ്പോൾ അതേസംബന്ധിച്ച മറുപടി പറയത്തക്ക വിവരം കൈവശമില്ല. അതുകൊണ്ടു് അതേപ്പററി വാദപ്രതിവാദം നടത്താൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ വനംപതിവിനെ സംബന്ധിച്ചും മററം ചോദ്യങ്ങൾ വരുമ്പോൾ—

ഉദാഹരണമായി മാർച്ചുമാസം ൨൬-ാം തീയതി ഒരു ചോദ്യം ചോദിച്ചതിനു മറുപടി പറഞ്ഞതു് ഉത്തരം തയാറായിട്ടില്ല എന്നാണു്....

മിസ്റ്റർ സ്പീക്കർ: പായിൻറ് ഓഫ് ഓർഡറിൻെറ സംഗതി മാത്രം പറഞ്ഞാൽ മതി. അതേപ്പററി ഒരു പ്രസ്താവന ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഈ വനംപതിവിനെ സംബന്ധിച്ചു് ചോദ്യങ്ങൾ ചോദിക്കുമ്പോഴും അതു സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടാകുമ്പോഴും ഇതിലേക്കു് ഒരു കമ്മററിവച്ചു് അന്വേഷണം നടത്താൻ ഗവമ്മെൻറ് തയ്യാറില്ലെന്നു പറയുന്നു. കൂടാതെ ഇതു സംബന്ധിച്ചു് ഒരു അന്വേഷണം നടത്തി തെററുണ്ടെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം ഗവമ്മെൻറ് നടപടിയെടുക്കാൻ തയാറുണ്ടോ എന്നു് ഗവമ്മെൻറിനെ വെല്ലുവിളിച്ചുകൊണ്ടു് 'നീതിമാൻ' എന്ന പത്രത്തിൽ പ്രസ്താവനയുണ്ടാകുകയും, ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. പാച്ചുപിള്ളയും കൂടി ഈ കാര്യത്തെ സംബന്ധിച്ചു് അന്വേഷണം നടത്തി പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടും ഗവമ്മെണ്ടു് യാതൊരു സമാധാനവും കൊടുക്കാതിരിക്കുന്ന സ്ഥിതിക്കു് ഞാൻ ചോദിക്കുന്നു, മി. കേശവൻെറ ഭരണവും ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിൻെറ പ്രവർത്തനവും തമ്മിൽ താരതമ്യപ്പെടുത്തുന്നതിൽ തെററുണ്ടോ എന്നു്.

മിസ്റ്റർ സ്പീക്കർ: മി. കേശവൻെറ ഭരണം ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിൻെറ പ്രവർത്തനവും ആയി സാമ്യപ്പെടുത്തുന്നതിൽ തെററുണ്ടോ എന്നല്ലേ ചോദ്യം.

ശ്രീ. എം. ഐ. പോൾ: മി. കേശവൻ ന്യായമായി ഭരണം നടത്താത്തതുകൊണ്ടു് ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിൻെറ പ്രവർത്തനത്തോടു സാമ്യപ്പെടുത്തുന്നതിൽ വല്ല തെററും ഉണ്ടോ എന്നാണെൻെറ ചോദ്യം.

ശ്രീ. സി. വി. ഇയ്യു: ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിൻെറ കഥ ഒരു ചീത്ത കഥയല്ല. ഒരു കള്ളനായിട്ടല്ല ഒരു ഹീറോ ആയിട്ടാണു് അതിൽ ആലിബാബായുടെ കഥ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് മി. കേശവൻെറ ഭരണം ആലിബാബായുടെ പ്രവർത്തനവുമായിട്ടു സാമ്യപ്പെടുത്തുന്നതു് ചീത്തയായിട്ടല്ല. അതിൽ യാതൊരാരോപണവുമില്ല. ഒരു ഹീറോ ആയിട്ടാണു് പറഞ്ഞിട്ടുള്ളതു്. കായംകുളം കൊച്ചുണ്ണി മുതലായവരും കള്ളന്മാരല്ല. അവരേയും ഹീറോ ആയിട്ടാണു് കരുതേണ്ടതു്. അതുകൊണ്ടു് ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിനോടുപമിക്കുന്നതു് ഒരു ചീത്തയല്ല.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇവിടെ ഉന്നയിച്ച പായിൻറ് ഓഫ് ഓർഡർ എന്താണു്?

മിസ്റ്റർ സ്പീക്കർ: ആലിബാബാ ആൻറ് ഫോർട്ടി റോബേഴ്സിൻെറ പ്രവർത്തനങ്ങളുടെ നന്മതിന്മകളെപ്പററി പര്യാലോചിക്കേണ്ട സന്ദർഭമോ ആവശ്യമോ ഉത്ഭവിക്കുന്നില്ല. കൂടാതെയും രണ്ടു സംഗതികൾ തമ്മിൽ താരതമ്യപ്പെടുത്തുന്നതിലൊ അവകൾ തമ്മിൽ സാമ്യം കണ്ടുപിടിക്കുന്നതിലൊ തെററുണ്ടോ എന്നു ഒരു വിദഗ്ദ്ധാഭിപ്രായം സഭയിൽ ചോദിക്കുന്നതിനൊ സഭയിൽനിന്നും ലഭിക്കുന്നതിനൊ മെമ്പർക്കവകാശമില്ല.

എന്നാൽ മെമ്പർ ഒരു പായിൻറ് ഓഫ് ആർഡർ റെയിസ് ചെയ്യുന്നുവെന്നുള്ള ഭാവത്തിൽ ഈ സഭയുടെ മട്ടുവളരെ സമയം വ്യയം ചെയ്കയും അസംഗതവും സന്ദർഭോചിതമല്ലാത്തതുമായ പ്രസ്ഥാവനകൾ, അങ്ങിനെയുള്ള പ്രസ്ഥാവനകൾക്കു് ഉദ്യമിക്കുന്നതു ശരിയല്ലെന്നു മെമ്പറെ ഉൽബോധിപ്പിച്ചിട്ടും,

മെമ്പർ സഭയിൽ പുറപ്പെടുവിക്കുകയും ചെയ്തു. ഈ സഭയുടെ അന്തസ്സിനു യോജിച്ച ഒരു പ്രവൃത്തിയാണെന്നു തോന്നുന്നില്ല. ഇതു സഭയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരത്തക്കവിധത്തിൽ ഗൌരവം അർഹിക്കുന്ന ഒരു സംഗതിയായി കരുതുന്നു. സഭയുടെ അഭിപ്രായം അടിസ്ഥാനമാക്കി വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: സർ, ഇതു സംബന്ധിച്ചു എനിക്കു ഒരു കാര്യം പറയാനുള്ളതു..........

Mr. Speaker : That matter is over. The ruling has been given The matter need not be reopened.

Sri. P. Balakrishnan Tampi : Nothing was meant by the hon'ble Member to discredit this House; and so I think that the matter may be condoned and that the Chair may be pleased to overlook the matter.

Mr. Speaker : Yes, if that is the sense of the House it may be so done.

SALT MANUFATURING

***1185 [11] Sri. M. I. Paul:** Will the Hon'ble Minister for Industries be pleased to state.—

(*a*) is salt manufacturing a success at Malipuram; and

(*b*) whether the Government intend to develop salt manufacturing in the State; if so how?

Chief Minis'er **(Sri. C. Kesavan) :**

(*a*) Since the production is now regulated by the Central Salt Factory, this Government have no information.

(*b*) Yes; by making available more lands for the salt industry.

ശ്രീ. എം. ഐ. പോൾ: സർ, ഈ സ്ഥലം ഒരു വ്യക്തിക്കു സാൾട്ടു മാനുഫാക്ചറിംഗിനു കൊടുത്തപ്പോൾ ഗവമെന്റ് വ്യവസ്ഥ അനുസരിച്ചു ഇത്ര കൊല്ലത്തിനുള്ളിൽ ഇത്ര ഉപ്പുണ്ടാക്കണമെന്നും അല്ലെങ്കിൽ സ്ഥലം ഗവമെന്റ് തിരിയെ എടുക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു എന്നുള്ള സംഗതി ഗവമെന്റിനറിയാമോ?

Sri. C. Kesavan : There is a contract between the Government and the lease-holder and the terms are being observed.

ശ്രീ. എം. ഐ. പോൾ: ഇപ്പോൾ കൊടുത്തിട്ടുള്ള വ്യവസ്ഥയനുസരിച്ചു വേണ്ടത്ര ഉപ്പുണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇത്ര ഉപ്പുണ്ടാക്കണമെന്നുള്ള വ്യവസ്ഥയിലല്ല കൊടുത്തിട്ടുള്ളതു; വ്യവസ്ഥയനുസരിച്ചു പ്രവർത്തിച്ചില്ലെങ്കിൽ തിരിച്ചെടുക്കണമെന്നു വ്യവസ്ഥയുണ്ട്.

മൂത്രപ്പുരയും വിശ്രമസ്ഥലവും

†* ൧൧൮൬. (൧൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പല ബസ്സുകളും കാറുകളും വരുന്നതും പുറപ്പെടുന്നതുമായ എടക്കൊച്ചിയിൽ ഒരു മൂത്രപ്പുരയും ഒരു വിശ്രമസ്ഥലവും ഏർപ്പെടുത്തണമെന്നു നിവേദനങ്ങൾവഴിയും നിയമസഭാചോദ്യങ്ങൾവഴിയും ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

†The question was put by Sri. Sebastian Thoppil, with the permission of the Chair.

(ബി) മൗലികമായ ഈ ആവശ്യം സാധിക്കുവാൻ വല്ല നടപടിയും എടുക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ആരോഗ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: എന്തു നടപടിയാണിപ്പോൾ എടുത്തിരിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: താല്ക്കാലികമായി ഒരു ഷെഡ്ഡ് പണിയുന്നതിനു ൨൦ സെൻറ സ്ഥലം പൊന്നുംവില കൊടുത്തു എടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടെ പെർമെനൻറായി ഒരു ഷെഡ്ഡ് പണിയുന്നതാണ്.

സഹകരണസംഘങ്ങൾ

*൧൧൮൭. (൧൩)† ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ,—

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര സഹകരണസംഘങ്ങൾ സമാപ്തീകരിക്കപ്പെട്ടിട്ടുണ്ട്;

(ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പല സംഘങ്ങളും തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നുള്ള സംഗതി ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൭൯.

(ബി) വളരെ കാലമായി യാതൊരു പ്രവർത്തനങ്ങളും ഇല്ലാത്തതുകൊണ്ട്.

(സി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ പ്രവർത്തനം നടത്തുന്നില്ലെന്നുള്ള സംഗതി ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിരുന്നോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ടുമെണ്ടിൻെറ ദൃഷ്ടിയിൽപെട്ടിരുന്നു. ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടതിപ്പോഴാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ സാമ്പത്തിക വർഷത്തിൽ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു വേണം.

ARATHINKAL-MARARIKULAM ROAD

*1188. [14] **Sri. Eapen Arakkal:** Will the Hon'ble Minister for Works and communication be pleased to state.—

(*a*) whether it has been brought to the notice of Government that the Arathinkal-Mararikulam road completed in 1122 M. E. is still unfit for through vehicle traffic on account of the absence of three bridges at Arathinkal, Chennavelli, and Chethy;

(*b*) whether repeated representations have been made for the immediate construction of these bridges;

† The question was put by Sri. Sebastian Thoppil, with the permission of the Chair.

(*c*) whether the construction of culverts and bridges along finished roads has been included in the relief works also in Shertallai taluk; and

(*d*) why is it that nothing was done in the matter?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

(*c*) No.

(*d*) That is a matter to be looked into.

Sri. Eapen Arakkal: May I know whether Government be pleased to include a token amount in the next year's budget for the construction of the culverts etc?

Sri C. Kesavan: It will be included if it is found to be necessary.

GRANTS TO SCHOOLS

***1189.** [15] **Sri. Eapen Arakkal:** Will the Hon'ble Minister for Education be pleased to state:—

(*a*) whether any representations have been received by the Government from the Anglo-Indians in Tangasseri, Quilon and from the management of the two Anglo-Indian Educational institutions praying for the immediate giving of grants to these two schools; and

(*b*) is it a fact that not even a pie has been given by this Government as grant to these two schools after the enclave was absorbed in this State?

Minister for Education Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) No; orders have already been issued for the disbursement of the amount due to these institutions as grant from 25th January 1950 to 31st March 1951.

Sri. Eapen Arakkal: What is the amount that has been ordered to be disbursed?

Sri. T. K. Narayana Pillai: I am not in a position to give the exact amount.

Sri. Eapen Arakkal: Do the Government know that only 12,000 rupees have been ordered to be disbursed?

Sri. T. K. Narayana Pillai: The amount has been sanctioned on the basis of the amount sanctioned previously by the Madras Government.

Sri. Eapen Arakkal: Whether the Government are aware that the Madras Government were giving 25 to 30 thousands by way of grants to buildings, teaching, maintenance, etc.

Sri. T. K. Narayana Pillai: I am not in a position to say. But these amount now sanctioned relates only to the grant to the institutions by way of salary.

Sri. Enpen Arakkal: May I know whether the Government are aware that the institutions were receiving grants under three heads from the Madras Government?

Sri. T. K. Narayana Pillai: Yes.

Sri. Eapen Arakkal: May I know whether this Government will be giving those grants that were being given by the Madras Government?

Sri. T. K. Narayana Pillai: That is under consideration.

The Travancore-Cochin Appropriation No. 2 Bill 1951

Mr. Speaker: Order, order. We now proceed to Legislative Business—Introduction and further stages of the Travancore-Cochin Appropriation Bill (No. 2) 1951.

Miuister for Law, Finance and Revenue **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Appropriation Bill (No. 2) 1951.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

Mr. Speaker: The Bill is introduced.

Sri. A. J. John: I beg to move that the Travancore-Cochin Appropriation Bill (No. 2) 1951 be taken up for consideration at once.

ഭരണഘടനയിലെ ൨൦൩-ാം വകുപ്പനുസരിച്ചുള്ള ധനാഭ്യർത്ഥനകളെല്ലാം പാസ്സാക്കികഴിഞ്ഞതിനുശേഷം ൨൦൪-ാം വകുപ്പനുസരിച്ച് ഒരു അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിച്ചു പാസാക്കണമെന്നുണ്ട്. അതിന്റെ ആവശ്യം ൨൬൬ (൧)-ാം വകുപ്പിൽ വിവരിച്ചിട്ടുണ്ട്. കൺസാളിഡേറ്റഡ് ഫണ്ടിൽ നിന്നും ഏതെങ്കിലും തുക എടുക്കണമെങ്കിൽ അപ്രോപ്രിയേഷൻ ബിൽ പാസാക്കണമെന്നുണ്ട്. അതനുസരിച്ചാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കൺസാളിഡേറ്റഡ് ഫണ്ട് എന്താണെന്നും ആ വകുപ്പിൽതന്നെ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ എട്ടു ദിവസങ്ങളായി ഈ അസംബ്ലി വോട്ടുചെയ്തിട്ടുള്ള ൨൨,൬൪,൬൩,൬൦൦ രൂപയും കൺസാളിഡേറ്റഡ് ഫണ്ടിൽ ചാർജ്ജ് ചെയ്തിട്ടുള്ള ൨,൩൪,൭൯,൯൦൦ രൂപയും ചേർത്തു ൨൪,൫൫,൪൫,൧൦൦ രൂപയാണ് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ബില്ല സഭ ഉടൻതന്നെ പര്യാലോചനക്കെടുത്തു പാസാക്കിത്തരണമെന്നു അപേക്ഷിക്കുന്നു

<u>ശ്രീ. എ. താണുപിള്ള</u>: പോസ്റ്റവാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽനിന്നും ചിലവാക്കാനുദ്ദേശിക്കുന്ന തുക ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ</u>: അതിനെസംബന്ധിച്ച് ഞാൻ ഇന്നലെ പറഞ്ഞ കാര്യങ്ങൾ എന്റെ സ്നേഹിതൻ ശ്രീ. താണുപിള്ളക്ക് ശരിയായി മനസിലായിട്ടുണ്ടെന്നു തോന്നുന്നില്ല. പോസ്റ്റവാർ റീകൺസ്ട്രക്ഷൻ ഫണ്ട് എന്നു പറയുന്നതു നേരത്തെതന്നെ ഈ സഭ അനുവദിച്ചിട്ടുള്ള സംഖ്യയാണ്. അങ്ങിനെ ഇതിനുമുമ്പ് അനുവദിച്ചിട്ടുള്ള സംഖ്യയിൽ ചിലവായതു കഴിച്ചു ബാക്കി മിച്ചം ഇരിപ്പുള്ള സംഖ്യയാണ് പോസ്റ്റവാർ റീകൺസ്ട്രക്ഷൻ ഫണ്ട് എന്നയിനത്തിൽ ചേർത്തിട്ടുള്ളതു. അതിൽനിന്നും ചിലവായ തുകകൾ കുറച്ചിട്ടു ബാക്കിയുള്ളതു മാത്രമാണ് ചേർത്തിരിക്കുന്നതു. ആ വിവരം ബഡ്ജററിൽ പ്രത്യേകം പറഞ്ഞിട്ടുമുണ്ട്. കമ്മേർഷ്യൽ ട്രാൻസാക്ഷനുകളുടെ വർക്കിംഗ് എക്സ്പെൻസസ് ഇനത്തിൽ ചിലവായിട്ടുള്ളതു നീക്കി മിച്ചമുള്ള തുകയാണ് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ചേർത്തിട്ടുള്ളതു.

<u>ശ്രീ. ടി. കെ. നാരായണപിള്ള</u>: ഞാൻ ഇതിനെ പിന്താങ്ങുന്നു.

Sri. A. Thanu Pillai: Sir, it is difficult to support this Bill. In the first place, the various demands under which the amounts have been included in this Bill have not all been subjected to adequate discussion by this House. Out of forty-one demands, this House has been able to consider only fourteen. Very large amounts, no doubt, were granted yesterday evenening by the majority. of this House because the party in power has a majority.

Sri. P. Balakrishnan Thampi: It is obvious, Sir.

Sri. A. Thanu Pillai: I thank the hon'ble Member for the rare kind of information that he has been good enough to give me. Whatever that may be, my point is, sufficient number of days ought to have been allotted for the consideration of the budget and for the consideration of the demands. Of course, the Finance Minister my indulge in his own smile, but here we are concerned with the expenditure of public money. Sir, they wanted to introduce the budget towards the close of February and have the budget discussed here. But we all know how the meeting had to be put off. Any set of Ministers should be weeping instead of laughing when they remember that fact. After having announced the day for the introduction of the budget, they came forward and said "our Ministers are out of office for reasons that cannot be discussed here" For no reason that can stand scrutiny; for no reason that can be disclosed to the public of this land whom they say they are serving". Then the meeting had to be adjourned a fortnight. Still we are in the dark as to how the situation came about, how this was necessitated. Those Ministers, neither those who have gone out of office nor those who came in again, have yet a word to say about the reason or the circumstances or the grounds on which they asked for the adjournment of the period. When I raised that point, you told the House that one cannot compel them to make any announcement. Sir, Ministers may change; some one may go out and others come in. But the period of presentation of the budget is important. I refer to this as particularly important because we cannot get a proper time to discuss the budget. A fortnight was taken away by them. At a time when the budget could not for some reason or other be introduced sufficiently early they could have asked for the necessary money to have the administration run for a month or two, and then adequate time given to discuss the budget. Majority cannot be taken advantage of for all manner of purposes. That is one of the main reasons why I oppose this. I make mention of this that in the times to come atleast those Governments then in office will see that ample time is given to the Legislature to discuss the budget fully.

Sir, then again, this Government is not at all careful in expending public moneys. Now, lakhs and lakhs of rupees, as I mentioned, have been set apart in the budget for equalisation of pay and for integration of services and so on. Sir, what were they doing all this time ? This Government is clearly unfit to deal with a simple question like the integration of services between Travancore and Cochin. How many months have elapsed since integration of the two States has taken place ? What is the length of time that has elapsed since integration took place, and where do we find ourselves today? Though they have got their own officers, and though people have been brought from outside for the purpose, nothing has happened; and they now say that they are bringing outsiders again to deal with this question. Is there any more deplorable or any more scandalous admission of failure to deal with an ordinary matter like integration of services? Is any superhuman intelligence or ability needed for this purpose? Where is the justification for this delay? This is a simple matter. Sir the fact is that the Ministers shut their eyes to the fact that they are serving the public of this land. They are not able to put public interests before private interests, public considerations before private considerations. That is exactly what we find. That is the main cause of their failure. They are not able to effect the integration; they are going to bring somebody from outside. Sir, there is positive danger if somebody is going to be brought for this purpose from the Government of India or from any other source. The local Government will not be able to stand up and say to him "you are wrong here; you are wrong there." He takes a decision and throws it up before the Ministers and they

[Sri. A. Thanu Pillai]

have to accept it. We are aware now how some people are brought from the Government of India and how they lord over the Ministers. Here this question ought to be dealt with by the Ministers in a fair and just way. They could have brought the matter for discussion here and we could have evolved a set of principles on which they could have integrated the services. The services are all important. Without a contented service, we are not going to have anything done properly. They have yet to realise that. They have provided large sums of money. But nothing has happened and the services are thoroughly discontented and the country will be soon in confusion.

Now, one word about the police, in this connection. What is the position of the police today Sir. I went to Perur and saw things myself which would make any man shed tears. Sir, this is a grave matter. My own feeling is—and I make that statement with my heart full of grief—when I consider the future of the country if the police gets out of control, how are we going to rule? These are instances that go to make the police disloyal. That is my fear. Suppose in a number of instances,—the police is punished. What is the result? I think the police will become disloyal and if you allow the police to act in the way they have done at Perur, they will become disloyal. That is the danger we are being driven to today. I do not think that the Government are realising that. The Government are the body to keep the police under control. But they are fast getting out of control. Any Government should keep the police properly and under control. I would even suggest that some officers of character should be vigilantly watching the movements of the police, particularly the reserve police. The have very little work to do. They are fed and maintained and they ought to be vigilantly watched, advised and controlled. The character of the police is of the essence of the Government, particularly in the conditions of things in which we are living. That is not a small matter. Any way, the Perur officers should be very severely punished. I now find that some of the senior officers have also been placed under suspension. The police force is under nobody's control. Whoever is responsible for the administration of the police department is absolutely inefficient. It may be the officers of the department; it may be Ministers; anyway, it is a very dreadful sign that we see before us.

Then, Sir, in regard to the expenditure of public funds, some questions were put both yesterday and the day before yesterday about certain industrial concerns in which the Government are going to take shares. Yesterday the question was raised as to who were the directors, who constitute the managing agency etc. What is it that the Government are going to do? There is a lot of scandal that Government want to help some favoured persons, some relations of Ministers, and so on. The Minister in charge was not able to answer any question. He merely said that "I have not got the information with me." Is he going to take shares in companies, the directorate of which is not within his knowledge, the managing agency of which is not within his knowledge? Is there then any wonder that people say that the whole administration is corrupt? The Ministers are corrupt; some members say that the whole administrative party is corrupt. There may be difficulty in proving things, Sir, but every one of us should try to be above board or suspicion. But can these Ministers say that they are adhering to that principle? Why not give the information that is wanted, legitimately wanted, by the Members of this House? Sir, they have taken credit for very large amounts for disposal in the way the Ministers like; under every budget head we find them. How are they going to spend money? They should be very very careful in doing so, and satisfy this House.

While on the question of corruption, I hope I shall not be construed to stray from the right path when I say that there have baen many allegations of corruption

against the Ministers. A member of the Congress Party itself has made that open allegation. What have the Government done? Of course in some newspapers, I found that the Government of India gave a direction {that the Minister may take steps to prosecute the person concerned. I am not asserting things one way or the other, but then, Sir, the character of the Ministers should be above board. The character of the Ministers should be above suspicion. Has the Government taken the right step in regard to that matter? Should they not have instituted an enquiry and given the Minister an opportunity to clear his character? Have they done it and should they not have brought to book the Minister if he has really erred? Or, should they not have brought to book the Member who made that allegation—that very very serious allegation—if she has erred? Can we allow things to drift in this way? It was an allegation not against a private individual. It was not even an allegation against an officer of Government, in which case probably the Government would have dispensed with his services or prosecuted the person who made those allegations, as the case may be. But it was an allegation against the Government, and I am sure they have not taken the right step in that direction. Sir, there have been charges of corruption in every field of administrative work in food, supplies, controls, clothing, iron materials—in all spheres of Governmental activity, we heard a good deal about corruption. The greatest disservice the present Government have done to this State is that they have deprived the people of their confidence in democracy. Of course this Goverument will have to answer to these charges, and history will record that in Travancore-Cochin, people's faith in democracy was not only shaken but was almost destroyed by the present administration. I am not exaggerating. Anybody who reads the papers, anybody who moves about among the people, anybody who gets any knowledge of how things are being done in Travancore-Cochin today will certainly endorse this statement of mine.

Then, Sir, this Government are leaving many important matters in confusion for long periods. We heard a good deal about school masters. Even now the Government have been considering for well over a year and what has their consideration led to? It has practically led to nothing except chaos. There must be some definiteness about the Government. They must try to see that people have some faith in them, some respect for the Government. All that is being undermined. People do not care for the Government. Government do not deserve the confidence or respect of the people. They want to make a show of things—their housing problem, their industrialisation problem; their expansion of food supply problem. But, Sir, everywhere we find nothing but chaos and confusion. All this must change, and we must realise that we are in the beginning of things so far as our democracy is concerned. Sir, Government must realise that we have enacted a Constitution for a democratic Republican Government in India. that has laid down very many sound provisions and principles relating to fundamental rights, and very many other provisions as directives for the well-being of the State. Now, Sir, have they cared to read the Constitution, I ask. We have got here a Public Service Commission. We were told a few days ago that the Public Service Commission has now nominated or selected a dozen magistrates. Sir, I put a question; how many magistrates do you want now? They want only one. So, when are you going to give jobs to those eleven magistrates? They said: "in the course of the next two years". What does that show, Sir? That shows clearly—that Government are guided not by considerations of public interest but by personal considerations. Why should they select now a dozen men to become magistrates? Is this Public Service Commission to go out of existence tomorrow after having

[Sri. A. Thanu Pillai]

done this job? They will continue. And will there not be better men, more suitable men coming forward in tne course of the next two or three years to become magistrates? Evidently some persons wanted to be favoured—men of influence. And this is the way they deal with these matters.

What about this Public Service Commission itself? That is one of the most important bodies that the Constitution contemplates. The Public Service Commission is to discharge their work not in a way they have been doing it till now but in accordance with the principles laid down in the Constitution. We have asked again and again: Are you adhering to the old rules of recruitment or have you framed a new set of rules consonant with the provisions of the Constitution? They have not done the latter. They are still following the old rules, and what is this Public Service Commission doing? They have not framed the rules? How long do they want to frame the rules? Their tardiness, their inefficiency, their incapacity, is comparable only to the incapacity displayed by the Government in the matter of service integration. With such bodies as this Public Service Commission, and so on, how is the State to proceed? When is the State to progress? How are you going produce that India which was in view when the Constitution was evolved? Sir, there is absolutely nothing to justify the continuance of this Ministry. Look at the mess they have made of public life, in the Legislature, in the Ministry, in the Government, among the services, and among the non-official public men. It is all round demoralization and wholesale deterioration. That is all that is to the credit of this Government today. I oppose this Appropriation Bill.

Sri. D. Gnanasigamoni: The Hon'ble Minister in charge of the Bill began his speech by saying that eight days have been alloted for the voting on demands for grants, and, therefore, he seems to feel satisfied that he has followed the proper procedure and that this procedure is in consonance with the Constitution. To me, it appears that according to article 203 (2) of the Constitution, every demand will have to be submitted to the vote of the Legislature in the same manner followed for the voting of demands for grants, and not in any other manner. And if that is not possible, the procedure that has to be followed is the procedure contemplated under article 206 (1) (a) which says: "Notwithstanding anything in the foregoing provisions of this Chapter, the Legislative Assembly of a State shall have power:—

> (a) to make any grant in advance in respect of the estimated expenditure for a part of any financial year pending the completion of the procedure prescribed in Article 203 for the voting of such grant and the passing of the law in accordance with the provisions of Articlc 204 in relation to that expenditure".

I am bringing this to the attention of the Hon'ble Minister to show that the procedure that is now followed will practically render nugatory the provisions of article 206 (1) (a). The wording used in article 206(1) (a) is 'pending the completion of the procedure prescribed in Article 203'. That can only mean submiting every demand for the vote of the Legislature. The two Articles will have to be read together, and then it will be found that the procedure we follow is not in keeping with the spirit of the Constitution for there is no poovision for a guillotine as we do here. I want only to place two matters as regards the procedure prevailing in the House of Commons. There, if there is no time for the vote on all the demands as contemplated by law, a vote on accounts is resorted to. We find this at page 640 of May's Parliamentary Practice. In the year 1833, it was not possible to bring all the demands to vote as required by the rules. Then they adopted this

procedure of vote on accounts. The relevant sentence is: "When in 1833, the date of the commencement of the financial year was changed from 1st January to 1st April, it was in the hope that the House of Commons would be able to vote all supply before that date and so avoid votes on account. This procedure provided ill-found and votes on account are now a recognized part of the business of the financial year". In support of that, we have got a good number of instances where when the House of Commons was unable to complete the financial demands in accordance with law, votes on accounts have been resorted to. That often occurs before the dissolution of Parliament. Page 676 of May's Parliamentary Practice says: "Grants on accounts may also be rendered necessary by the dissolution of Parliament. If the dissolution occurs in the early portion of a session, before supply is completed, it may be necessary to take a votes on accounts sufficient to carry on all the services, Navy, Army and Air as well as Civil, until the new Parliament is able to consider the grant of supply." A good lot of instances have been given therein where four months' grant, six months' grant, and even a two months' grant have been made in order to enable the new Parliament to complete the financial business in the normal way.

Now, the Hon'ble Minister concerned simply seems to be satisfied with the allotment of eight days for the financial business, but that is not the procedure according to the procedure prescribed in Article 203. If according to that article, financial business is not completed, the procedure that has to be followed is the procedure that is prescribed in Article 206(1) (a), because under the Constitution, every demand will have to be submitted to the vote of the Legislature and no other procedure is contemplated. You, Sir, exercising your rights as the Speaker of this House, have framed certain rules on votes on account, but if this is the procedure that is followed, there will be no opportunity whatever for this House to make use of these rules. These rules will ever remain a dead letter, and no purpose will be served by them. I am only pointing out that the present procedure practically renders nugatory Article 206 (1) (a). I bring to the attention of the Hon'ble Minister concerned these defects and that this ought not to be the procedure that is to be followed hereafter.

However, the procedure followed in this House now can, to some extent, be justified, because article 208(2) of the Constitution says: "Until rules are made under clause (1), the rules of procedure and standing orders in force immediately before the commencement of this Constitution with respect to the Legislature for the corresponding Province shall have effect in relation to the Legislature of the State subject to such modifications and adaptations as may be made therein by the Speaker of the Legislative Assembly, or the Chairman of the Legislative Council, as the case may be".

So, under this article, a temporary provision has been made. Rules may have to be framed. This is only an interim period. My submission is that rules already framed should have been framed in consonance with the principles underlying the Constitution, and not to render the provision relating to 'votes on account' nugatory.

Sri. P. Balakrishnan Tampi: Sir, it will take some time for us to acclimatise ourselves to the new constitutional procedure because inevitably both the Opposition and the members of these benches will have to give three editions however much they try, on the Rajpramukh's speech, General Budget discussion and on the Appropriation Bill. Therefore, I ask the indulgence of the House if unconsciously I repeat the sentiments which I or my colleagues on this side of the

[Sri. P. Balakrishnan Tampi]

House must have stated on previous occasions. I was watching with interest the performance of the Leader of the Opposition Mr. Thanu Pillai. In my mind I was carried back to the good old days of the Old Testament when prophet Jeremiah breathed fire, sulphur, etc. and made wild prophecies. According to the modern Jeremiah next year this time, this land will be full of confusion, this House will have dissolved and what things might happen. I have always had respect for my erst-while leader and that is the reason why I am unaccountably perturbed by the shape of things to come as prophecied by my friend Mr. Thanu Pillai. But on cooler thinking I find nothing like that is going to happen. After all, Sir, all the irregularities and the confusion pointed out by my friend if they are irregularities are irregularities which the present Government continue them in good faith. They are very regular things done while Mr. Thanu Pillai ably guided us, I mean ably functioned as the Chief Minister. He put down the number of particular days for the discussion of the budget. This House is paying the greatest complement to Mr. Thanu Pillai by adhering to the schedule.

Sri. P. S. Nataraja Pillai: Does the hon'ble Member know that there was no provision for vote on accounts?

Sri. P. Balakrishnan Tampi: We have a little more time now. Then, Sir, he was breathing hot and cold about the police. In one moment he was congratulating Government on the prompt steps taken by them against misdeeds and the next time he grew eloguent about the possible effect on the police. I can give the reassurance that nothing is going to happen. If any policeman is checked or punished it is not going to affect the morale of the police except perhaps to effect improvement somewhere. All that I say is, much cannot be expected in this line. A third allegation against this Government was, that the Ministers were not obliging enough to the House on the change of personnel of this Ministry. Well, according to the Constitution they are not bound to state it and it is not even good for the nasal protuberance of the Leader of the Opposition to poke itself in such matters where they cannot rightly be asked for. I can understand their asking for information to Government if Government withholds it in which case they were bound to give to the House. Sir, change of personnel or gossip about it, are not the sort of things which any member of the House and much less the Leader of the Opposition can ask for. What is the irregularity in their not obligingly complying with the request of the Opposition. Perhaps for more sensational rumours or gossip in the yellow press, they are questioning and it is right Government desist to answer. I should say that Government are only continuing the old policy laid down by predecessors and they are doing so more by necessity. Can any Member of the House or for that matter the Opposition point otherwise?

As regards commercial undertakings or the recruitment of a few magistrates, I think sufficient has been said on the floor of the House and I do not think that any of us should traverse the ground again. He said in an autobiographical mood that he is losing faith in democracy. There, I am inclined to share his views.

Sri. A. Thanu Pillai: I said the people are losing faith.

Sri. P. Balakrishnan Tampi: I am trying to share the view of the people as well, because I lose my faith in democracy when a former Prime Minister of the State attacks the very same policy. It was he who gave the appointment to this police Head. Was he not insinuating the appointment—I mean insinuating is a bad word—was he not stating something against the police Head? Who made that appointment, I ask? It is against convention of Parliamentary Government for the Leader of the Opposition who himself made that appointment.

Sri. A. Thanu Pillai: I ask, where was that suggestion from. I challenge my friend on that statement.

Mr. Speaker: No suggestion either direct or indirect appears to have been made regarding the appointment of the Head of the police.

Sri. K. S. Joseph: The hon'ble Leader of the Opposition attacked the Head of the police during this debate.

Sri. P. Balakrishnan Tampi: Anyhow I am only at this point. For different reasons, I say, I come to the same conclusion, when I am inclined to ask myself whether this exotic plant is going to flourish in the soil—I mean democracy. When he crosses the floor and accusingly finds a seat when he should have gone to the countryside and tested the opinion of the people there, that is not right. Instead of going that way, he has now crossed the floor. I am asking myself whether democracy is going to be a success this day. To make wild allegations against Ministers by not substantiating them all these years, I ask, is democracy going to flourish? Is hurling accusations against Cabinet Ministers going to flourish democracy? In spite of a lot of interest shown in this matter, was any hon'ble Member able to give a specific instance of corruption in the Ministry or on the part of any member of Government Benches. Is it fair to ask a Minister to go to a Court of law? Is there not a juridical presumption that every man is innocent till it is proved to the contrary? Is it not the principle of ethical conduct also that you should not hurl accusations against a man before you get an occasion, before you are really convinced that there is something behind it. Now it is all very easy to take advantage of a circumstance. I can say that a person must have stolen lot of gold from the Padmanabhaswami temple. Is it right to believe in it. If Mr. Thanu Pillai were to make such a statement I have a quarrel but I would have no quarrel if his fathers made that. I have a grievance and that is only against Mr. Pattom Thanu Pillai. If it were a blunt statement to the effect that we are rather rogues, black marketeers and so forth, I could have tolerated because that is something like fowling the nest. After all, a shoe-maker's thoughts would naturally smell ugly. I have absolutely no quarrel with the shoe-maker. But when a person like Mr. Thanu Pillai, a man of his status, responsibilities, antecedents, chooses to offend the conduct of members of Government in unrestrained language, I have a quarrel. It is in his interest I say so far if any other party comes into power tomorrow, it is the traditions that we build up today that will count. Therefore my grievance is more personal than against his followers.

Sri. A. K. Patchu Pillai: Does the hon'ble Member know that Mr. Thanu Pillai is the only one who has a worthy following unlike the followers of his own party?

Sri. P. Balakrishnan Tampi: I like to gratify my bearded friend's question of this type. I wish I have concurring opinion about himself. Though it is not relevant, I remember an instance when Mr. Patchu Pillai interrupted me in this manner. My mind goes back to a magic romance when a very worthy credulous leader like Sancho Panza lost his faith in his night errantry. He predicted that such and such would come to pass and it did come to pass. Therefore, I am also of the view that there are ample reasons which would lead any thinker, any observer to believe that democracy, perhaps that exotic plant from that bleak island, might not have that luxurious growth under the topical sun. At the same tim e I am in agreement with him in believing that Government might be more polite and kindly consider the possibility of making more time available for budget discussion. I have been in the predecessor legisla-

[Sri. P. Balakrishnan Tampi]

ture too. I know from experience that many departments have escaped looking into by this House. Year after year the first 8 or 10 departments in the demand list would come for scrutiny or comment, on the floor of the House. I wish without at least interfering with the normal working of Government more time could be spared by the hon'ble Ministers for this matter. I believe there is much in the suggestion made by Mr. Thanu Pillai that more time might hereafter be made available for this.

Sri. K. K. Chellappan Pillai. Is that possible now?

Sri. P. Balakrishnan Tampi. I am in a confusion. (Laughter). Even in my anxiety to be neighbourly to a friend on this side of the House I cannot suggest that Mr. Pattom Thanu Pillai ever suggested that more time should be allowed after this. In spite of my very old political animosity, shall I say so, Sir, I cannot attribute such a very wise suggestion to him.

With these words, I accord my approval for this Bill.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, ബഡ്ജററിലുള്ള ഓരോ ഇനത്തിലേക്കും ആവശ്യമുള്ള സംഖ്യ ഈ സഭ അനുവദിച്ചുകൊടുത്തശേഷം അതു ചെലവുചെയ്യാൻ പൊതുവെ അനുമതിയാവശ്യപ്പെടുന്ന ഈ സന്ദർഭത്തിൽ ഈ ഗവമ്മേണ്ടിന്റെ ചില ചെയ്തികളെ സംബന്ധിച്ചു പറയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ശ്രീ. പട്ടം താണുപിള്ള സർവ്വീസ് ഇൻറിഗ്രേഷനെ സംബന്ധിച്ചു ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. പുറത്തുനിന്നും സർവ്വീസു ഇൻറിഗ്രേഷനെ സംബന്ധിച്ചുള്ള ജോലി നിർവ്വഹിക്കാൻ ഒരാളെ വരുത്തുന്ന നടപടി തെററാണെന്നാണു അദ്ദേഹം പറഞ്ഞതു്. പക്ഷെ അതിൽ ഈ രാജ്യത്തിനകത്തുള്ളവർക്ക് എന്നുമാത്രമല്ല, സർവ്വീസിൽ ഉള്ളവർക്കു തന്നെയും എതിരഭിപ്രായമാണുള്ളതു്. ഇവിടത്തെ ക്യാബിനററും മററു നേതാക്കന്മാരും ഒരുവിധത്തിലും ഈ സർവ്വീസ് ഇൻറിഗ്രേഷൻ കാര്യത്തിൽ ഇടപെടാതെ അതു നടത്തണമെന്നാണു് വാസ്തവത്തിൽ നിഷ്പക്ഷബുദ്ധികൾ ആഗ്രഹിക്കുന്നതു്. ഇതുവരെ കോൺഗ്രസു ഗവമ്മെൻറ് ഇൻറിഗ്രേഷനുശേഷം ഇക്കാലത്തിനുള്ളിൽ സർവ്വീസ് ഇൻറിഗ്രേഷൻ നടത്താതിരുന്നതു് ഒരു തെററാണെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. വാസ്തവത്തിൽ അതൊരു തെററുതന്നെയാണു്. ആ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു.

മറെറാരുകാര്യം പേരൂരിൽവെച്ചു പോലീസുകാർ നടത്തിയിട്ടുള്ള അന്യായങ്ങളെ സംബന്ധിച്ചു ഗവമ്മെൻറു വേണ്ട നടപടികൾ എടുത്തിട്ടില്ലായെന്നുള്ളതാണു്. ആ കാര്യത്തിൽ എനിക്കു അദ്ദേഹത്തോടു് പരിപൂർണ്ണമായി യോജിക്കുവാൻ നിവൃത്തിയില്ല. ശ്രീ. സി. കേശവൻ പ്രധാനമന്ത്രിയായതിനുശേഷം മുൻപുണ്ടായിരുന്ന പ്രധാനമന്ത്രിമാരുടെ കാലത്തുണ്ടായിരുന്ന പോലീസിന്റെ അഴിമതിയെ അപേക്ഷിച്ചു് അവരെക്കാൾ മെച്ചമായ തോതിൽ അദ്ദേഹം ഈ അഴിമതിയെ വിശേഷിച്ചും പേരൂർ സംഭവത്തിൽ ഉണ്ടായിട്ടുള്ള അഴിമതിയെപ്പററി നടത്തിയിട്ടുള്ള നടപടികൾ മെച്ചമായിട്ടുള്ളതാണു്. എന്നാൽ അദ്ദേഹം ഭരണം നടത്തുന്ന പാർട്ടിയിലും ക്യാബിനററിലും ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് കാണാം. ഈ പാർട്ടിയേയും ക്യാബിനററിനേയും മറച്ചുകൊണ്ടു് കാൺഗ്രസ് ഭരണം നടത്തുന്നു എന്നാണു് അതിന്റെ സാരം. ഇത്തരം ആരോപണങ്ങൾ ഇളക്കിവിടുന്ന എതൃപക്ഷത്തുള്ള പല നേതാക്കന്മാരും വാസ്തവത്തിൽ ഇന്നത്തെ ഭരണം നടത്തുന്ന പാർട്ടിയെക്കാൾ അധഃപതിച്ചവരാണെന്നു പറയാതെ തരമില്ല. ജനകീയ ഭരണസിദ്ധാന്തങ്ങളേയോ കോൺഗ്രസിന്റെ തത്വങ്ങളെയോ യഥാർത്ഥത്തിൽ മറച്ചുകൊണ്ടു് ഒരു പാർട്ടിയെ മനഃപൂ

ഷ്ടമായി ആരോപണം ചെയ്യാൻ എതിർപക്ഷത്തുനിന്നും പുറപ്പെട്ടിട്ടുള്ള എതിർപക്ഷ നേതാക്കന്മാരോട് സഹകരിക്കുന്നതിനോ സഹകരിച്ചു പ്രവർത്തിക്കുന്നതിനോ നിഷ്പക്ഷബുദ്ധികളായ ആർക്കും സാധിക്കയില്ലതന്നെ. എതിർപക്ഷത്തിന്റെ നിശിതമായ വിമർശനങ്ങളെയും എതിർപ്പുകളെയും ഞാൻ സൂക്ഷിച്ചുകൊണ്ടാണ് ഇരിക്കുന്നത്. എന്റെ പല മാന്യ സ്നേഹിതന്മാരും ഈ കാര്യം ശ്രദ്ധിച്ചുവരികയാണ്. ശ്രീ. പനമ്പിള്ളിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന നേതാക്കന്മാർക്ക് കണ്ണന്റെ കണ്ണെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ നന്നായിരിക്കുമെന്നാണ് എന്റെയും മറുപടി. എന്റെ ബഹുമാന്യ സ്നേഹിതന്മാരായ ശ്രീ. ബാലകൃഷ്ണമേനോനും ശ്രീ. കണ്ണനും കോൺഗ്രസ് പാർട്ടിയിൽനിന്ന് പിൻമാറുകയും ഐ. എസ്. പി. യിൽ മെമ്പറന്മാരായിട്ട് ചേരുകയുമാണ് ചെയ്തിട്ടുള്ളത്. ഇവിടത്തെ ട്രഷറി ബഞ്ചിലുണ്ടായിരുന്ന ചില മന്ത്രിമാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഇവർ ചെയ്തത് ആണത്തമാണ്. എന്നാൽ ഈ ആണത്തത്തിന്റെ കണികപോലും ഈ എതിർപക്ഷപാർട്ടിക്ക് ഉണ്ടായിരുന്നുവെങ്കിൽ ഇവർക്ക് നാട്ടുകാരുടെ പിൻതുണ ലഭിക്കുമായിരുന്നു. പ്രജായത്ത ഭരണസിദ്ധാന്തങ്ങളുടെ തത്വങ്ങളെ പാടെ അവഗണിച്ചുകൊണ്ട് ഒരു പാർട്ടിയിൽനിന്നു പ്രവർത്തിക്കയും അതേസമയം മറെറാരു പക്ഷക്കാർക്ക് വോട്ടുചെയ്യുകയുമാണ് ചെയ്യുന്നത്. പ്രജായത്ത ഭരണസിദ്ധാന്തമാകുന്ന ഭരണചക്രത്തെതന്നെ തല്ലിച്ചതച്ച് അസമാധാനവും അസംതൃപ്തിയും പൊതുജനങ്ങളുടെയിടയിൽ ഇളക്കിവിട്ട് അതിൽനിന്നും മുതലെടുക്കാൻ നടത്തുന്ന പരിശ്രമം യഥാർത്ഥത്തിൽ ലജ്ജാകരംതന്നെ. ഇവർ പ്രതിപക്ഷത്തുനിന്നുകൊണ്ട് മറെറാരു പക്ഷത്തേക്ക് വോട്ടുചെയ്യുന്നതുതന്നെ ബുദ്ധിപൂർവ്വമായ ഒരു പ്രവർത്തിയാണോയെന്ന് അവർതന്നെ ചിന്തിക്കട്ടെ. സർ, അടുത്ത തെരഞ്ഞെടുപ്പിനു ഏകദേശം ഇനിയും വ്വ മാസക്കാലമേയുള്ളൂ. അതിനിടക്ക് രാജ്യം ഭരിക്കാനായിട്ട് ഒരു അഡ്മിനിസ്ട്രേട്ടരെ വയ്ക്കണമെന്ന് പറയാൻ തക്കവണ്ണമുള്ള മൗഢ്യമോ വിഢ്ഢിത്വമോ ഞങ്ങൾക്കില്ലായെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> വിഢ്ഢിത്തരം എന്നുള്ളത് ഈ സഭയിൽ ഉപയോഗിക്കാൻ പാടുള്ള ഒരു പദമാണോ?

<u>മിസ്റ്റർ സ്പീക്കർ:</u> വിഢ്ഢിത്തമെന്ന പദപ്രയോഗം സഭ്യമല്ലെന്നു തോന്നുന്നില്ല. കൂടാതെയും അതു ആ മെമ്പർക്ക് ഇല്ലെന്നാണല്ലോ പറഞ്ഞത്. വേറെ ആർക്കെങ്കിലും ഉണ്ടെന്നു സൂചിപ്പിക്കുന്നതായിട്ടും മെമ്പറുടെ പ്രസ്താവനയിൽ വെളിപ്പെടുന്നില്ല.

<u>ശ്രീ. ഇട്ടീര അയ്യാകൻ:</u> സർ, സംയോജനത്തിനു പ്രതികൂലികളായ ഞങ്ങൾക്ക് എങ്ങനെയെങ്കിലും കൊച്ചിയെ തിരുവിതാംകൂറിൽനിന്നും വിയോജിപ്പിച്ചാൽ മതിയെന്നാണ് ആഗ്രഹമുള്ളത്. അതേസമയം കൊച്ചിയെ മദ്രാസിൽ ലയിപ്പിക്കണമെന്ന് പറയാനും ഞങ്ങൾ തുനിയുന്നില്ല. മാത്രമല്ല ഈ ഗവമ്മെൻറ് ചെയ്യുന്നതെല്ലാം ശരിയാണെന്ന് കണ്ണടച്ചുകൊണ്ട് സമ്മതിച്ച് തലകുലുക്കാൻ സന്നദ്ധരാണെന്ന് ഗവമ്മെൻറോ മന്ത്രിമാരോ ധരിക്കയും വേണ്ട. ഇന്നത്തെ ഗവമ്മെൻറിനെപ്പററി വലിയ ആരോപണങ്ങൾ എതിർപക്ഷത്തുനിന്നും നേതാക്കന്മാർ കൊണ്ടുവന്നിട്ടുണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ കുമാരി മാസ്ക്രീൻ ഈ സഭയിലും മററു പൊതു സ്ഥലങ്ങളിലും ചെയ്തിട്ടുള്ള ആരോപണ പ്രസ്താവനകൾ വളരെ ഗൗരവം അർഹിക്കുന്നവയാണ്. എന്നാൽ ആവക ആരോപണങ്ങളെപ്പററി ഇന്നത്തെ മന്ത്രിസഭ ഒരു പരസ്യാന്വേഷണം നടത്തുമെന്നുള്ള അഭിപ്രായത്തോട് ഞങ്ങൾ പരിപൂർണ്ണമായി യോജിക്കുന്നു

[Sri. Ittiera Ambooken]

അതു ചെയ്യില്ലെങ്കിൽ ഈ രാജ്യത്തോട് ഇപ്പോഴത്തെ മന്ത്രിസഭ ചെയ്യുന്ന ഒരു അനീതിയായി അതു ശേഷിക്കും. എന്നാൽ ഇക്കാര്യത്തിൽ എന്റെ സ്നേഹിതൻ മി. പട്ടം താണുപിള്ളയുടെ അഭിപ്രായത്തോട് യോജിക്കാത്തവരായി ഒരു പാർട്ടിയും ഉണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹു. ശ്രീ. കേശവൻ മന്ത്രിസഭ ഈ കാര്യത്തിൽ പരസ്യാന്വേഷണത്തിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നതു്.

മറ്റൊന്ന്, ഈ ഗവമ്മെന്റ് ഇതുവരെപ്രവർത്തിച്ചുവന്നിട്ടുള്ള ഭക്ഷ്യോല്പാദന കാര്യമാണ്. അതിനുവേണ്ടി ലക്ഷക്കണക്കിനു രൂപ ചിലവഴിക്കയും വാസ്തവത്തിൽ അതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലാതാക്കിത്തീർക്കുകയുമാണ് ചെയ്തിരിക്കുന്നതു്. ഈ വകക്കുവേണ്ടി അനവധി പണം ഗവമ്മെന്റ് നശിപ്പിച്ചുകളഞ്ഞു. എന്തുതന്നെയായാലും ശരി ഭക്ഷണകാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഉറച്ച പദ്ധതി ഗവമ്മെന്റ് സ്വീകരിക്കേണ്ടതു് പുതിയ ക്യാബിനറ്റിന്റെ ചുമതലയാണ്. അതിനു മുൻകൈയെടുത്തു പ്രവർത്തിക്കണം. അങ്ങനെ ചെയ്യാതിരുന്നാൽ ഞങ്ങൾക്ക് ഇനിയും വോട്ടുതരണമെന്ന് അപേക്ഷിക്കുന്നതിനായി വിളറിയ മുഖത്തോടും വിശന്ന വയറോടുംകൂടി കഴിയുന്ന സ്ത്രീപുരുഷന്മാരെ സമീപിക്കേണ്ടിവരുമെന്ന് ഞാൻ ഒരു മുന്നറിയിപ്പു നൽകുന്നു. പൊതുജനങ്ങൾക്ക് ഈ കാര്യത്തിൽ ഒരു ഗുണവുംചെയ്യാതെ സമയം കഴിച്ചുകൂട്ടുകയും ഒടുവിൽ വോട്ടുവേണമെന്ന് പറഞ്ഞു സമീപിക്കുകയും ചെയ്താൽ അവിടെനിന്നും ആട്ടി ഓടിക്കുന്നതാണ്. ഇൻഡ്യൻ കോൺഗ്രസ് ഭരണസമിതിക്കു തന്നെയും ഭക്ഷ്യോല്പാദനം സംബന്ധിച്ച് പരസ്യങ്ങൾക്കും മറ്റുമായി ഒരു വലിയ തുക ചെലവഴിക്കാൻ കഴിഞ്ഞു എന്നല്ലാതെ യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കൊച്ചി–തിരുവിതാംകൂറിനെ സംബന്ധിച്ചും ഇതുതന്നെയാണ് ചെയ്തിട്ടുള്ളതു്. കൃഷിക്കുവേണ്ടി സ്ഥലം പതിച്ചുകൊടുക്കുന്നതു് നെൽകൃഷിക്കോ അതോ കപ്പകൃഷിക്കോ എന്നു ചോദിച്ചാൽ ചിലപ്പോൾ നെൽകൃഷിക്കാണെന്നും ചിലപ്പോൾ അതല്ലാ, കപ്പകൃഷിക്കുമാണെന്നാണ് ഉത്തരം പറയുന്നതു്. ഏവംവിധത്തിൽ കൂടുതൽ ഭക്ഷണസാധനം ഉല്പാദിപ്പിക്കുന്ന വിഷയത്തിൽ ഈ ഗവമ്മെന്റും പരാജയമാണ് അടഞ്ഞിട്ടുള്ളതെന്ന് തീർത്തുപറയാൻ കഴിയും. കാരണം മുൻപു അധികാരത്തിലിരുന്ന ഗവമ്മെന്റും ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവമ്മെന്റും കാണിച്ചുവന്ന അനാസ്ഥയുടെ ഫലമാണ്. ദരിദ്രലക്ഷങ്ങളുടെ പട്ടിണിപോക്കുന്ന വിഷയത്തിൽ ഈവിധം അനാസ്ഥ കാണിക്കുന്നതു് പ്രജായത്ത ഭരണത്തിന് നാശകരമാണ്. ദാരിദ്ര്യത്തിൽനിന്നും, പട്ടിണിയിൽനിന്നും ആണ് വാസ്തവത്തിൽ ഭയങ്കരമായ വിപ്ലവം ഉണ്ടാകുന്നതു്. പട്ടിണിയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിപ്ലവം ഉണ്ടാക്കി ഈ രാജ്യത്തു പിടിച്ചുപറിയും കൊലപാതകവും ഉണ്ടാക്കുന്നതാണ് ഉത്തമമെന്ന് വിചാരിക്കുന്നുവെങ്കിൽ അതു നന്നായിരിക്കും. അതല്ലാ, ഉത്തമമായ ഒരു വ്യവസ്ഥാപിത ഭരണമാണ് നമുക്കാവശ്യമെന്നു വിചാരിച്ച് ഈ മാതിരിയുള്ള അലസതകൾ കളഞ്ഞു പ്രവർത്തിക്കുന്നുവെങ്കിൽ അതും നന്നായിരിക്കും. സർ, ഇന്നത്തെ ക്യാബിനറ്റിൽ കൊച്ചിയെ പ്രതിനിധീകരിക്കാൻ ആരുമില്ല. അതു് അക്ഷന്തവ്യമായ ഒരുകാര്യമാണെന്ന് ഞാൻ പറയുന്നില്ല. കൊച്ചിക്കാരുടെ പ്രതിനിധികൾ ക്യാബിനറ്റിൽ ഉണ്ടായിരുന്നാൽതന്നെയും അവരുടെ കഷ്ടതകൾ പരിഹരിക്കപ്പെടുമെന്ന് എനിക്കു വിശ്വാസവുമില്ല. സംയോജനം നടന്നിട്ട് ഏകദേശം രണ്ടുവർഷക്കാലത്തോളമായി. ഇതിനകം കൊച്ചിക്കുവേണ്ടി ഒരു പ്രതിനിധിയെങ്കിലും ക്യാബിനറ്റിൽ ഉൾപ്പെടുത്താത്തതു് അബദ്ധംതന്നെയാണെന്ന് ചിന്തിക്കുന്ന

തിൽ തെററില്ല. ഇന്നത്തെ ഭരണംനടത്തുന്ന പാർട്ടിയോടും ക്യാബിനററിനോടും അവജ്ഞയും വെറുപ്പും കൊച്ചിക്കാർക്ക് ഉണ്ടെങ്കിൽതന്നെ അതു് ന്യായീകരിക്കാൻ വേണ്ട സാധ്യതയുണ്ട്. ഇക്കാര്യത്തെപ്പററി ഗവമെൻറ് നല്ലതുപോലെ പരിചിന്തിക്കണമെന്ന് ഞാൻ ഗവമെൻറിനെ ഉൽബോധിപ്പിക്കുന്നു.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Deputy Speaker in the chair.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, കാൺഗ്രസ് പാർട്ടിയുടെ നേതാവും ഈ സഭയുടെ നേതാവും ഇവിടത്തെ ഇപ്പോഴത്തെ ചീഫ് മിനിസ്റ്ററുമായ മി. സി. കേശവനോട് ഒരു കാര്യം തുറന്നു പറയേണ്ട ആവശ്യമുണ്ട്. അങ്ങ് പ്രധാനമന്ത്രിയായിട്ടുള്ളതു് ഒരു സമുദായനേതാവെന്നുള്ള നിലയിലല്ല. അതു് ഈ രാജ്യത്തിലെ എല്ലാവർക്കുമറിയാം. പക്ഷെ നാനാസമുദായങ്ങളും തിങ്ങിപ്പാർക്കുന്ന ഈ രാജ്യത്തു് സമുദായചിന്തയും സമുദായനീതിയും പാടില്ലെന്ന് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ അതിൽ ലവലേശം കഴമ്പില്ല. കൊച്ചിയിലും തിരുവിതാംകൂറിലും പല മന്ത്രിസഭകളും ഉണ്ടായിട്ടുണ്ട്, പല പ്രധാനമന്ത്രിമാരും ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു ദൂഷിച്ച പരമ്പര ഈ രാജ്യത്തു് അതായതു് തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്ന ഒരു സവർണ്ണഹിന്ദുവിനല്ലാതെ പ്രധാനമന്ത്രിയാകാൻ സാധിക്കാത്ത ഒരു ദൂഷിച്ച നടപടിദോഷം ഈ രണ്ടുരാജ്യങ്ങളിലുമുണ്ടായിരുന്നു. അതിനെയെല്ലാം അതിക്രമിച്ചുകൊണ്ട് ഇദംപ്രഥമമായിട്ടാണ് ഒരു സവർണ്ണഹിന്ദു അല്ലാത്ത അങ്ങ് ഇപ്പോൾ പ്രധാനമന്ത്രി ആയതു്. സർ, സമുദായപ്രാതിനിധ്യംകൊണ്ട് പ്രജായത്തസിദ്ധാന്തങ്ങളെ അലങ്കോലപ്പെടുത്തണമെന്നോ അവഹേളിക്കണമെന്നോ ഞാൻ ഒരിക്കലും പറയുകയില്ല. പക്ഷെ ഈ രാജ്യം ഒരു സവർണ്ണഹിന്ദുവല്ലാത്ത ഒരുവന് തന്റെടത്തോടുകൂടി ഭരിക്കുവാൻ സാധിക്കുമെന്ന് തെളിയിക്കാനുള്ള ഒരു കർത്തവ്യംകൂടി ഉണ്ടെന്ന് അങ്ങ് ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഈ സഭയിലെ ഒരാൾ ചെയറിനെ അഭിസംബോധനചെയ്യാതെ മററുമെംബറന്മാരോട് നേരിട്ട് ഇങ്ങനെ സംസാരിക്കാമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: "അങ്ങ്" എന്നുള്ളതു് സ്പീക്കറെ ഉദ്ദേശിച്ചു് ആയിരിക്കാം.

ശ്രീ. ഇട്ടീര അമ്യൂക്കൻ: ഇന്നു കാണുന്ന പല ഒളിയമ്പുപ്രയോഗങ്ങളിലും ഈ പാരമ്പര്യം നിലനിർത്തിക്കൊണ്ടുപോകണമെന്ന ദുരാഗ്രഹം ചിലർക്കുണ്ടെന്നു ഞങ്ങൾക്ക് സംശയം തോന്നുന്നുണ്ട്. എന്നാൽ അതേസമയംതന്നെ മാന്യന്മാരും മര്യാദക്കാരും നിഷ്പക്ഷ ബുദ്ധികളുമായ സവർണ്ണഹിന്ദുക്കൾക്ക് ഇന്നത്തെ ജനകീയനേതാക്കന്മാരുമായി കഴിയുവാൻ ആഹ്ളാദം ഉണ്ടെന്നു് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഈ രാജ്യത്തെ ഒരു തൊണ്ണൂറു ദിവസമെങ്കിലും തികച്ചുഭരിക്കുവാൻ ഒരു ഈഴവന് സാധിക്കുകയില്ല, അതു സാധിപ്പിക്കുകയില്ല എന്ന് നിർബന്ധംപിടിക്കുന്നതു് അസ്ഥാനത്താണെന്ന് അവരെ അറിയിക്കേണ്ടതു് ആവശ്യമാണ്. പക്ഷെ പത്തു ദിവസംപോലും പൗരുഷമായി ഭരിക്കാൻ സാധിക്കാത്ത ഇന്നത്തെ നിലയിൽ ഭരണം ഓടിച്ചുകൊണ്ടുപോകുകയാണെങ്കിൽ അതു് അങ്ങേക്കു മാത്രമല്ല അങ്ങയുടെ സമുദായത്തിനുപോലും ആക്ഷേപകരമായ ഒരു തോൽവിയാണ്. സർ, പ്രാദേശികവാദങ്ങളുടെ പേരിൽ ഏതാനും പേർ നേതാക്കന്മാരായി ചമയുവാൻ ആഗ്രഹിക്കുന്നുണ്ട്. കൊച്ചിയുടെപേരിൽ ത്യാഗമുള്ളവർ എന്നും ത്യാഗിവര്യന്മാർ എന്നും പറഞ്ഞുകൊണ്ട് ഇങ്ങനെ

[Sri. Ittiera Ambooken]

നേതാക്കന്മാരായി ചമയുവാൻ അവർ ബഹളം കൂട്ടുന്നുണ്ട്. പക്ഷെ മനം കുലദൈവമായിരിക്കുന്ന ഈ കൊച്ചുകൊച്ചിയിലെ പ്രജായത്ത സിദ്ധാന്തങ്ങളെ ആദരിക്കുന്ന ശ്രേണികളിൽനിന്നും ഇങ്ങനെയുള്ളവക്ക് അവർ ആശിക്കുന്ന പ്രകാരം വമ്പിച്ച സ്വീകരണത്തിനു പകരം തീർച്ചയായും ഭയങ്കരമായ പ്രതിഷേധസ്വരമായിരിക്കും അവർക്കെതിരായി ഉയരുന്നതെന്ന് എന്റെ ചില മാന്യസ്നേഹിതന്മാരെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. സർ, കൊച്ചിയിൽനിന്നും പാർട്ടിയില്ലാതെ ഇവിടെ വന്നിട്ടുള്ള ഞങ്ങൾ ഇന്ന് ഈ ഗവൺമെന്റിൽനിന്നും ചില കാര്യങ്ങൾ സാധിക്കുന്നു എന്ന് ചിലർ പറയുകയുണ്ടായി. എനിക്ക് ധൈര്യമായിട്ട് ഇന്നത്തെ ക്യാബിനററിനോടും മന്ത്രിസ്ഥാനത്തിരുന്ന് ഒഴിഞ്ഞുപോയവരോടും ഒന്ന് തുറന്നു പറയുവാനുണ്ട്. ഞാൻ അവരെ വെല്ലുവിളിക്കുന്നു. ഞങ്ങൾ ആരെങ്കിലും അന്യായമായ ശുപാർശകൊണ്ടോ സ്വാധീനശക്തി ചെലുത്തിയോ ഏതെങ്കിലും തരത്തിൽ സ്വാർത്ഥപരമായ കാര്യങ്ങൾ നേടുവാൻ ഈ സ്ഥാനം ഒഴിഞ്ഞ മന്ത്രിമാരെയോ അല്ലെങ്കിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന ആരെയെങ്കിലുമോ സമീപിച്ചിട്ടുണ്ടെങ്കിൽ അതു് ഈ സഭയെ ധരിപ്പിക്കുന്നതു് നന്നായിരിക്കും. സർ ഞങ്ങൾക്ക് വ്യക്തിപരമായ യാതൊരു കാര്യങ്ങളുമില്ല. യാതൊരു താല്പര്യവുമില്ല. താൽപ്പര്യമുള്ള ഏതെങ്കിലും കാര്യത്തിൽ ഒരു മന്ത്രിയെ സമീപിച്ചാൽതന്നെയും അതിന് ന്യായമായ കാര്യങ്ങൾ ഇല്ലെങ്കിൽ അതു തള്ളിക്കളയുന്നതു് അവർക്കുതന്നെയും നന്നായിരിക്കും. അന്യായമായി ഞങ്ങളെ സഹായിക്കുന്നതിന് ഇന്നത്തെ മന്ത്രിമാർ തുനിഞ്ഞാൽതന്നെയും ഞങ്ങൾ അതും തുറന്നുപറയുവാൻമടിക്കുകയില്ല എന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു. സർ, ഞാൻ ഈ സഭയുടെസമയം കൂടുതലായി വ്യയം ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളു. പല തെററുകളും കഴിഞ്ഞ മന്ത്രിസഭ ഈ സഭയോട് ചെയ്യുകയുണ്ടായിട്ടുണ്ട്. അതിനെല്ലാം ശരിയായ പ്രതിവിധി. ഈ ക്യാബിനററിന്റെ നേതാവായ ഇപ്പോഴത്തെ പ്രധാനമന്ത്രി അവർകൾ ഉണ്ടാക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുമെങ്കിൽ ഞങ്ങൾ കൃതജ്ഞരായിരിക്കും.

ശ്രീ. മദത്തു പത്മനാഭപിള്ള: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇവിടെ പാസാക്കിയ ബഡ്ജററിനെ അടിസ്ഥാനപ്പെടുത്തികൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണു ഇതെങ്കിലും എതിർപക്ഷ കക്ഷികൾ ഈ ബഡ്ജററിനെ എതിർത്തതിനെ അവഗണിച്ച്, ഇന്നത്തെ മന്ത്രിമാരുടെ പിന്നിൽ അവശേഷിച്ചിട്ടുള്ള കൈകളുടെ സംഖ്യാബലംകൊണ്ടു പാസാക്കിയിട്ടുള്ള ഒന്നാണ് ഈ ബഡ്ജററ്. ഈ ബഡ്ജററിന്റെ കുററങ്ങളേയും കുറവുകളെയും പററി ഇതിലെ പലഭാഗങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടു് എന്റെ ബഹു. സ്നേഹിതന്മാർ പലരും വിമർശനം ചെയ്തിട്ടുള്ളതുകൊണ്ടു് ഞാൻ ആഭാഗത്തേയ്ക്കു് കടക്കുന്നില്ല. എന്നാൽ അങ്ങനെ ആ സ്നേഹിതന്മാർക്ക് സ്പർശിക്കുവാൻ സൌകര്യംകിട്ടാത്ത പുതിയ ഒന്നു രണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻവേണ്ടിയാണു് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്. സർ, ഇവിടെ ഒരു മെഡിക്കൽ കാളേജ് ഉണ്ടാക്കാൻപോകുന്നുണ്ടു്; അവിടെ പ്രൊഫസറന്മാരായി നിയമിക്കപ്പെടുവാൻ ഉള്ള യോഗ്യതകൾ സമ്പാദിക്കുന്നതിനു ഇവിടത്തെ മെഡിക്കൽസർവീസിൽനിന്നും എതാനും ചിലരെ അമേരിക്കയിലേയ്ക്കു അയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. പത്തുപേരെ അങ്ങനെ അയക്കുവാൻ തീരുമാനിച്ചിട്ടുള്ളതായിട്ടാണറിയുന്നതു്. ഈ പത്തുപേരും മെഡിക്കൽ വകുപ്പിലെ മന്ത്രിയായ ശ്രീ. എ. ജെ. ജോൺ അവർകളുടെ സ്വജനങ്ങളിൽനിന്നാണെന്നും കേൾക്കുന്നു.

ഈ വിഷയത്തെപ്പററി സൂക്ഷ്മമായി അറിഞ്ഞുവേണം അവയെപ്പററി പ്രസ്താവിക്കുവാൻ എന്നു വിചാരിച്ചു ഞാൻ അതിനെപ്പററി ചില അന്വേഷണങ്ങൾ നടത്തി. എന്നാൽ മന്ത്രി ശ്രീ. എ. ജെ. ജോൺ അവർകളുടെ ഭരണത്തിലിരിക്കുന്ന ഡിപ്പാർട്ട്മെൻറ് ഇരിമ്പുമതിൽകൊണ്ടു ബന്ധിച്ചതുപോലെ അതിനകത്തേയ്ക്കു ഞങ്ങളെപോലുള്ളവർക്കു കടന്നു ഒരു വിവരം അറിയുക സാദ്ധ്യമല്ലാതെയായിട്ടാണിരിക്കുന്നതു്. ഈ ആളുകളെ തിരഞ്ഞെടുക്കാനുള്ള ശുപാർശകൾ ചെയ്യാനുള്ളതു് ഇവിടത്തെ സർജൻ ജനറലായ പ്രശസ്തനായ ജേക്കബ് തളിയത്തു് അവർകളാണു്. സെക്രട്ടറിയേററിൽ ഈ മെഡിക്കൽവകുപ്പിൻെറ സെക്രട്ടറി ഒരു സാമുവൽ ആണു്. അദ്ദേഹത്തിൻെറ അസിസ്റ്റൻറ് ഒരു തോമസ് ആണു്. താഴെയുള്ള ഉദ്യോഗസ്ഥന്മാരും മിക്കവാറും അങ്ങനെയാണെന്നാണു് തോന്നുന്നതു്. മന്ത്രി എല്ലാവർക്കും അറിയാവുന്നതുപോലെ ശ്രീ. എ. ജെ. ജോൺ അവർകളുമാണു്. ഞാൻ ഈ കാര്യങ്ങളെപ്പററി അറിയാൻ ആഗ്രഹിച്ചതുപോലെയുള്ള വിവരങ്ങൾ ലഭിക്കാത്തതിനാൽ സംഖ്യയിൽ വല്ല തെററും വന്നുപോകുന്നെങ്കിൽ അതു ക്ഷമിക്കണം. ഒരുപക്ഷെ പത്തുപേർ അല്ലെങ്കിൽതന്നെയും എട്ടോ കുറച്ചു കൂടി കുറച്ചോ ആളുകൾ തിരഞ്ഞെടുക്കപ്പെട്ടു എന്നാണു കേൾക്കുന്നതു്. എന്നാൽ ആ തിരഞ്ഞെടുപ്പുകാര്യം വളരെ രഹസ്യമാണു്. ഇവിടെ ജാതി ഇല്ലാത്ത ഒരു കോൺഗ്രസ്സ് ആണല്ലോ ഭരിക്കുന്നതു്. എന്നാൽ ആ കോൺഗ്രസ്സ് ഗവമെൻറിൻെറ ഭരണത്തിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതും ഉദ്യോഗങ്ങൾക്കു നിയമിക്കുന്നതും ഓരോ സമുദായത്തിനും അനുയോജ്യമായ സംഖ്യാബലവും മററും നോക്കിയാണു്. ഈ തിരഞ്ഞെടുപ്പും ആ ന്യായത്തിലാണെങ്കിൽ പത്തുപേരുണ്ടെങ്കിൽ രണ്ടരയോ മൂന്നോ ക്രിസ്ത്യാനികളിൽ കവിഞ്ഞ് തിരഞ്ഞെടുക്കപ്പെടുവാൻ അവകാശമില്ല. അതിൽകവിഞ്ഞ് എത്രതെങ്കിലും കൂടുതലായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അതിനുത്തരം പറയേണ്ടതു് ഇവിടെ ഭരിക്കുന്ന ജാതിയില്ലാത്ത കോൺഗ്രസ്സ് ഗവമെൻറും ഈ വകുപ്പു ഭരിക്കുന്ന മന്ത്രിയുമാണു്. സർ, മെഡിക്കൽ ഡിപ്പാർട്ട്മെൻറിൻെറ ഭരണം ഏററവും അധിക്ഷേപാർഹമായ രീതിയിലും സർജൻജനറലിൻെറ സമുദായത്തിലുള്ള ആളുകൾ ഒഴിച്ചു് മററുള്ളവർക്കു് ദോഷകരമായ നിലയിലുമാണു് നടക്കുന്നതു് എന്നു പറയേണ്ടിവന്നതിൽ എനിക്കു വ്യസനമുണ്ടു്. നല്ല ആശുപത്രികളിൽ എല്ലാം സർജൻ ജനറലിൻെറ സമുദായത്തിൽപ്പെട്ടവർക്കാണു് ഒന്നാമത്തെ അവകാശം. അതായതു് ആദ്യം കത്തോലിക്കർ, പിന്നെ ബാക്കി ക്രിസ്ത്യാനികൾ അതിൽപിന്നീടു് ബാക്കിയുള്ളവർ ഇങ്ങനെയാണു് ആശുപത്രികളിൽ ഡാക്ടറന്മാരെ നിയമിക്കുന്ന ക്രമം. എന്നാൽ ഇങ്ങനെയുള്ള സ്വജനപക്ഷപാതിത്വം കാണിക്കുക മാത്രമല്ല മററു സമുദായങ്ങളിലെ ഡാക്ടർമാർക്കു് അവർക്കു കിട്ടേണ്ട ന്യായമായ പ്രമോഷൻപോലും കൊടുക്കാതെ, നിവൃത്തിയില്ലാതെ വരുമ്പോൾ അവർ രാജിവച്ചു് പോകാമെന്നു വച്ചാൽതന്നെയും അതിനും സമ്മതിക്കാതെ അവരെ ഓടിച്ചിട്ടുപിടിച്ചു് ശിക്ഷിക്കുന്നതും ഒരു വസ്തുതയായിതീർന്നിരിക്കുന്നു. ഇങ്ങനെയാണു് ആ ഡിപ്പാർട്ടുമെൻറ ഭരണത്തിൻെറ പോക്കു്. സർജൻജനറൽ നേരെ ഈ സ്ഥാനത്തു വന്നതല്ല. ബഹു. ടി. കെ. മന്ത്രിസഭയുടെ കാലത്തും ഈ വകുപ്പുമന്ത്രിയായിരുന്നതു് ശ്രീ. എ. ജെ. ജോൺതന്നെയാണു്. അന്നു് മിസ് സാമുവൽ ആയിരുന്നു സർജൻജനറൽ. മിസ് സാമുവൽ ഒരു ക്രിസ്ത്യൻസ്ത്രീ ആയിരുന്നുവെങ്കിലും അവർ പിൻബലമില്ലാത്ത ഒരു ന്യൂനപക്ഷത്തിൽപ്പെട്ടവരും ഒരു തമിഴ്നാട്ടുകാരിയും ആയിരുന്നതുകൊണ്ടു് അവരെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്തു കത്തോലിക്കാ പ്രാബല്യത്തെയും പറവൂരിനേയും ഓർത്തു് അനർഹനായ ജേക്കബ് തളിയത്തിനെ സർജൻജനറലായി പുറവാതു

[Sri. Mannath Padmanabhan pillai]

കൽക്കൂടി കടത്തിഇരുത്തുകയാണ് ചെയ്തത്. അതുകൊണ്ട് ഇവിടെ കോൺഗ്രസിന്റെ പേരിൽ നടക്കുന്നത് മുഴുവനും സാമുദായികാടിസ്ഥാനത്തിലുള്ള അന്യായങ്ങളാണെന്നും മന്ത്രിയുടെ ഭരണം അതിനു മകുടം വയ്ക്കുന്നതാണെന്നും കാണാവുന്നതാണ്. ഇവിടെ ഭൂരിപക്ഷസമുദായത്തിനു യാതൊരു രക്ഷയുമില്ലാതെ ഒരു ന്യൂനപക്ഷത്തിന്റെ സ്വാധീനശക്തിയിലാണ് ഗവണ്മെന്റു കാര്യങ്ങൾ നടക്കുന്നത്. ഇപ്പോഴത്തെ സർജൻ ജനറലിനെപ്പററി ഒരു വാക്കുകൂടി പറഞ്ഞിട്ട് ആ കാര്യം നിറുത്തിക്കൊള്ളാം. മെഡിക്കൽ കോളേജിൽ ഈ സർജൻ ജനറൽ തന്നെ പ്രിൻസിപ്പാൾ ആകാൻ ശ്രമിക്കുന്നതായി അറിയാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി നീട്ടിക്കൊടുക്കാൻ പോകുന്നതായും കേട്ടു. അതിനുള്ള ന്യായം പറവൂർക്കാരനും കത്തോലിക്കനുമാണെന്നുള്ളതുതന്നെ ആയിരിക്കാം. ഇവിടെ ജനസമ്മതി നേടാൻ സാധിക്കാത്ത സർജൻ ജനറൽ മുതലായ ഏതാനും ഉദ്യോഗസ്ഥന്മാർക്ക് വയസ്സു തികഞ്ഞാലും നീട്ടിക്കൊടുക്കുന്നതിനു മന്ത്രിമാർക്കു കഴിവുണ്ട്. അങ്ങനെ പ്രിൻസിപ്പാളും ആയി എന്നുവരാം. ഇവിടെ ഒരു മെഡിക്കൽ കോളേജ് വരാൻ പാടില്ലെന്നു എതിർത്ത ഒരു കൂട്ടർ ഉണ്ടായിരുന്നു. ശ്രീ. അമ്പൂക്കനെപ്പോലെയുള്ള ആളുകൾ അന്നുമുതൽ എതിരാണ്. അവരുടെ വാദം പുറമെയുള്ള മെഡിക്കൽ കോളേജുകൾ മതിയെന്നാണ്. അങ്ങനെ പറയുന്നത് എന്തുകൊണ്ടാണെന്നു നമുക്കറിയാം. വെളിയിൽ ആയാൽ ഭൂരിപക്ഷമുള്ള ആളുകൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം കുറയുമെന്നും അങ്ങനെ സമുദായ ന്യായവും മററും പറയാനുള്ള സൗകര്യം കൊടുക്കാതെ ഈ ഡിപ്പാർട്ടുമെന്റു മുഴുവനും ഒരു സമുദായക്കാരുടെ കയ്യിലാക്കാമെന്നുമുള്ള ഒരു പ്ലാൻ ആയിരുന്നു. ഏതായാലും കോളേജ് അവസാനമായി വന്നുകഴിഞ്ഞു. ഒരു വാദം അവർ കൊണ്ടുവന്നത് മെഡിക്കൽ കോളേജ് ഉണ്ടാക്കാൻ ഈ രാജ്യത്തെ ഭണ്ഡാരത്തിനു ശക്തിയില്ലെന്നാണ്. പ്രാഥമിക വിദ്യാഭ്യാസം ദേശീയമാക്കി ഗവണ്മെന്റുതന്നെ ഏറെറടുക്കണമെന്നു ഭൂരിപക്ഷം വാദിക്കുമ്പോൾ എതിർക്കുന്ന ശ്രീ. ജോൺ ഫിലിപ്പോസിനെപ്പോലെയുള്ള മന്ത്രിമാർ ഗവണ്മെന്റിനെ ഭരിച്ചാൽ ഇന്നു കേൾക്കുന്ന ആക്ഷേപങ്ങൾ ശരിയാണെങ്കിൽ ഭണ്ഡാരത്തിന്റെ വാതൽ എന്നും തുറന്നുകിടക്കുകയേയുള്ളു. പണമില്ലെന്നു പറഞ്ഞു പ്രാഥമിക വിദ്യാഭ്യാസം കയ്യടക്കിവച്ചിരിക്കുന്നവർ മെഡിക്കൽ കോളേജും ഇവിടെ പാടില്ലെന്നു പറയുകയുണ്ടായി. ഏജൻസി മുഖേന മെഡിക്കൽ കോളേജ് നടത്തണമെന്നു പറയുന്ന കൂട്ടരുടെ നേതാവാണ് ഇപ്പോഴത്തെ സർജൻ ജനറൽ. ആ വാദവും നടന്നില്ല. ഇവിടെ ഏജൻസിയെന്നുള്ള നിലയിൽ മെഡിക്കൽ കോളേജ് നടത്താൻ ആരെങ്കിലും വരുന്നെങ്കിൽ അത് ആരാണെന്ന് നമുക്കറിയാം. അതും പററാതെ വന്നപ്പോൾ ഇനിയെന്താണെന്നു നോക്കി ഇറങ്ങിയിറങ്ങി പ്രിൻസിപ്പാൾ ആകാമെന്നും അദ്ദേഹത്തിന്റെ അനുയായികളെ അമേരിക്കയിൽ അയച്ചുവരുത്താമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി മന്ത്രിയുൾപ്പടെ രഹസ്യപ്രവർത്തനം നടത്തുകയാണ്. ഇവിടത്തെ രാജ്യഭരണം ഭൂരിപക്ഷത്തെ എതിർത്ത് ന്യൂനപക്ഷത്തിന്റെ കയ്യിൽ അടക്കാൻ കൌശലപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഹിന്ദുസമുദായത്തിലെ ഏതാനും കോടാലി കൈകൾ അതിന് ആയുധമായും തീർന്നിട്ടുണ്ട്. ഏതായാലും ഈ നിലയിലുള്ള ഭരണം മുമ്പോട്ടുപോകാൻ പോകുന്നില്ല. ശ്രീ. അമ്പൂക്കൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തലോടി ഒന്നു പ്രസംഗിച്ചു. അദ്ദേഹത്തിനു ഒരാഗ്രഹമാണു കൊച്ചിയിൽനിന്നു വന്നപ്പോഴുണ്ടായിരുന്നത്. അതു ഫലിച്ചു. അദ്ദേഹത്തിന്റെ രാജ്യത്തിലുള്ള

ഒരു മന്ത്രി പുറത്തുപോയി. അദ്ദേഹത്തിന്റെ രാജ്യത്തെ പ്രതിനിധീകരിക്കുന്നതിനു് ഒരു മന്ത്രിയില്ലെങ്കിലും വേണ്ടകില്ല, അദ്ദേഹത്തിന്റെ ശത്രുവായ കൊച്ചി മന്ത്രി പോകുന്നമെന്ന വിചാരമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അമ്പുക്കൻ ഇവിടെ വന്നതിനുശേഷം അന്നുമുതൽ ഇന്നലെവരെ ഗവമ്മെന്റിനെ എതിത്തിട്ടു് ഇപ്പോൾ കാൺഗ്രസ് പാർട്ടിയേയും ഗവമ്മെന്റിനേയും മുക്തകണ്ഠം പ്രശംസിക്കുകയാണു ചെയ്യുന്നതു്. അദ്ദേഹത്തിന്റെ രാജ്യത്തെ ഒരു മന്ത്രി പോയതിലുള്ള ഒരാനന്ദമാണതെന്നു തോന്നുന്നു. ഒരു പെരുന്നാൾപോലെ അദ്ദേഹം അതിനെ കൊണ്ടാടുന്നു. സമുദായമൊന്നുമില്ലെന്നു പറയുന്ന ഈ അസംബ്ലിയിൽ ഹിന്ദുവെന്നും ക്രിസ്ത്യാനിയെന്നും മുസ്ലീമെന്നും പറഞ്ഞാൽതന്നെയും ശ്രീ. ടി. കെ. നാരായണപിള്ളമന്ത്രി സഹിക്കാറില്ല. അങ്ങനെയുള്ള ഒരു അസംബ്ലിയിലാണു് 'ഈഴവനായ മുഖ്യമന്ത്രി' എന്നു് അമ്പുക്കൻ എടുത്തുപറഞ്ഞു് ഉപദേശിക്കാൻ പുറപ്പെട്ടിരിക്കുന്നതു്. അതു് മറെറാരു വേലത്തരമാണു്. ഏതായാലും അസംബ്ലിക്കകത്തായാലും പുറത്തായാലും ഹിന്ദുക്കളെ ഭിന്നിപ്പിച്ചും ഹിന്ദുക്കളിൽ കോടാലിക്കൈകളായവരെ കയ്യടക്കിയുമാണു് ഈ രാജ്യത്തെ ഈ ന്യൂനപക്ഷക്കാർ ഭരിക്കുന്നതെന്നു കാണാൻ പ്രയാസമില്ല. മുഖ്യമന്ത്രി കരുതലോടുകൂടിയിരുന്നില്ലെങ്കിൽ അപകടമാണെന്നു് ഞാൻ ഓമ്മപ്പെടുത്തുന്നു. ഏതായാലും ശ്രീ. അമ്പുക്കൻ ഇനിയും മന്ത്രിമാരെ താലോലിക്കാൻ പോകുന്നുണ്ടു്. ഇന്നത്തെ ഭരിക്കുന്ന പാർട്ടി യാദവന്മാരെപ്പോലെ ആയിരിക്കുകയാണു്. അവർ തമ്മിൽതല്ലി മരിക്കാൻ പോകുകയാണു്. ഈ മന്ത്രിസഭയെ കുഴിയിൽ വീഴിക്കാൻ എതിർപക്ഷത്തിനു് പ്രത്യേക ശ്രമമൊന്നും ആവശ്യമില്ല. ഏകനായ അമ്പുക്കൻ പാടുപെടണമെന്നില്ല. കാൺഗ്രസ്തന്നെ അവരുടെ ശവക്കല്ലറ പണിഞ്ഞുകഴിഞ്ഞിരിക്കുന്നു. അടുത്ത തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനംപോലും ഈ കാൺഗ്രസ്സിനു കിട്ടാത്ത തരത്തിൽ വേണ്ടവിധം ജനങ്ങളുടെ വെറുപ്പു സമ്പാദിച്ചുകഴിഞ്ഞു.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർ കാൺഗ്രസ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇലക്ഷനിൽനിന്നു ജയിച്ചതല്ലേ?

ശ്രീ. മന്നത്തുപത്മനാഭപിള്ള: ഞാൻ കാൺഗ്രസ് ടിക്കററിൽനിന്നു ജയിച്ചു. കാൺഗ്രസിനുവേണ്ടി ജോലിചെയ്യുമ്പോൾ ഇന്നത്തെ പാർട്ടിയിൽ കൈപൊക്കി രാജ്യത്തെ തകിടംമറിക്കാനും ന്യൂനപക്ഷം ഭൂരിപക്ഷത്തെ ഭരിക്കാനും കാൺഗ്രസ് തുടങ്ങിയതായികണ്ടു് സാക്ഷാൽ ഗാന്ധിജിയുടെ ആദശപ്രകാരമുള്ള പ്രവൃത്തികൾക്കു ഞങ്ങൾ ഒരു പാർട്ടി രൂപീകരിച്ചു.

ശ്രീ. സി. വി. ഇയ്യു: അങ്ങനെയാണെങ്കിൽ ശ്രീ. ബാലകൃഷ്ണമേനോനും, ശ്രീ. കണ്ണനും ചെയ്തതുപോലെ എന്തുകൊണ്ടാണു് മെമ്പർസ്ഥാനം രാജിവച്ചു രണ്ടാമതു തിരഞ്ഞെടുപ്പിനു നില്ക്കാഞ്ഞതു്?

ശ്രീ. മന്നത്തു പത്മനാഭപിള്ള: അവരേക്കാൾ എനിക്കു ബുദ്ധിയുള്ളതുകൊണ്ടാണു് അങ്ങനെ ചെയ്യാഞ്ഞതു്.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പക്കു് തീച്ചയായും തോൽക്കുമെന്നറിയാം.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഞാൻ കുന്നംകുളത്തല്ല നിൽക്കുന്നതു്. ഞാൻ നിൽക്കുമെങ്കിൽ ജയിക്കുമെന്നു ഇവിടെയുള്ളവരോടും കൊച്ചിയിൽനിന്നു വന്നവരോടും ഉറപ്പുപറയാം.

[Sri. Mannath Padmanabha Pillai]

ഭരണാധികാരികളായി ഇവിടെ നാലുപേരുണ്ട്. ഒന്നു ബഹുമാനപ്പെട്ട സ്പീക്കറും മററു മൂന്നു ബഹുമാനപ്പെട്ട മന്ത്രിമാരും. നാലുപേർ ഭരിക്കുന്നതിൽ രണ്ടു ക്രിസ്ത്യാനികളുണ്ട്. ഇവിടെ ജനസംഖ്യാനുപാതികമായി നോക്കിയാൽ രണ്ടു ക്രിസ്ത്യാനികൾക്കു സ്ഥാനമില്ല.

ശ്രീ. സി. വി. ഇയ്യു: സ്പീക്കർക്കു ഭരണത്തിലെന്താണ് കാര്യം?

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഈ സഭയാണു രാജ്യം ഭരിക്കുന്നതു്. അപ്പോൾ സ്പീക്കർക്കുള്ള സ്ഥാനം എന്താണെന്നു പ്രത്യേകം പറയേണ്ട കാര്യമില്ല. മുമ്പു 6 മന്ത്രിമാരും ഒരു സ്പീക്കറും ഉണ്ടായിരുന്നപ്പോൾ മൂന്നു ക്രിസ്ത്യാനികളുണ്ടായിരുന്നു. മൂന്നിലൊന്നു ജനസംഖ്യയില്ലെങ്കിലും ഈ രാജ്യത്തെ ഭരണകർത്തൃത്വം വഹിക്കുന്നതിൽ പകുതിക്കവകാശമുണ്ടെന്നു കാണിക്കുന്നതിനാണു ഈ വേലത്തരം. കൊച്ചീക്കാരിൽനിന്നു മന്ത്രിയെ എടുക്കാൻ പോകുന്നില്ലാത്തപക്ഷം ഇപ്പോൾ ജോടി തികഞ്ഞ രണ്ടു മന്ത്രിമാരെ കിട്ടിയിട്ടുള്ള സ്ഥിതിക്കു മന്ത്രിസഭ വികസിപ്പിക്കാതിരുന്നാലും തരക്കേടില്ല. വികസിപ്പിക്കാൻ ഭാവമുണ്ടെങ്കിൽ ജനസംഖ്യയും മററും കണക്കാക്കി ഹിന്ദുമന്ത്രിമാരെ നിയമിക്കണം. ബഹു. ശ്രീ. സി. കേശവനും, ബഹു. ടി. കെ. നാരായണപിള്ളയും ബഹു. എ. ജെ. ജാണിന്റെ സമുദായസ്നേഹം കണ്ടുപഠിക്കുകയോ അല്ലാത്തപക്ഷം ശ്രീ. എ. ജെ. ജാണിനെക്കൂടി ദേശീകരിക്കുകയോ ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. അങ്ങിനെ ഇന്നത്തെ ഈ കുഴപ്പങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കുന്നതിനു ഇന്നത്തെ ഈ മൂന്നു മന്ത്രിമാരും ശ്രമിക്കേണ്ടതാണ്. ഞങ്ങളുടെ ഇഷ്ടാനിഷ്ടം നോക്കേണ്ട, തോന്നിയപോലെ മാറുകയും മറിയുകയും കായംകുളം വാളുപോലെ ഇരുവശവും വെട്ടുകയും ചെയ്യുന്നവരല്ല ഞങ്ങൾ. ഈ കാര്യങ്ങൾ എല്ലാം മന്ത്രിസഭ ആലോചിച്ചു പ്രവർത്തിക്കണം. ഗവമ്മെന്റ് ഈ രാജ്യത്തെ ഭൂരിപക്ഷസമുദായത്തെ ഹിംസിക്കുന്ന നടപടികളെ കണ്ണുതുറന്നു കണ്ടു് അതിനു ഒരു പരിഹാരമുണ്ടാക്കുന്ന ഭരണമാണു നടക്കുന്നതെങ്കിൽ ഒരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. ബഹുമാനപ്പെട്ട രണ്ടു മന്ത്രിമാരും ഹിന്ദുവെന്നുള്ള നാമത്തിലാണു അവിടെ ഇരിക്കുന്നതെന്നു ഓർത്തുകൊള്ളണം. ബഡ്ജററെല്ലാം പാസ്സായാലും ജനങ്ങൾ പിന്നിലില്ലെങ്കിൽ ഭരിക്കാൻ സാദ്ധ്യമല്ലെന്നു ഇപ്പോഴത്തെ പ്രധാനമന്ത്രിയും കൂട്ടുമന്ത്രിമാരും ഓർമ്മിക്കുന്നതു നന്നു്. സ്വാർത്ഥന്മാരായ ആളുകളുടെ കൂട്ടുകെട്ടിൽ പെടാതെ രാജ്യം ഭരിച്ചാൽ ഇവിടെ ക്ഷേമമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതിനു പിന്തുണ നൽകാനാണ് ഡെമോക്രാററിക്ക് കാൺഗ്രസ് പാർട്ടിക്കാരായ ഞങ്ങൾ നില്ക്കുന്നതു്.

ശ്രീമതി ആനി ജോസഫ്: അപ്രോപ്രിയേഷൻ ബിൽ വാദപ്രതിവാദത്തിലിരിക്കുന്ന ഈ സഭയിൽ ചർച്ചക്കു എടുത്തിട്ടില്ലാത്ത ഒരു പ്രത്യേക വകുപ്പിനെ സംബന്ധിച്ചു സ്വല്പം പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. എലക്ട്രിസിററി വകുപ്പിനെ സംബന്ധിക്കുന്ന ഒരു പ്രത്യേകകാര്യം മാത്രമേ എനിക്കു പറയേണ്ടതുള്ളു. ഈ കഴിഞ്ഞ [illegible]--ാംനു ഈ സഭയിൽ ഒരു ചോദ്യം വരികയുണ്ടായി. ആ ചോദ്യത്തിൽ ചോദിച്ചിരുന്നതു് പെരിങ്ങൽകുത്തിലുള്ള ജോലിക്കാരുടെ അലവൻസുകളും മററ് ആനുകൂല്യങ്ങളും നിറുത്തലാക്കിയിട്ടുണ്ടോ എന്നായിരുന്നു. അതിനുപറഞ്ഞ മറുപടി "ഇല്ല" എന്നാണ്. അതായതു് കൊടുത്തുകൊണ്ടിരുന്ന അലവൻസുകളും ആനുകൂല്യങ്ങളും തുടർന്നു കൊടുത്തുകൊണ്ടിരിക്കുന്നുവെന്നാണ് ഗവമ്മെന്റുഭാഗത്തുനിന്നും വ്യക്തമായി പറഞ്ഞ മറുപടി. ഇതു ശരികേടെന്നു തന്നെയല്ല സത്യവിരുദ്ധവുമാണ്. അക്ഷന്തവ്യമായ വിധത്തിൽ ആനുകൂല്യ

ങ്ങൾ കുറച്ചിട്ടുണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇതു സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യംകൂടി സഭയെ അറിയിക്കേണ്ടിയിരിക്കുന്നു. പെരിങ്ങൽകുത്തു പദ്ധതിയെ കരുതി അവിടത്തെ ജോലിക്കാർക്ക് ഇതിനുമുമ്പുള്ള കൊച്ചി ഗവൺമെന്റ് ചില ആനുകൂല്യങ്ങൾ ചെയ്തിരുന്നു. വാടകകൂടാതെ സാധനങ്ങളെല്ലാമുള്ള വീടും ശമ്പളത്തിന്റെ ൫൦ ശതമാനം ഹിൽ അലവൻസും കിട്ടുമെന്നുള്ളതായിരുന്നു ആ ആനുകൂല്യങ്ങൾ. ഇതുരണ്ടും ഈ സ്കീമിൽ പ്രവർത്തിക്കാൻപോയ ജോലിക്കാർക്കായി ചെയ്തിട്ടുള്ളതാണ്. കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം ഈ രണ്ട് ആനുകൂല്യങ്ങളും വളരെ വ്യസനകരമായ വിധത്തിൽ എടുത്തുകളയുകയാണുണ്ടായത്. ൧൯൫൦ ജൂൺ ൩൦-ാംനു ഈ ഗവൺമെന്റ്, ശമ്പളത്തിന്റെ പത്തുശതമാനം വീടിനുവേണ്ടി അവർ കൊടുത്തുകൊള്ളണമെന്നു ഒരു ആർഡർ പാസ്സാക്കി. അതു പാസ്സാക്കിയ അന്നുമുതൽ പോരാ, സംയോജനതിയ്യതിമുതൽ retrospective effect-വച്ച് കൊടുക്കണമെന്നാണ് വ്യവസ്ഥയുണ്ടായത്. അതനുസരിച്ചു സാധുക്കളായ ഈ ശമ്പളക്കാരിൽനിന്നും ശമ്പളത്തിന്റെ പത്തുശതമാനം വീതം സംയോജനത്തിനുശേഷം ഈടാക്കുകയും ചെയ്തു. പിന്നീടു വളരെ നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി ഒററ വീടു വേണ്ടവർക്കു ശമ്പളത്തിന്റെ ഏഴര ശതമാനവും രണ്ടു ജോലിക്കാർമാത്രം താമസിക്കുകയാണെങ്കിൽ അവർക്കു ശമ്പളത്തിന്റെ രണ്ടര ശതമാനവും എന്നാക്കി കുറച്ചു. ഹിൽഅലവൻസ് ൨൦ ശതമാനവുമാക്കി കുറച്ചു. നേരെമറിച്ച് പെരിങ്ങൽകുത്തിൽനിന്ന് മൂന്നാററിലേക്ക് മാററിയിട്ടുള്ള ആളുകൾക്ക് ശമ്പളത്തിന്റെ ൫൦ ശതമാനംതന്നെ കൊടുക്കുന്നുമുണ്ട്. എന്നാൽ പെരിങ്ങൽകുത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്ക് അന്നും ഇന്നും അവരുടെ ഹിൽഅലവൻസ് ൨൦ ശതമാനമായി കുറച്ചിരിക്കുകയാണ്. ഇതു വളരെ അനീതിയും അന്യായവുമാണെന്നു എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും. എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്തിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. പെരിങ്ങൽകുത്തിൽനിന്നു ചാലക്കുടിക്ക് ൩൦ മൈലുണ്ട്. അവിടെ ജോലി ചെയ്യുന്നവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും വളരെ അടിയന്തിരമായതും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ കാര്യങ്ങൾക്കുംവേണ്ടി അവിടെയുള്ളവർ ചാലക്കുടിയിൽ വരേണ്ടതുണ്ട്. ഈ കിട്ടുന്ന ശമ്പളംകൊണ്ടുപോലും സാധുക്കൾക്ക് ജീവിക്കാൻ സാധിക്കാതെവരുന്ന സ്ഥിതിക്ക് ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾകൂടി സഹിക്കേണ്ടിവരുന്നതു വലിയ കഷ്ടമാണ്. ഇതു ഗവൺമെന്റിന്റെ മനഃപൂർവ്വം കൊണ്ടാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഇങ്ങനെ കഷ്ടപ്പെടത്തക്കവണ്ണം എന്തപരാധമാണ് പെരിങ്ങൽകുത്തിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുള്ളത്? ഇതു വളരെ ആലോചിച്ചു ചെയ്യണമെന്നുള്ള മനോഭാവമാണു ഗവൺമെന്റിനുള്ളതെങ്കിൽ അതിലേയ്ക്കു ധാരാളം സമയം ഉണ്ടായിരുന്നു. ഉത്തരവാദപ്പെട്ട പല മെമ്പറന്മാരും ഈ സംഗതി പല അവസരങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമാത്രമല്ല ഒന്നിലധികംപ്രാവശ്യം ഈ കാര്യം പത്രങ്ങളിലും വന്നു. പക്ഷെ ഇതുവരെ കാര്യമായി ഒന്നും ചെയ്തില്ല. ഗവൺമെന്റിനു ഈ കാര്യത്തിൽ നീതി നടത്തണമെന്നുണ്ടെങ്കിൽ ഇതു സംബന്ധിച്ചു ഉടനെ ചിന്തിക്കേണ്ടതാണ്. അവർക്കു ന്യായമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നെനിക്കൊരപേക്ഷയുണ്ട്. ഗവൺമെന്റ് ആർഡറിൻപ്രകാരം അവർക്കനുവദിച്ചുകിട്ടിയിരുന്ന ആനുകൂല്യങ്ങൾ അവിടത്തെ ജോലിക്കാർക്കു തുടർന്നു കൊടുക്കേണ്ടതു് ഒരാവശ്യമാണെന്നു ഗവൺമെന്റു മനസ്സിലാക്കിയാൽ മതി. അതു മനസ്സിലാക്കാതെയിരുന്നാൽ വളരെ കഷ്ടമാണ്. അവർ ചെയ്യുന്നതായ ജോലിയും ജോലിസ്ഥലവും കൂടി ഗവൺമെന്റു ഓർമ്മിച്ചുനോക്കേണ്ടതാണ്. അ

[Sri. Annye Joseph]

തുകൊണ്ടു അവർക്കാവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണു് ഞാൻ വീണ്ടും അപേക്ഷിക്കുന്നതു്.

സഭയിൽ ഈ വശത്തിരിക്കുന്ന മെമ്പറന്മാരെപ്പററി വളരെ ആക്ഷേപകരമായും അന്തസ്സിനു യോജിക്കാത്ത തരത്തിലും മറുഭാഗത്തുനിന്നും പ്രസംഗിക്കുന്നതും ചില സൂചനകൾ നടത്തുന്നതുമായി കേൾക്കുകയുണ്ടായി. സഭയുടെ അന്തസ്സിനു യോജിക്കാത്ത തരത്തിലും കുടുംബത്തിന്റെ അന്തസ്സിനുപോലും യോജിക്കാത്തതരത്തിലും ഇങ്ങനെയുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതുകാണുമ്പോൾ.എനിക്കതേപ്പററി ഒന്നും പറയാൻ കാണുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ ഒന്നു പിന്തിരിഞ്ഞു നോക്കിക്കൊണ്ടും വളരെ ആലോചിച്ചും പറഞ്ഞാൽ വളരെ അന്തസ്സായിരിക്കും. മി: മന്ദം പറയുകയുണ്ടായി ഈ സഭയിലും അധികാരസ്ഥാനങ്ങളിലും ക്രിസ്ത്യാനികൾ ആണു് അധികമെന്നു്. അന്യായമായി ക്രിസ്ത്യാനികൾക്കു പ്രാതിനിധ്യം വേണമെന്നു ഒരു ക്രിസ്ത്യാനിയും ആവശ്യപ്പെട്ടിട്ടില്ല. ഹിന്ദുക്കൾതന്നെ എല്ലാ സ്ഥാനങ്ങളിലും ഇരുന്നുകൊള്ളട്ടെ. അതിലും ഞങ്ങൾക്കു വിരോധമില്ല. നീതി നടക്കണം, ജനങ്ങൾക്കുപകാരപ്രദമായ ഭരണം നടത്തണമെന്നു മാത്രമേ ക്രിസ്ത്യാനികൾ ആഗ്രഹിക്കുന്നുള്ളു. ഹിന്ദുക്കളായാലും മറേറതു വിഭാഗക്കാരായാലും അന്തസ്സായും കാര്യക്ഷമമായും ഭരണം നടത്തണം. അല്ലാതെ ക്രിസ്ത്യാനിക്കു എല്ലാ സ്ഥാനങ്ങളും ലഭിക്കണമെന്നു ആരും പറഞ്ഞിട്ടില്ല, പറയുകയുമില്ല. പക്ഷെ ഇങ്ങനെ കണക്കുകൾ ഉദ്ധരിച്ചു ഏതവസരത്തിലും പറയുന്നതിനു ലജ്ജതോന്നുന്നില്ലല്ലോ എന്നാണു് ഞാൻ വിചാരിക്കുന്നതു്.

ഇന്നു കൊച്ചിരാജ്യത്തെ സംബന്ധിച്ചിടത്തോളം മന്ത്രിസഭയിലെന്നല്ല, എതുകാര്യത്തിലും ഒരവഗണനദയാടുകൂടിയാണു് പെരുമാറുന്നതു്. ഞങ്ങൾക്കു രാജ്യത്തിന്റെ അന്തസ്സു പാലിക്കണം. അതു ഞങ്ങളുടെ ചുമതലയാണു്. അതു പറയുന്നതിൽ ഞങ്ങൾ ലജ്ജിക്കുന്നില്ല. അതു രാജ്യത്തിന്റെ ആവശ്യമാണെന്നും ആവർത്തിച്ചുപറയാൻ ഞാനാഗ്രഹിക്കുന്നു. ഈ വക കാര്യങ്ങളെസംബന്ധിച്ചു ഉത്തരവാദിത്വമുള്ള ബഹു: മെമ്പറന്മാർ ശ്രദ്ധിക്കണമെന്നറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ഇരുപത്തിനാലുകോടി തൊണ്ണൂററി ഒൻപതുലക്ഷത്തിൽ ചില്വാനം രൂപയുടെ ധനാഭ്യർത്ഥനയോടുകൂടിയാണു് ബഹു: ധനകാര്യമന്ത്രി സഭയുടെമുമ്പിൽ ഈ ബിൽ അംഗീകാരത്തിനായി വച്ചിരിക്കുന്നതു്. ഇതു വളരെ പരിശോധിച്ചു പഠിച്ചതിനുശേഷം ഒരു തത്വം എനിക്കു വളരെ വ്യക്തമായി കാണുവാൻ സാധിച്ചു. അതായതു് ൨൪ കോടിയിൽ ചില്വാനം എന്നു പറഞ്ഞതു് ഏകദേശം ൨൫ കോടി രൂപയോളം വരുന്ന ഒരു ധനാഭ്യർത്ഥനയിൽ ൨ കോടി മുപ്പത്തിനാലുലക്ഷം രൂപയോളം കൺസോളിഡേറ്റഡ് ഫണ്ടിൽ ചേർത്തിരിക്കുന്നതും വോട്ടിനു വിധേയമാക്കാത്തതും ബാക്കി കാണുന്ന ൨൨ കോടി ൬൪ ലക്ഷത്തിൽ ചില്വാനം രൂപയുടെ അഭ്യർത്ഥന ഈ സഭയുടെ ചർച്ചക്കു കൊണ്ടുവരുകയും ഓരോ ഡിപ്പാർട്ടുമെൻറുകളുടേയും ഭരണദൂഷ്യങ്ങളേയും മററും ചൂണ്ടിക്കാണിച്ചുകൊണ്ടു് വാദപ്രതിവാദം നടത്തുന്നതിനു ഒരവസരം കിട്ടുന്നതിനു സഭയ്ക്കു് അവകാശമുണ്ടെങ്കിലും കിട്ടായ്കയാൽ വളരെ വിഷമം ഉണ്ടായിട്ടുള്ളതുമായ ഒരു പ്രശ്നമാണു്. എന്നാൽ ഒൻപതു കോടിക്കും പത്തുകോടിക്കും ഇടയ്ക്കുള്ള ഒരു സംഖ്യയെ സംബന്ധിച്ചു ശബ്ദിക്കപോലും ചെയ്യാതെ വോട്ടുകളുടെ ശക്തിമൂലം പാസ്സാക്കാൻ ഇടയായിട്ടുള്ളതായും

കാണുന്നു. അതായതു് മൂന്നിലൊന്നിൽ കൂടുതലായിരിക്കുന്ന ഒരു സംഖ്യ ഈ സഭയുടെ ചർച്ചയ്ക്കു വിധേയമാകാതെ പല ഡിപ്പാർട്ടുമെൻറുകളുടേയും പൊളിററിക്കലായും ഭരണപരമായും എത്രയും പ്രധാനപ്പെട്ടതുമായും ഉള്ള പല ഡിപ്പാർട്ടുമെൻറുകളുടേയും, ഉദാഹരണമായി ജയിൽ, മെഡിക്കൽ, എലക്ട്രിസിററിയുടെ ചില ഭാഗങ്ങൾ മുതലായ ഡിപ്പാർട്ടുമെൻറുകൾ ഉൾക്കൊള്ളുന്ന ഭീമമായ ഒരു സംഖ്യയെപ്പററി ഇവിടെ സംസാരിക്കുന്നതിനു ഈ സഭയ്ക്കു ഒരവസരംപോലും തരാതെ ധൃതഗതിയിൽ പാസ്സാക്കുകയും അതുപോലെതന്നെ ഒരു പരിപാടിയും ആലോചനയും കൂടാതെ ഈ ബഡ്ജററ് തയാറാക്കുകയും ചെയ്തതു് ഏററവും അപലപനീയവും ആക്ഷേപാർഹവുമായ ഒരു സംഗതിയാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ സംഗതികളെസംബന്ധിച്ചു വീണ്ടും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

ഇതുവരെ ഇവിടെ നടത്തിയിട്ടുള്ളതായ ചില ബഡ്ജററു ചെലവുകളെസംബന്ധിച്ചുള്ള ചില തത്വങ്ങളിലേയ്ക്കു കടക്കണമെന്നാണു് ഞാനുദ്ദേശിക്കുന്നതു്.

സർ, കൂടക്കൂടെ മന്ത്രിമാററങ്ങൾ പതിവായിട്ടുള്ള ഫ്രാൻസ്‌രാജ്യത്തും എല്ലാ സംഖ്യകളും ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. എന്നാൽ അപ്പോഴപ്പോൾനേരിടുന്ന അത്യാവശ്യങ്ങൾക്കുവേണ്ടി മന്ത്രിസഭയ്ക്കു പണംചെലവാക്കത്തക്കവിധത്തിലാണു് അവിടത്തെ ഭരണഘടനയനുസരിച്ചു ബഡ്ജററു രൂപീകരിച്ചു വരുന്നതു്. അമേരിക്കയിലാകട്ടെ അവിടത്തെ പ്രസിഡൻറു് ഭരണപരമായ കാര്യങ്ങളിൽ സർവ്വാധിപതിയാണെന്നിരുന്നാലും ധനസംബന്ധമായ കാര്യങ്ങളിൽ അവിടത്തെ കോൺഗ്രസ്സിൻെറ പരിപൂർണ്ണമായ സമ്മതത്തോടുകൂടിയല്ലാതെ ഒററ ഡാളർപോലും ചെലവാക്കുന്നതിനു സാധിക്കുന്നില്ലെന്നാണു് ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. ഈ അടുത്ത ദിവസംതന്നെ ഇൻഡ്യയുടെ ഭക്ഷണക്ഷാമം നേരിടുന്നതിനുവേണ്ടി ഏററവും അത്യാവശ്യമെന്നു അവിടത്തെ പ്രസിഡണ്ടിനു ബോദ്ധ്യംവന്നു് ൨൦ ലക്ഷം ടൺ ധാന്യം ഇന്ത്യയിലേയ്ക്കു അയച്ചുകൊടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി പ്രസിഡൻറു് ഒരു ബിൽ അവിടെ അവതരിപ്പിച്ചു. സഭകൾ വേണ്ടവിധത്തിലുള്ള ചർച്ചയ്ക്കു വിധേയമായിട്ടു അതനുവദിക്കത്തക്കതാണോ അല്ലയോ എന്നുള്ള പൂർണ്ണമായ ബോദ്ധ്യം വന്നതിനുശേഷം മാത്രമേ അതനുവദിച്ചുകൊടുക്കുകയുള്ളു എന്നുള്ള നിലയിലാണിരിക്കുന്നതു്. ഇതുവരെ ആ ബിൽ പാസ്സാക്കപ്പെട്ടിട്ടില്ലെന്നു ഓർക്കണം.

ഇംഗ്ലണ്ടിലാണെങ്കിൽ ഇങ്ങനെ ആവശ്യം നേരിടുന്ന അവസരങ്ങളിൽ ചെലവുചെയ്യുന്നതിലേയ്ക്കായി ഒരു സിവിൽ കണ്ടിജൻസിസ്സ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങിനെയുള്ള ഫണ്ടിൽനിന്നും അപ്രതീക്ഷിതമായ ആവശ്യങ്ങൾ വരുമ്പോൾ മാത്രമേ അവിടത്തെ ധനകാര്യമന്ത്രി അതിനെ വിനിയോഗിക്കുകയുള്ളു. അതായതു് വെള്ളപ്പൊക്കം, വലിയ യുദ്ധങ്ങൾ, വലിയ മഹാമാരികൾ ഇങ്ങനെയുള്ള അടിയന്തിരസന്ദർഭങ്ങളിൽ മാത്രമേ ബഡ്ജററിനു പുറത്തുനിന്നും ഈ വക സംഖ്യകൾ ചെലവാക്കാൻ അധികാരമുള്ളു. അതുപോലെ ഭരണത്തിനു വിഘാതം നേരിടാതിരിക്കുന്നതിനു ഒരു കരുതൽ എന്നുള്ള നിലയിലാണു് ഈ സിവിൽ കണ്ടിജൻസിഫണ്ടു് ഏർപ്പെടുത്തിയിട്ടുള്ളതു്. ആ രാജ്യങ്ങളിലുള്ളവർ വളരെ കരുതലോടുകൂടിയാണു് രാജ്യത്തിൻെറ ധനം വിനിയോഗിക്കുന്നതു്. ഇവിടെയാകട്ടെ നാം നോക്കുകയാണെങ്കിൽ അതിനെല്ലാത്തിനും വ്യത്യസ്ഥമായ ഒരു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്.

സർ, ഏതാനും സപ്ലിമെൻററി ഡിമാൻറുകൾ മൂലം ഒരുകോടി രൂപയോളം ഈ ബഡ്ജററവേളയിൽതന്നെ പാസാക്കിയെടുത്തു. ഇതേസംബന്ധിച്ചു വ

[Sri A. K. Patchu Pilli]

ലിയ ധനതത്വശാസ്ത്രജ്ഞന്മാർ പറയുന്നതു്, ബഡ്ജററിനു വെളിക്കുപോയി എന്തെങ്കിലും തുക ചെലവാക്കണമെന്നുണ്ടെങ്കിൽ അതു വരുമാനത്തിന്റെ രണ്ടുശതമാനത്തിൽ കൂടുതൽ പാടില്ല എന്നാണു്.

സർ, സെക്കൻററി വിദ്യാഭ്യാസത്തിനുതന്നെ നാം ൨൦ ലക്ഷംരൂപാ അനുവദിച്ചുകൊടുത്തു. അതുതന്നെയാണെങ്കിൽ ഇവിടത്തെ റവന്യുവിൽനിന്നും രണ്ടു ശതമാനമായി കഴിഞ്ഞു. അപ്പോൾ ഈയിടെ സപ്ലിമെൻററി ഡിമാൻറായി പാസ്സാക്കിയെടുത്ത ഒരുകോടി രൂപാ കൂടി കണക്കാക്കുമ്പോൾ ബഡ്ജററു എമൌണ്ടിന്റെ പത്തുശതമാനത്തിലധികമാണെന്നു കാണാം. ഇതിൽ വളരെ വലിയൊരു സംഖ്യ അപ്രതീക്ഷിതമായ യാതൊരു ആവശ്യത്തിനും വേണ്ടിയുള്ളതല്ലയെന്നു പ്രത്യക്ഷത്തിൽതന്നെ മനസ്സിലാക്കാവുന്നതാണു്. ഇങ്ങനെ ഭൂരിപക്ഷകക്ഷിയുടെ വോട്ടിന്റെ ശക്തികൊണ്ടു് പാസ്സാക്കിയെടുക്കുന്ന നയത്തോടും ഈ ബഡ്ജററിനോടും ജനങ്ങൾക്കു അവജ്ഞതോന്നുവാൻ കാരണമില്ലേയെന്നു നാം ആലോചിക്കേണ്ടതാണു്. ഒരു ബഡ്ജററുണ്ടാകുന്നതിനുമുൻപു, ഈ വഷത്തിൽ ഗവമെന്റിനുണ്ടാകുവാൻപോകുന്ന വരവിന്റെയും ചിലവിന്റെയും......

ശ്രീ. എ. ജെ. ജോൺ: സപ്ലിമെൻററി ഡിമാൻറിനെ സംബന്ധിച്ചു ഇപ്പോൾ വാദപ്രതിവാദം ചെയ്യുന്നതു് ശരിയാണോ?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ ഭൂരിപക്ഷംകൊണ്ടല്ലാതെ ന്യൂനപക്ഷംകൊണ്ടു പാസ്സാക്കികിട്ടുന്നതിനു വല്ല ന്യായവും ഉണ്ടോ? (ഉത്തരമില്ല)

ശ്രീ. എ. ജെ. ജോൺ: ഫ്റാൻസിലും മററും പലതും നടക്കുന്നുണ്ടു്. അതൊന്നും ഇവിടെ നടത്തണമെന്നില്ല.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: പൊതുപ്രാധാന്യമുള്ള ഭരണപരമായ കാര്യങ്ങളെ പരാമർശിച്ചു മാത്രമേ ഈയവസരത്തിൽ സംസാരിക്കാൻ പാടുള്ളു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ബോംബെയിലും മദ്രാസിലും സ്വീകരിച്ചു നടപടികൾ മനസ്സിലാക്കിയശേഷവും, കഴിഞ്ഞ കൊല്ലത്തെ പ്രവത്തനപരിപാടികൾ ഗവമെൻറു തുടന്നുകൊണ്ടു പോകുന്നപക്ഷം ഇന്നയിന്ന തകരാറുകൾ ഉണ്ടാകാം എന്നു ഗവമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു ഈ അവസരത്തിൽ ന്യായവും ആവശ്യവും ആയിരിക്കുമെന്നു തോന്നിയതുകൊണ്ടുമാണു് ഞാൻ ഇപ്പോൾ ഈ കാര്യങ്ങൾ റഫർചെയ്തു പറയുന്നതു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അവിടെ എന്തെങ്കിലും തെററുചെയ്തിട്ടുണ്ടെങ്കിൽ അതു ഇവിടെ ആവത്തിക്കണമെന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ തെററു ചെയ്തിട്ടില്ല. അതു ഞാൻ ആവത്തിക്കുന്നുമില്ല. ഗവമെൻറിന്റെ നയപരിപാടികൾ എന്തെല്ലാമാണെന്നു നിയമസഭയുടെ മുമ്പിൽവച്ചു് പൂണ്ണമായി ചച്ചചെയ്തതിനുശേഷം അവ നടപ്പിൽവരുത്തുന്നതിനു് ഗവമെൻറു ശ്രദ്ധിക്കേണ്ടതു് അത്യാവശ്യമാണു്. കൂടക്കൂടെ ഇഷ്ടംപോലെ ഈ നിയമസഭയിൽ സപ്ലിമെൻററി ഡിമാൻറുകൾ കൊണ്ടുവരുന്നതിനു ഇടയാകാതിരിക്കാൻ ഗവമെൻറിന്റെ പ്രവത്തനപരിപാടികളെല്ലാം നേരത്തേതന്നെ ഈ സഭയുടെ മുമ്പിൽവച്ചു് ചച്ചചെയ്യുന്നതു സഹായകമായിരിക്കും. ഈ രാജ്യത്തെ പൊതുജനങ്ങളെ സാരമായി സ്പർശിക്കുന്നതും പൊതുജനങ്ങൾക്കു് വളരെ വളരെ ആക്ഷേപങ്ങൾ ഉള്ളതുമായ മെഡിക്കൽ വകുപ്പിനെ കുറിച്ചും ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും രാഷ്ട്രീയ തട

തടവുകാരായാലും ശരി, അല്ലാത്ത തടവുകാരായാലും ശരി, കിടന്നു ദുരിതമനുഭവിക്കുന്നതായ ജയിലുകളുടെ ഭരണം നടത്തുന്ന വകുപ്പിനെകുറിച്ചും ചർച്ചചെയ്യുന്നതിനു സന്ദർഭംകിട്ടാതിരുന്നതിൽ ഈ സഭയ്ക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള പ്രതിഷേധത്തെ സൂചിപ്പിക്കണമെന്നും ഞാൻ ഉദ്ദേശിക്കുന്നു. ഈ അവസരത്തിൽ സംഗതമായ ചില ചോദ്യങ്ങൾക്കുകൂടി മറുപടി പറയേണ്ട ഭാരവും എനിക്ക് വന്നുചേർന്നിരിക്കുന്നു.

എന്റെ ബഹു. സ്നേഹിതൻ ശ്രീ. അയ്യക്കൻ ചില വലിയ ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഒരു പാർട്ടിയുടെ ടിക്കററിൽനിന്നുകൊണ്ടു നിയമസഭാമെമ്പർസ്ഥാനം കരസ്ഥമാക്കിയതിനുശേഷം ആ പാർട്ടിയിൽനിന്നു രാജിവയ്ക്കാതെ വേറൊരു പാർട്ടിയായി പിരിഞ്ഞുനിന്നു പ്രവർത്തനം നടത്തുന്നതു ശരിയാണോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. തിരുവിതാംകൂറിലെ രാഷ്ട്രീയ ചരിത്രത്തെപ്പററി അജ്ഞനായ അദ്ദേഹം ഇതിന്റെ പശ്ചാത്തലമോ അങ്ങിനെ പ്രവർത്തിക്കുന്നതിനുണ്ടായ കാരണങ്ങളോ മനസ്സിലാക്കാതെ ഇവിടെ വന്നപ്പോൾ അങ്ങുംഇങ്ങും ചിലയാളുകൾ ഇരിക്കുന്നതുകണ്ടിട്ട് അവരിൽ ചിലർ മുമ്പ് വേറെ ഏതോ പാർട്ടികളിൽപ്പെട്ടിരുന്ന ആളുകളാണെന്നു മനസ്സിലാക്കിവച്ചുകൊണ്ട് ഇങ്ങനെ ഒരു വിമർശനം നടത്താൻ മുതിർന്നിട്ടുള്ളതാണെന്നു എനിക്കറിയാം. തിരുവിതാംകൂറിലെ കാൺഗ്രസ് ടിക്കററിന്മേൽ വന്നിട്ടുള്ളതായ അംഗങ്ങൾ മുഴുവൻ തിരുവിതാംകൂറിൽ ന്യായമായും സമാധാനപരമായുമുള്ള മാർഗ്ഗങ്ങളിൽകൂടി ഉത്തരവാദിത്വഭരണം സമ്പാദിക്കുന്നതിനു നിശ്ചയംചെയ്തു പ്രതിജ്ഞ ഒപ്പിട്ടു കൊടുത്തതിന്റെ ഫലമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണ്. ആ ഉത്തരവാദിത്വം ഇവിടെ ഉത്തരവാദിത്വഭരണം ലഭിച്ചപ്പോൾ അവസാനിച്ചു. അതിനുശേഷം തിരുവിതാംകൂറിലെ ജനങ്ങളുടെ സമ്മതമില്ലാതെ, ജനങ്ങളുടെ അഭിപ്രായം ആരായുകയോ ആവശ്യപ്പെടുകയോപോലും ചെയ്യാതെ, അന്നു കോൺഗ്രസ് രൂപീകരിച്ചിരുന്നതായ അതിന്റെ ഘടകങ്ങളോടുപോലും ഒരു സംയോജനത്തിനു തയ്യാറാണോ എന്നു ചോദിക്കാതെ ഒരു തിരുവിതാംകൂർ കൊച്ചി സംയുക്തഗവമ്മെണ്ടു ഇവിടെ സൃഷ്ടിക്കുകയും തിരുവിതാംകൂർ കാൺഗ്രസ് പാർട്ടിയുടെ അഭിപ്രായമോ അനുമതിയോ കൂടാതെ ചില നേതാക്കന്മാർ കൊച്ചി കാൺഗ്രസ് പാർട്ടിയുമായി ഒത്തുചേർന്നു ഒരു സംയുക്തകാൺഗ്രസ്പാർട്ടി രൂപീകരിക്കയുമാണ് ഉണ്ടായിട്ടുള്ളതു്. ഇതിനൊന്നിനും ഈ രാജ്യത്തെ ജനങ്ങളുടെ അംഗീകാരം ഉണ്ടായിരുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെട്ട സംയുക്തപാർട്ടിയോടു ഞങ്ങൾക്കു യാതൊരു ബന്ധവുമില്ലാതെ, ഞങ്ങൾ യാതൊരു പ്രതിജ്ഞയും ചെയ്യാതെ പ്രവർത്തിച്ചുവരികയാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: തിരുവിതാംകൂറിൽ ഈ മെമ്പറന്മാരെ എല്ലാം തെരഞ്ഞെടുത്തിട്ടുള്ളതു തിരുവിതാംകൂറിനു ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനുവേണ്ടി ആയിരുന്നില്ലേ?

ശ്രീ. എ. കെ. പാച്ചുപിള്ള: അതേ, തിരുവിതാംകൂറിനു ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനു മാത്രമുള്ള മാൻഡേറേറാട്കൂടിയാണ് തിരുവിതാംകൂറിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഒരു ഭരണഘടന എഴുതി ഉണ്ടാക്കേണ്ട ആവശ്യം ഇല്ലാതെ വന്നപ്പോൾ തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു തയ്യാറായവരാണോ മാൻഡേററ് ലംഘിച്ചതു്, അതോ അതിൽ ചേരാതെ നിന്നവരാണോ?

ശ്രീ. എ. കെ. പാച്ചുപിള്ള: അതു ഒരു വലിയ പ്രശ്നമായതുകൊണ്ടു് ഞാൻ തല്ക്കാലം അതിലേയ്ക്കു പ്രവേശിക്കുന്നില്ല. തിരുവിതാംകൂറിലെ ജനങ്ങളുടെ യാതൊരു അനുമതിയുംകൂടാതെ ഏതാനും നേതാക്കന്മാരുടെ തന്നിഷ്ടം അനുസരിച്ചു് ഈ സഭയുടെ ഘടനയെപ്പററിപോലും ചിന്തിക്കാതെയാണു് സംയോജനം നടത്തിയതു്. അങ്ങനെ പുതുതായി സൃഷ്ടിക്കപ്പെട്ട പാർട്ടിയിൽ ഞങ്ങൾ അംഗമായിരിക്കുകയോ പ്രതിജ്ഞ ഒപ്പിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തതുകൊണ്ടു് ആ പാർട്ടിയുടെ നിയമങ്ങളോ ഇഷ്ടാനിഷ്ടങ്ങളോ അനുസരിക്കേണ്ട കാര്യം ഞങ്ങൾക്കില്ല. ഞങ്ങൾക്കു് ഈ സംയുക്തപാർട്ടിയുമായി യാതൊരു കരാറുമില്ല. അതുകൊണ്ടു് ഏതെങ്കിലും കരാറു അനുസരിക്കാതിരിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. കാൺഗ്രസ് ദുഷിച്ചു് തിരു—കൊച്ചിയിലെ ജനങ്ങളെയും അവരുടെ അഭിലാഷങ്ങളെയും പ്രതിബിംബിപ്പിക്കുന്നില്ലെന്നു മനസ്സിലായ ക്ഷണത്തിൽ, കാൺഗ്രസ്കക്ഷിക്കാർ അവരുടെ പ്രകടനപത്രികമൂലം പ്രഖ്യാപനം ചെയ്തിരുന്ന വാഗ്ദത്തങ്ങളെ യാതൊരു വിലയുമില്ലാതെ കാററുപറത്തിക്കൊണ്ടു പ്രവർത്തിക്കാൻ തുടങ്ങിയ നിമിഷത്തിൽ അതിൽ ഞങ്ങൾക്കുള്ള പ്രതിഷേധം അറിയിച്ചുകൊണ്ടും അവരോടു സഹകരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ലെന്നു വ്യക്തമാക്കികൊണ്ടും ഞങ്ങൾ വേറെ ഒരു പാർട്ടി രൂപീകരിച്ചു് പ്രവർത്തിക്കുന്നതിൽ എന്താണാക്ഷേപമെന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. സദാസമയവും പൗരുഷത്തെപ്പററിയും ആണത്തത്തെപ്പററിയും പ്രസംഗിച്ചു് അതിന്റെ പേരിൽ ആഹ്വാനങ്ങൾ മുഴക്കിക്കൊണ്ടിരിക്കുന്ന എന്റെ ബഹു. സ്നേഹിതനോടു സ്വന്തം ഹൃദയത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഇന്നലെ അദ്ദേഹം എന്താണു ചെയ്തതെന്നു ഒന്നു പരിശോധിച്ചു നോക്കട്ടെ. ഒരു ഡിപ്പാർട്ടുമെൻറിന്റെ ധനാഭ്യർത്ഥനവന്നപ്പോൾ അനുകൂലിക്കുകയും അതേതത്വംതന്നെ ഉൾക്കൊള്ളുന്നതായ മറെറാരു ധനാഭ്യർത്ഥനവന്നപ്പോൾ അദ്ദേഹം നിഷ്പക്ഷത അവലംബിക്കുകയുമല്ലേ ചെയ്തതു്?

ശ്രീ. ഇട്ടീര അമ്പൂക്കൻ: അനുകൂലിച്ചു വോട്ടുചെയ്ത ധനാഭ്യർത്ഥന ഈ രാജ്യത്തെ ഭക്ഷോല്പാദനവർദ്ധനവിനുള്ളതും നിഷ്പക്ഷത അവലംബിച്ച ധനാഭ്യർത്ഥന ഇവിടത്തെ നിയമസഭയെ സംബന്ധിച്ചുള്ളതുമായിരുന്നു. രണ്ടാമത്തേതിൽ എനിക്കു പ്രതിഷേധമുള്ളതുകൊണ്ടാണു് ഞാൻ നിഷ്പക്ഷത അവലംബിച്ചതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: നിയമസഭയെ സംബന്ധിച്ചു് ബഹു. മെമ്പർക്കു പ്രതിഷേധം ഉണ്ടായിരുന്നുവെങ്കിൽ അതിനു എതിരായിട്ടുതന്നെ വോട്ടുചെയ്യേണ്ടതായിരുന്നു. പക്ഷെ ആണത്തമുള്ള എന്റെ ബഹു. സ്നേഹിതൻ ലജ്ജാകരമായവിധം നിഷ്പക്ഷത അവലംബിക്കുകയാണുണ്ടായതു്. സർ, ആണത്തത്തെപ്പററി പറയുന്നവർക്കു ആണത്തമില്ലെങ്കിലും കുറച്ചു പെണ്ണത്തമെങ്കിലും ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ പ്രവൃത്തി ആണത്തവും പെണ്ണത്വവുമല്ലാ മറെറാരു ഭാഷയാണു് പറയേണ്ടതു്. എന്റെ സ്നേഹിതൻ അതുകൂടെ ആലോചിച്ചിട്ടു് പ്രസംഗിക്കുന്നതു് നന്നായിരിക്കും. അതുകൊണ്ടു് എനിക്കു എന്റെ ബഹു. സ്നേഹിതനോടും അദ്ദേഹത്തിന്റെ ചിന്താഗതിയുള്ള മററു സ്നേഹിതന്മാരോടും പറയുവാനുള്ളതു് ഞങ്ങൾ ഒരു പാർട്ടിയോടും യാതൊരു വഞ്ചനയും കാണിച്ചിട്ടില്ലെന്നും പൗരുഷത്വത്തോടുകൂടിത്തന്നെ ഞങ്ങൾ ആദ്യംമുതൽ പ്രവർത്തിച്ചുപോരുന്നുണ്ടെന്നുമാണു്. ജനങ്ങളോടും, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളോടും ഞങ്ങൾ ചെയ്തിട്ടുള്ള പ്രതിജ്ഞകൾ വിപരീതമായി യാതൊന്നും ഞങ്ങൾ ചെയ്തിട്ടില്ലെന്നും എന്റെ സ്നേഹിതന്മാർ മനസ്സിലാക്കിയാൽ നന്നായിരിക്കും.

ഈ ബഡ്ജററിനെപ്പററി ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഗവമെൻറ് ഇങ്ങനെ ഹൃദയലാഘവത്തോടുകൂടി പെരുമാറാതെ കുറച്ചു് ഗൗരവമായിട്ടെടുത്തു ഈ സഭയിൽനിന്നുമുള്ള അനുമതിക്കകത്തുനിന്നുകൊണ്ടുതന്നെ പ്രവർത്തിക്കുന്നതിനു ബഹു. മന്ത്രിമാർ കടപ്പെട്ടവരാണെന്നു് എപ്പോഴും ഓർമ്മിക്കേണ്ടതാണു്. കഴിഞ്ഞകാലത്തെ അനുഭവംകൊണ്ടു പറയുകയാണെങ്കിൽ അവർ യാതൊരു സ്കീമിന്റെയും അകത്തുനിന്നു പ്രവർത്തിച്ചിട്ടില്ലെന്നു മാത്രമല്ല, ജനങ്ങൾക്കു കൊടുത്തിരുന്നതായ പ്രതിജ്ഞകൾക്കു വിപരീതമായി തുടർച്ചയായി പ്രവർത്തിച്ചുവന്നതിന്റെ ഫലമായി കഴിഞ്ഞ ഫെബ്രുവരി ൨൮-ാംനു ഇവിടത്തെ മന്ത്രിസഭ അസ്തമിച്ചിരിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ ജനങ്ങൾ സന്തോഷിച്ചു അതു ഒരു വിമോചനദിനമായി ആഘോഷിക്കുന്നതിനു ഇടയാക്കിയ ഒരവസ്ഥയിൽ ഈ രാജ്യത്തെ എത്തിക്കുകയും ചെയ്തിട്ടുണ്ടു്. അതിനുശേഷം അവർ എടുത്തിട്ടുള്ള അടവുകളെപ്പററി ബഡ്ജററിന്റെ പൊതുവിമർശനവേളയിലും മററു സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇപ്പോൾ ഞാൻ അതിലേക്കു് കടക്കുന്നില്ല. ഭരണപരമായി ഇവിടെ ഒരു വലിയ സ്തംഭനമാണു് ഉണ്ടായിരിക്കുന്നതു്. ഈ മന്ത്രിസഭക്കു് ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറുന്നതിനുള്ള ഒരു ഘടനയല്ല ഉള്ളതെന്നും, അകത്തുനിന്നും പുറത്തുനിന്നും അനുനിമിഷം ഉണ്ടാകാവുന്ന ആക്രമണങ്ങളെ നേരിട്ടു കൊണ്ടിരിക്കുന്നതിനുള്ള കെല്പു് ഇല്ലാത്ത ഒരു സ്ഥിതിയിലാണു് ഈ മന്ത്രിസഭ ഇന്നു നിലകൊള്ളുന്നതെന്നും പൊതുജനങ്ങൾ വിശ്വസിക്കുന്നു. അതിന്റെ ഫലമായി അവരുടെ ഹൃദയങ്ങളിൽ ഉളവായിരിക്കുന്ന അസംതൃപ്തിയെ ഇല്ലാതാക്കത്തക്കവിധത്തിൽ ഇവിടത്തെ ഭരണം നടത്തിക്കൊണ്ടുപോകുവാൻ തങ്ങൾക്കു് ശേഷിയില്ല, ജനക്ഷേമത്തെ മുൻനിർത്തി ഭരണം നടത്താനുള്ള കഴിവു് തങ്ങൾക്കു് നഷ്ടപ്പെട്ടിരിക്കുന്നു എന്നു് തുറന്നു സമ്മതിച്ചുകൊണ്ടു് വീണ്ടും പൊതുജനങ്ങളെ അഭിമുഖീകരിക്കുകയാണു് ഇന്നത്തെ മന്ത്രിസഭ ചെയ്യേണ്ടതെന്നു അവരെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഐ. പാൾ: സർ, ഇന്നു നിലവിലിരിക്കുന്ന കാൺഗ്രസ്സു ഭരണം മുന്നോട്ടുപോകണമെന്നു ഏററവും ആത്മാർത്ഥതയോടുകൂടി ആഗ്രഹിക്കുന്ന ഒരുവനാണു് ഞാൻ. അതേസമയം കാൺഗ്രസ്സിന്റെ ഭരണത്തിൽ വല്ല വൈകല്യങ്ങളുമുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കേണ്ട ചുമതലയും എനിക്കുണ്ടു്. ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ ബഡ്ജററിനെ മൊത്തത്തിൽ നോക്കുന്നപക്ഷം വളരെ അധികം ചെലവു ചെയ്യേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ ഗവമെൻറിനു കിട്ടേണ്ടതായ സംഖ്യകളും വരവിനങ്ങളും ശരിയായി കിട്ടുന്നുണ്ടോ, ഇല്ലയൊ എന്നു് പരിശോധിക്കേണ്ട ചുമതല ഈ സഭയ്ക്കുള്ളതാകുന്നു. ഗവമെൻറിനു കിട്ടാനുള്ളതായ കോടിക്കണക്കിനുള്ള വരവു പലതരത്തിലും കിട്ടാതെ പോകുന്നുണ്ടെന്നാണു് എന്റെ ബലമായ സംശയം. അതു ഗവമെൻറ അറിയുന്നുണ്ടോ ഇല്ലയൊ എന്നു പരിശോധിക്കേണ്ടതും നമ്മുടെ ചുമതലയാണു്. ഗവമെണ്ടു് അതിൽ പലതും അറിയുന്നുണ്ടൊ എന്നു ഞാൻ സംശയിക്കുന്നു. നിസ്സാരമായ ഒരു ഉദാഹരണം എടുക്കാം. വനം വകുപ്പിൽ നമ്മുടെ ഗവമെൻറ അനുവർത്തിച്ചുവരുന്ന നയം എന്താണെന്നു പരിശോധിക്കാം. പലപ്രാവശ്യവും വനം പതിവിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ വരുമ്പോൾ അന്നന്നുണ്ടായിട്ടുള്ള സ്ഥിതിഗതികൾക്കു അനുയോജ്യമായവിധത്തിൽ ഉത്തരങ്ങൾ തരുകയൊ ഈ സഭ കാര്യങ്ങൾ മനസ്സിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിവരങ്ങൾ വിശദമാക്കുകയൊ ചെയ്തിട്ടില്ലെന്നുള്ളതു് വളരെ വ്യസനകരമാണു്. അങ്ങനെ ഒരു പാര

[Sri M, I. Paul]

ബന്ധം ഈ സഭയിൽ കുറെ കാലമായി കണ്ടുവരുന്നുണ്ട്. കഴിഞ്ഞ ൧൧൬-ാം നം-യിലെ ശ്രീമതി ആനിമസ്ക്രീന്റെ ൫൪-ാംനമ്പ്ര് ചോദ്യത്തിന് മറുപടി പറയുകയുണ്ടായില്ല. ൧൯-ാം നം-യിലെ മൂന്നാമത്തെ ചോദ്യത്തിനും ഉത്തരം തയ്യാറായിട്ടില്ലെന്നു മറുപടി പറഞ്ഞു. കഴിഞ്ഞ അക്ടോബർ സമ്മേളനത്തിൽ വനം വകുപ്പിന്റെ ചാർജ്ജുവഹിച്ചിരുന്ന മന്ത്രിയായ ശ്രീ. ഇ. ജോൺ ഫിലിപ്പോസിനോട് ഞാൻതന്നെ ചോദിക്കുകയുണ്ടായി വനം പതിച്ചുകൊടുത്ത സ്ഥലങ്ങളിൽനിന്നും തടിവെട്ടിയ വകയിൽ ഗവമ്മെന്റിനു ഉണ്ടായിട്ടുള്ള വരുമാനത്തിന്റെ കണക്കുകൾ എന്താണെന്നു്. അദ്ദേഹം കണക്കുകൾ ശേഖരിച്ചുകഴിഞ്ഞിട്ടില്ലെന്നു അന്നു മറുപടി പറഞ്ഞു. കണക്കുകൾ തിട്ടപ്പെടുത്തി അടുത്ത സമ്മേളനത്തിൽ പറയാമെന്നും പറയുകയുണ്ടായി. ഇത്തവണ ഞാൻ അതേചോദ്യം തന്നെ വീണ്ടും ചോദിച്ചു. കണക്കുകൾ മുഴുവൻ തയ്യാറായിട്ടില്ലെന്നാണ് ഇപ്പോഴും അതിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി പറയുന്നതു. കുത്തകപ്പാട്ടം ഇനത്തിൽ മാത്രമെയുള്ള വരവ് ൧൦൦൦൦ രൂപയാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ തടി ഇനത്തിലുള്ള വരവിന്റെ കണക്കുകൾ ഒന്നും തയ്യാറായിട്ടില്ലെന്നും പറഞ്ഞു. കുത്തകപാട്ടത്തിനു കൃഷിചെയ്യാൻ പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ നിന്നും ൩൦ ഇഞ്ചിൽ കീഴിൽ വണ്ണമുള്ള തടികൾ വെട്ടി എടുക്കുന്നതിനു തടികൾ കൂടുതലുണ്ടായാലും ശരി, കുറഞ്ഞു പോയാലും ശരി പത്തു ലക്ഷം രൂപ തന്നുകൊള്ളാമെന്നു ശ്രീ. ടി. കെ. നാരായണപിള്ള ചീഫ്മിനിസ്റ്ററായിരുന്നപ്പോൾ ഞാൻ മുഖാന്തിരംതന്നെ ഒരു ഹർജി സമർപ്പിക്കുകയുണ്ടായി. ഈ തടിവെട്ടു സംബന്ധിച്ചു് ഒരന്വേഷണം നടത്തി യാഥാർത്ഥ്യങ്ങൾ എങ്ങനെ ഇരിക്കുന്നു എന്നറിയുന്നതിനു ഒരു കമ്മററിയെ വയ്ക്കാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിച്ചു. അതിനു അവർ തയ്യാറില്ല. അതിനു അവക്കു ധൈര്യമില്ല. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗവും വനം പതിവു കമ്മററിയിലെ ഒരു മെമ്പറുമായ ശ്രീമതിഅക്കാമ്മചെറിയാൻ വനം പതിവുസംബന്ധമായയാതൊരു പ്രവർത്തനങ്ങളും താൻ അറിഞ്ഞിട്ടില്ലെന്നും ശരിയായ വിധത്തിലല്ല നടന്നിട്ടുള്ളതെന്നു വളരെ ശക്തിയായി അപലപിക്കുകയുണ്ടായി. ആ മഹതി അങ്ങനെ പറഞ്ഞതിനു ശേഷവും അതിനെ സംബന്ധിച്ചു യാതൊരു നടപടിയും എടുത്തിട്ടില്ല എന്നുള്ളതു ഒരു പരമാർത്ഥമാണ്. സർ, കഴിഞ്ഞ ബഡ്ജററുസമ്മേളനത്തിൽ അണ്ടർ റൂൾ ൧൬ അനുസരിച്ചു ഒരു ഡിസ്കഷൻ ഞാൻ ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. ആ അവസരത്തിൽ ഇതിനു ഒരു കമ്മററിയെ വയ്ക്കുവാൻ ഗവമ്മെന്റു തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയുണ്ടായി. അതിന് ഗവമ്മെന്റു തയ്യാറില്ല എന്നാണ് മറുപടി പറഞ്ഞതു്.

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> അതിനു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. കമ്മററിയെ നിയമിച്ചിട്ട് ഏതാണ്ട് നാലഞ്ചുമാസമായി. ഇവിടത്തെ റിട്ടയേർഡ് കൺസർവേററർ മിസ്റ്റർ വേലായുധൻനായരേയും ഉൾപ്പെടുത്തി ഒരു കമ്മററിയെ വച്ചിട്ടുണ്ട്.

<u>ശ്രീ. എം. ഐ. പാൾ:</u> ഞാൻ ഒരു കമ്മററിയെ വയ്ക്കുവാൻ ആവശ്യപ്പെട്ടതു് കമ്മററി വെച്ചതു് ഏതു മന്ത്രിയായാലും, ആ മന്ത്രിയുടെ മേശയുടെ അടുത്തുനിന്നു കമ്മററി മെമ്പറന്മാരെ തീർച്ചയാക്കുവാനല്ല. ഈ അസംബ്ളിയിൽനിന്നു ഒരു കമ്മററിയെ നിയമിക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടതു്. അതിനു ഗവമ്മെന്റു തയ്യാറില്ലെന്നു അന്നത്തെ മന്ത്രി ശ്രീ. ഫിലിപ്പോസ് ഇവിടെ പറഞ്ഞു. സർ, ഈ ബഡ്ജററുസമ്മേളനത്തിൽ മിസ് ആനിമസ്ക്രീൻ ആ മ

മഹതിയുടെ ബഡ്ജററ് പ്രസംഗത്തിൽ വളരെ ശക്തിയായ ഭാഷയിൽ ഇവിടെ പറയുകയുണ്ടായി. ഏതാനും ചില വ്യക്തികൾക്ക ൫൦൦ ഏക്കർ ൨൦൦ ഏക്കർ, ൩൦൦ ഏക്കർ, ൭൦൦ ഏക്കർ ഈ കണക്കിൽ ഭൂമികൾ വനത്തിൽ നിന്നു പതിച്ചുകൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടെന്നു്. അതിനും മറുപടി ഇല്ല.

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ നിഷേധിച്ചുകൊണ്ടു ഗവമ്മെണ്ടു മറുപടി പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: അതിനെ നിഷേധിച്ചുകൊണ്ടു പറഞ്ഞ വാക്കുകളും വാചകങ്ങളും എന്തായിരുന്നുവെന്നു് കേട്ടിട്ടുള്ളവക്ക് അറിയാം. സർ, ൫൪-ാം നം-യിലെ നീതിമാൻ പത്രത്തിലും കന്നി ൫൬-ാം നം-യിലെ നീതിമാൻ പത്രത്തിലും.—

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രം തൊറസ്സൂൽ നിന്നു പ്രസിദ്ധപ്പെടുത്തുന്നതാണോ?

ശ്രീ. എം. ഐ. പോൾ: എവിടെനിന്നെങ്കിലും പ്രസിദ്ധപ്പെടുത്തുന്നതാകട്ടെ. ആ പത്രത്തിൽ മുഖപ്രസംഗത്തിൽ വളരെ ധൈര്യത്തോടുകൂടി പറഞ്ഞിട്ടുണ്ടു്. ആ പ്രസ്താവന ശരിയല്ലെങ്കിൽ അവരുടെ പേരിൽ നടപടിഎടുക്കുവാൻ ഗവമ്മെൻറിനു വിരോധമില്ലായിരുന്നു. അവർ ഗവമ്മെൻറിനെ വെല്ലുവിളിക്കുന്നു. ആ വെല്ലുവിളിയെ ഗവമ്മെൻറ സ്വീകരിക്കാൻ തയ്യാറുണ്ടോ? അതിനെ സംബന്ധിച്ചു ഈ നിയമസഭയിൽ ൨൬-ാംനം- ഞാൻ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. അതു ഇവിടെ വാദപ്രതിവാദത്തിനു എടുക്കുന്നില്ലെന്നു പറഞ്ഞു സ്പീക്കർ അവർകളുടെ റൂളിംഗ് ഉണ്ടായി. സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദം കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ ഞാൻ പല ചോദ്യങ്ങളും അതിനെ സംബന്ധിച്ചു ചോദിച്ചു. അദ്ദേഹം ഒരു ചോദ്യത്തിനു പോലും മറുപടി പറയുവാൻ തയ്യാറായില്ല; അതെന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. അതിനെ സംബന്ധിച്ചു മി. പട്ടം താണുപിള്ളയും, മി. പാച്ചുപിള്ളയും ഈ സഭയിലെ മറെറാരു ബഹുമാനപ്പെട്ട മെമ്പറും സ്റ്റേറമെൻറ് പുറപ്പെടുവിച്ചു.

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുശേഷം ഗവമ്മെൻറ് ഒരുപ്രസ്സുനോട്ടു പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: സർ, ഈനിലയിൽ നമ്മുടെ ഗവമ്മെൻറിൻെറ പ്രവൃത്തി പോകുന്നപക്ഷം കോടിക്കണക്കിനു് ഗവമ്മെൻറിലേയ്ക്കു വരേണ്ട സംഖ്യ അന്യാധീനപ്പെട്ടുപോകും. ഗവമ്മെൻറിനു നഷ്ടപ്പെടുന്ന ആ ഭീമമായ സംഖ്യ ഏതാനും ചില വ്യക്തികൾക്കു് കിട്ടിവരുന്നു. അതിലും സങ്കടകരമായ ഒരു സംഗതി ഞാൻ പറയാം. സർ, കാട്ടുജാതിക്കാർ, കാട്ടാനകളെ എതിർത്തുകൊണ്ടു് കാട്ടിൽ താമസിക്കുന്ന കാട്ടുജാതിക്കാർ, അവർ താമസിക്കുന്ന പുരയിടങ്ങളിൽ പലതരത്തിലും കൃഷി ചെയ്തു അതൊക്കെ നല്ല ഫലത്തിൽ വരുമ്പോൾ ധനികന്മാരും, കൺട്രാക്ടന്മാരും മററുമായ ചില പ്രമാണികൾ ചെന്നു അവരുടെ സ്ഥലം കൈവശപ്പെടുത്തുകയും അവരെ ബലമായി അവിടെനിന്നും അടിച്ചോടിക്കുകയും ചെയ്യുന്ന പരിതഃസ്ഥിതിയും നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടു്. സർ ഇവിടെ മന്നത്തു പത്മനാഭൻ പറയുകയുണ്ടായി ഇവിടെ ഏതാനും ന്യൂനപക്ഷമായ ക്രിസ്ത്യാനികളുടെ കയ്യിലാണു് ഗവമ്മെൻറിൻെറ ശക്തി നില്ക്കുന്നതെന്നു്.

[Sri M. I. Paul]

അദ്ദേഹം പറയുകയുണ്ടായി ഈ കാൺഗ്രസ്സുഭരണത്തിൽനിന്ന മാറിയതു മഹാത്മാഗാന്ധിയുടെ ആദർശത്തെ ഓർത്തിട്ടിണെന്നു്. സർ, അദ്ദേഹം അടുത്തകാലത്തു എന്റെ നാട്ടിൽ വരികയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയുടെ പരിപാടികളേയൊ അദ്ദേഹത്തിന്റെ നയപരിപാടികളെയൊ പ്രതിപാദിക്കുന്നതിനുവേണ്ടിയാണു് അദ്ദേഹം വന്നതു്. അദ്ദേഹം ആ നാട്ടിൽ വന്നതു കരിവീരന്മാരുടെ പുറത്താണു്. സാധാരണ ഗാന്ധിജയന്തി കാലങ്ങളിൽ മഹാത്മാഗാന്ധിയുടെ പടം ആനപ്പുറത്തുവച്ചു് അവിടെ പ്രദർശിപ്പിക്കാറുണ്ടു്. അദ്ദേഹം ആനപ്പുറത്തുകയറി വരുന്നതുകണ്ടു അവിടത്തെ ജനങ്ങൾ സംശയിച്ചു മഹാത്മാഗാന്ധിയുടെ പടമാണോ ആനപ്പുറത്തു ഇരിക്കുന്നതെന്നു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ വക കാര്യങ്ങളൊന്നും ഈ ബില്ലിനെ സംബന്ധിച്ചുള്ള ഡിസ്കഷനിൽ പ്രസക്തങ്ങളല്ല.

ശ്രീ. എം. ഐ. പോൾ: അദ്ദേഹം പറഞ്ഞതിനെപ്പററി ഒരു കമൻറ പറഞ്ഞുവെന്നേയുള്ളു. പടം അടുത്തു കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു ഇതു മഹാത്മാഗാന്ധിയല്ലാ മന്നത്തു പത്മനാഭപിള്ളയാണെന്നു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: മെമ്പർ ഈ ബില്ലിനെപ്പററി സംസാരിക്കുക.

ശ്രീ. എം. ഐ. പോൾ: അദ്ദേഹം പറഞ്ഞതിനെ പററി പറയുകയാണു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അതിനെ പററി പറഞ്ഞല്ലോ. ഇനി അതു പറയേണ്ട.

ശ്രീ. എം. ഐ. പോൾ: സർ, ഈ സംഗതികളെല്ലാം ബില്ലിന്റെ വാദപ്രതിവാദത്തിൽ അടങ്ങിയിട്ടുള്ള സംഗതികളാണു്. (ചിരി)

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഓരോ മെമ്പറന്മാർക്കും തോന്നുന്നതെല്ലാം പറയാമെന്ന വിവക്ഷയില്ല. രാജ്യകാര്യങ്ങളെപ്പററിയുള്ളതു് എന്തെങ്കിലും പറയണമെങ്കിൽ ബില്ലിന്റെ പരിധിയിൽ നിന്നു സംസാരിക്കാവുന്നതാണു്.

ശ്രീ. എം. ഐ. പോൾ: അദ്ദേഹം പറഞ്ഞതിന്റെമറുപടിയാണു് ഞാൻ പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെയുള്ള റൂളിംഗ് മി: അയ്യൂക്കൻ പറയുന്നതിനു മുമ്പായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഇവിടത്തെ ഭരണം ഭംഗിയായി നടന്നുകാണണമെന്ന ആഗ്രഹം ഇവിടെ എല്ലാവർക്കുമുണ്ടു്. പക്ഷെ, ഇവിടത്തെ ഭരണം ഇന്നു നടക്കുന്ന തരത്തിൽ പോകുന്നപക്ഷം രാജ്യത്തിലെ ജനങ്ങൾക്കു ഈ ഭരണത്തോടുള്ള ബഹുമാനവും സ്നേഹവും നശിച്ചു് ആ ഭരണം തനിയെ നിന്നുപോകുമെന്നുള്ളതു് തീർച്ചയാണു്. സർ, ഈ രാജ്യത്തെ ജനങ്ങളിൽ പട്ടിണിയിൽ ആണ്ടുകിടക്കുന്നവർ ധാരാളം ഉണ്ടു്; തൊഴിലില്ലാത്തവർ ധാരാളം ഉണ്ടു്; പാർപ്പിടമില്ലാത്തവർ ധാരാളം ഉണ്ടു്. അവർക്കെല്ലാം തൃപ്തികരമായ ഒരു ഭരണം ഇവിടെ ഉണ്ടായിട്ടില്ല. ഈ ഭരണത്തിന്റെ അവസാനം എവിടെ വന്നു നിൽക്കുമെന്നു് കണ്ടറിയേണ്ടതാണു്. ഗവമ്മെൻറിനു കിട്ടാവുന്ന വരവുകളെല്ലാം കിട്ടുവാൻ ഗവമ്മെൻറ നോക്കണം. ഗവമ്മെൻറിന്റെ അടുത്ത സ്വാതന്ത്ര്യം പാലിക്കുന്നതിനുവേണ്ടി വരുന്നവരെയെല്ലാം തൃപ്തിപ്പെടുത്തിക്കൊണ്ടുപോകുന്നതു് മണ്ടത്തരമാണെന്നു് ഗവമ്മെൻറിനു ഒരു ഉപദേശം തന്നുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Sri. P. S. Nataraja Pillai. Sir, the Bill before us provides for the appropriation from and out of the Consolidated Fund of the State something like Rs. 25 crores. It is based, I think, on the financial statement and of the expenditure calculated on the basis of the details provided in the financial statement. Sir, if we go through the figures in the financial statement, the amount will exceed Rs. 25 crores. For example, under Demand VIII, an expenditure is provided under the Postwar Reconstruction Fund, and under Education, a reduction in expenditure is made from the Postwar Reconstruction Fund. In medical also, there is a reduction on account of Postwar Reconstruction Fund. So, the expenditure provided in the budget includes the expenditure denoted by the deduction of amounts in the Postwar Reconstruction Fund. According to the figures, as they stand, I think nearly Rs. 85 lakhs are being proposed to be withdrawn from the Postwar Reconstruction Fund, and an expenditure has also been provided and details are given in the budget.

Now, Sir, the House was not called upon to vote for that Rs. 85 lakhs, and in this Bill, it has not been included to be drawn from the Consolidated Fund. Sir, that position and procedure I am not able to understand under the Constitution, there can be only two heads of accounts under which Government money could be deposited. The first is the Consolidated Fund and the second is the Public Account. The definition of the Consolidated Fund is found in article 266, and the method of drawing from it is provided in articles 112 to 115. The Public Account comes under article 284. Whatever money there is with the Government, must either be in the Consolidated Fund or in the Public Account. When you read article 284, it will be very clear that no deposit of any revenue or any amount with the Government can be deposited in that account. Under article 284, "All monies received by or deposited with—

(*a*) any officer employed in connection with the affairs of the Union or of a State in his capacity as such, other than revenues or public moneys raised or received by the Government of India or the Government of the State, as the case may be, or

(*b*) any court within the territory of India to the credit of any cause, matter, account or persons,

shall be paid into the public account of India or the public account of the State, as the case may be."

So, Sir, from the Postwar Reconstruction Fund, an item of account in Travancore-Cochin, in which, according to the assets and liabilities statement, we have Rs. 415 lakhs, it is now proposed to draw Rs. 85 lakhs and odd. If that amount is drawn and spent for the purpose of administration in the state, my contention is that Rs. 85 lakhs must be subject to a vote of this House. Without a vote of this House, that money could not be drawn from the Consolidated Fund for that is only head of account in which all monies with Government is held.

At this stage Mr. Speaker resumed the Chair

I contend that the Post-war Reconstruction Fund could not be a deposit under Art. 284 of the Constitution. According to the definition in that article this amount cannot be deposited in that account. All moneys that are at the disposal of Government must be in the consolidated Fund and to withdraw from it, it can only be by a specific vote of this House. I am fortified in this position by the procedure adopted last year. During the budget year 1950—51 under Demand XXXVIII expenditure under the Postwar Reconstruction Fund amounted to Rs. 1,91,700 which was voted by this House. On the other hand when we come to the budget for 1951—52 a sum of Rs. 85 lakhs is proposed to be spent without a vote of this

[Sri. P. S. Nataraja Pillai]

House. This, I think is irregular and wrong. Whatever may be the executive decision of this Government or for that matter the executive decision of the Government of India or for that matter the advice of the Accountant-General of India, that is against the provisions of the constitution. I am sure Government will find it difficult to take a pie out of this fund without the vote of this House. Any citizen of the state can apply for remedying this situation, if the amount is spent without a vote of this House. Not that I desire such a thing, but I am sure there is that aspect to be considered. It is a matter on which expert legal advice has to be sought and so I bring it to the notice of this Government. Government should not feel satisfied that the Accoutant-General of India or the Secretariat of the Government of India have instructed them. It is better for our Government to take the earliest possible opportunity for legal advise on this aspect of the matter. Further, this is a public matter. What is meant by Postwar Reconstruction Fund? It is a fund contributed from the revenues of the state. That amount came from the people of the state. It is true all revenues come from people. Government constituted a fund at a particular moment under a particular head of account. If you do not require the vote of this house to withdraw any amount from such a fund; I do not know what kind of control this House is expected to exercise over the expenditure. Control over expenditure is a basic right of the representatives of the people of the Legislative Assembly under the present Constitution. According to the details provided in the budget it is not even a charge on Government. The amount that is now proposed to be spent from the Postwar Reconstruction Fund is for ordinary items. When it is a charge on the Consolidated Fund there will be no necessity to get a vote of the House. But the present proposal is for other expenditure but not for a charged item on the Consolidated Fund. As long as it is so, this House must have the right to vote on it. On any account it is no question of book adjustment either. This is for real expenditure to be incurred from a particular fund. That fund was constituted by Government from the revenues of the state. When that fund is there and if it is to be spent, it can be spent only by popular vote So my point is that the sum of Rs. 85 lakhs cannot be appropriated by Government without the vote of this House and therefore I place this aspect before the House and the Treasury Bench for their consideration. It is better to ascertain legal opinion on this matter early enough and not to rely on Secretariat instruction on matters which bear relation to the Constitution. I definitely believe that this fund must be subjected to the vote of the House and that it cannot come under the classification of article 284. Government should not and cannot draw from this fund without the vote of this House and it is not legal for them to draw money from it and spend as they like.

One word more and I have done. What I say is a very necessary aspect for consideration. Though there is a latitude in discussion of the Appropriation Bill, some references were made and that came from my respected friend Mr. Balakrishnan Tampi. He was desperate enough to speak about the code of conduct in politics, functioning of parties and so on.

Sri P. Balakrishnan Tampi: I made some reference, of course.

Sri. P. S. Nataraja Pillai: Sir, I am sorry, as a lawyer he claims to be and that too an old member of the bar, a luminary of the bar if I may say so, he stood up and quite forgot the legal implications of the constitution of this House. Sir, I ask in all earnestness, is this House an elected legislature in the popular sense of the term? Is this is not functioning under the terms of the Covenant? Are we not here, both nominated and elected members functioning together in this legislature under the terms of the Covenant entered into by the two rulers and Government of India? Is not this legislature of ours a creature of the executive set up by them?

I could have understood if my friend remembered those things and protested at that time. It is behind time for us now to go back and talk of an elected legislature. This legislature is a body constituted by the Government of India and the Covenant. This is not really an elected body with the sanction of a popular vote behind. We are functioning as members of a popular body set up by the executive. It is something like a body which has been created in Pepsu or Madhya Bharat Governments. Here we have the elected, non-elected and nominated members functioning; there is one representative for every 25,000 in Cochin and one for every 50,000 people in Travancore. The composition of this legislature is of that type. I ask, is this based on any principle? This has been created for a political exigency? Political exigencies can create a new State, or bring a dissolution to a state. There are certain functions for this body today and we as members have to discharge them. My friend Mr. Tampi who poses as a luminary has to understand the implifications of this before he preaches on political conduct of members here. As a student of politics, many lessons have to be learnt out of the working of such a created legislature. I am sorry he has let himself down so much and talks glibly about principles that should guide elected members. Where is the elected body? Why talk of one when it does not exist? As a party politician he has a right to talk like that. As far as my position is concerned, that is what I think of this matter. I feel I have done right; I feel I am justified in that. I feel this is only a body constituted by Government and we are here to discharge our duty to the best of our ability to our country.

Sri. E. Gopalakrishna Menon : Sir, this is the 20th time I stand up to speak. I have had no opportunity to speak till now. I would like to know how many times I have to stand up like this?

Mr. Speaker : That question does not deserve an answer.

ശ്രീ. എസ്. കുട്ടൻ : സർ, വിവിധവകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥന പാസാക്കിയിരിക്കുന്ന ഈ സന്ദർഭത്തിൽ അതു ചെലവു ചെയ്യുവാനുള്ള അനുമതിക്കായി അപ്രോപ്രിയേഷൻ ബില്ലും അവതരിപ്പിച്ചിരിക്കുകയാണല്ലോ. ഈ ബില്ലിനെ സംബന്ധിച്ചു പ്രതിപക്ഷകക്ഷികളിൽനിന്നും പല വിമർശനങ്ങളും ഉണ്ടായി. എന്നാൽ പൊതു പ്രാധാന്യമായ വിഷയങ്ങളെ സംബന്ധിച്ചു ചില കാര്യങ്ങൾ ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇങ്ങനെയുള്ള വിമർശനങ്ങൾ നടത്തുന്നതെന്നു ഗവർമ്മെൻറു മനസ്സിലാക്കേണ്ടതാണ്. കഴിഞ്ഞദിവസങ്ങളിൽ പ്രധാനവകുപ്പുകളെ സംബന്ധിച്ചു ചർച്ചചെയ്ത അവസരത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ പറയാനുള്ള സന്ദർഭമുണ്ടായിരുന്നു; എങ്കിലും അപ്പോൾ പറയാൻ സാധിക്കാതെയിരുന്ന ചില കാര്യങ്ങളെപ്പററി ഇപ്പോൾ പറയാമെന്നു വിചാരിക്കുന്നു.

ശ്രീ. ഇട്ടീരാ അംബുക്കൻ : ഭക്ഷണകാര്യങ്ങളെ സംബന്ധിച്ചു ഇവിടെ വളരെ പറയുകയുണ്ടായി. പതിവുപോലെ ചെയ്തുവരുന്ന അദ്ദേഹത്തിൻെറ പ്രസംഗപരമ്പരകളുടെ ധ്വനി ഈ പ്രസംഗത്തിലും ഉണ്ടായി. എനിക്കു ഭക്ഷ്യവകുപ്പിനെപ്പററിയോ, അല്ലെങ്കിൽ ഭക്ഷ്യമന്ത്രിയെപ്പററിയോ, യാതൊരു ആരോപണവും പറയുവാനുമില്ല. ഗ്രോമോർഫുഡ് കാംപെയിനുവേണ്ടി ഒരു ബോർഡും ഒരു സമതിയും അതിലേയ്ക്കു ഒരു ചെയർമാനും ഉണ്ടു്. അദ്ദേഹത്തിനും അദ്ദേഹത്തിൻെറ സ്റ്റാഫിനും വലിയ അലവൻസു നൽകുന്നുമുണ്ടു്. അവരുടെ പ്രവർത്തനംകൊണ്ടു് അല്ലെങ്കിലും ഭക്ഷ്യോല്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്നു നോക്കുമ്പോഴാണ് വിഷമം നേരിടുന്നതു്. ഇവിടെ ബാധിച്ചിട്ടുള്ള ആഹാരക്ഷാമത്തിനു സത്വരമായി പ്രവർത്തിക്കേണ്ട ചുമതല ഗവർമ്മെൻറിനുണ്ടു്. ആ

[Sri Ittiera Ambooken]

വക പ്രവർത്തനങ്ങൾ നടത്തുന്നതു് ബോർഡാണു്. ബോർഡിന്റെ ചെയർമാൻ സെൻറൽ കമ്മിററിയുടെ ചെയർമാൻ കൂടിയാണു്. ഇതിലേയ്ക്കു പല ഡിവിഷൻ കമ്മിററികളും താലൂക്കു് കമ്മിററികളും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ താലൂക്കു് കമ്മിററികളിൽ, ഓരോ താലൂക്കിലേയ്ക്കും ഭക്ഷ്യോല്പാദന വർദ്ധനവിനുവേണ്ടി പെട്ടെന്നും അടിയന്തിരമായും ചെയ്തുതീർക്കേണ്ടകാര്യങ്ങൾ നിശ്ചയിച്ചു ബോർഡിലേയ്ക്കു എഴുതി അയച്ചാൽ അതിന്മേൽ യാതൊരു നടപടിയും നടത്തുന്നില്ല. അത്യാവശ്യമായ കാര്യങ്ങൾ ഓരോ താലൂക്കിലേയ്ക്കും ഇന്നതെല്ലാമാണെന്നു ഏററവും നന്നായി അറിയാവുന്നതു അതാതു താലൂക്കു് കമ്മിററികളാണല്ലോ. ആ തീരുമാനത്തിനു യാതൊരു വിലയും കല്പിക്കുന്നില്ലെന്നു വന്നാൽ ഈ കമ്മിററികൊണ്ടുള്ള പ്രയോജനമെന്താണു്. നെയ്യാററിൻകര താലൂക്കിലെ അനുഭവം അതാണു്. അതുകൊണ്ടു് താലൂക്കു കമ്മിററികളുടെ അഭിപ്രായത്തെ ആദരിച്ചും അത്യാവശ്യമായ കാര്യങ്ങൾക്കു് അതിനെ പ്രയോറിററി കൊടുത്തും ഈ വക പ്രവർത്തനങ്ങൾ നടത്തേണ്ടതാണു്.

ഭക്ഷ്യകാര്യങ്ങളെ പോലെതന്നെ അതിപ്രധാനമായ ഒരു സംഗതിയാണു വസ്ത്രധാരണം. ആഹാരക്ഷാമം നിമിത്തം ജനങ്ങൾക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്ലേശത്തിൽനിന്നും ഒട്ടും കുറവല്ല വസ്ത്രക്ഷാമംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ആഹാരകാര്യം ഈ ഗവർമ്മെൻറിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പതിഞ്ഞിരിക്കുകയാണെന്നാണു് മറുപടി പറയുന്നതു്. അതങ്ങനെയിരിക്കട്ടെ. എന്നാൽ വസ്ത്രകാര്യത്തെപ്പററി നാട്ടിൽ ഉണ്ടായിരിക്കുന്ന ക്ഷാമത്തിനു ഒരു പരിഹാരവും ഇതുവരെ ഗവർമ്മെൻറ് ചെയ്യാനുദ്ദേശിച്ചിട്ടില്ലെന്നു് തോന്നുന്നു. വസ്ത്രക്ഷാമത്തെപ്പററി അടിയന്തിരപ്രമേയങ്ങളും മററും അവതരിപ്പിച്ചു് ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. നാട്ടിൻപുറങ്ങളിൽ പൊതുവെ നോക്കിയാൽ കുറെക്കാലമായിട്ടു് ഒരു വിധത്തിലും ഉടുക്കുന്നതിനുള്ള മുണ്ടുപോലും കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. ടെക്സ്ററയിൽ വകുപ്പിന്റെ ചാർജ്ജു് വഹിക്കുന്ന മന്ത്രി തുണിച്ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതു് നേരിട്ടു വാങ്ങിക്കുന്നതിനായി ഒന്നോ രണ്ടോ വ്യക്തികൾക്കു മാത്രം അധികാരം കൊടുത്തിരിക്കുകയാണു്. ആ വ്യക്തികൾ മുഖേന വേണം മററു പല വ്യാപാരികൾക്കും തുണികൾ കിട്ടേണ്ടതു്. ഇങ്ങനെ വരുന്നതുകൊണ്ടു് പല കരിഞ്ചന്ത വ്യാപാരങ്ങളും ഇതിനെ സംബന്ധിച്ചു് നടന്നുകൊണ്ടിരിക്കയാണു്. ഈ കാര്യത്തെപ്പററിയും പല നിവേദനങ്ങളും സഭയിൽ ഉന്നയിച്ചിട്ടുണ്ടു്. ഉത്തരവാദമില്ലാതെ ഇങ്ങനെ വൻകച്ചവടക്കാരായ ഒന്നുരണ്ടു വ്യക്തികൾക്കു് തുണിയെ സംബന്ധിച്ചു് അധികാരം കൊടുത്തതുകൊണ്ടാണു് ഈ മാതിരി തുണിക്ഷാമം അല്ലെങ്കിൽ തുണിക്കു് വിലക്കൂടുതൽ ഉണ്ടായിട്ടുള്ളതെന്നു് ഞാൻ പറയുന്നു. രണ്ടാമതു് സംസ്ഥാനത്തുള്ള നെയ്ത്തു തൊഴിലാളികൾക്കു് നൂൽവിതരണം ശരിയായ വിധത്തിൽ ലഭിക്കുന്നുമില്ല. ഈ കാര്യത്തിൽ പല അനീതികളും ടെക്സ്ററയിൽ ഉദ്യോഗസ്ഥന്മാർ കാണിച്ചുവരുന്നുണ്ടു്. നൂൽ കിട്ടുന്നില്ലായെന്നു് പരാതി പറയുമ്പോൾ ഗവർമ്മെൻറ് പറയുന്നതു് വിദേശത്തുനിന്നും ന്യായമായി കിട്ടാനുള്ള കോട്ടാ കിട്ടുന്നില്ലെന്നാണു്. എന്നാൽ കിട്ടുന്ന കോട്ട തന്നെയും ശരിയായ വിധത്തിൽ വിതരണം നടത്തുന്നില്ല. ഗവർമ്മെൻറിൽനിന്നും നെയ്ത്തു തൊഴിലാളികളുടെ സെൻസസ് എടുക്കുന്നതിനായിട്ടു് ഏതാനും ജി. പി. തഹസീൽദാരന്മാരെ നിയമിച്ചിട്ടുണ്ടു്. ഇവരിൽതന്നെ പലവിധത്തിലുള്ള അനീതികൾ ഉണ്ടാകുന്നുണ്ടെന്നു് നാട്ടുകാരിൽ നിന്നു മാത്രമല്ല പ്രത്യേകിച്ചു് നെയ്ത്തുകാരിൽനിന്നു തന്നെ പരാതികൾ ലഭിക്കുന്നുണ്ടു്. ഇവർ ശരിയായ

വിധത്തിൽ ജോലി നിർവ്വഹിക്കുന്നതിന് ഗവർമ്മെൻറ് വേണ്ടതരത്തിലുള്ള നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്. സർ, മററൊരു സംഗതി എനിക്ക് ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താനുള്ളത് പേരൂർ സംഭവത്തിൽ ഉണ്ടായ പോലീസ് വെട്ടയെപ്പററിയാണ്. ഈ കാര്യം ഏതാനും ബഹു. മെമ്പറന്മാർ ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തിയിട്ടുണ്ട്. രാജ്യഭരണസംബന്ധമായി നീതിന്യായങ്ങൾ ശരിയായവിധം പരിപാലിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പോലീസ് സൈന്യത്തിനെ സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും. എന്നാൽ ശരിയായവിധം ഇവരെ നിയന്ത്രിക്കുന്നതിനുകൂടി ഗവർമ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. പോലീസിൻെറ സഹായമില്ലാതെ രാജ്യത്ത് ഭരണം നടത്താൻ വിഷമമായിട്ടുള്ള ഒരു പരിതഃസ്ഥിതിയാണ് ഉള്ളത്. എങ്കിലും പോലീസുകാരുടെ ആവശ്യം അത്യന്താപേക്ഷിതമാണെന്ന് വിചാരിച്ച് ഇഷ്ടം പോലെ അവക്ക് എന്തും ചെയ്യാനുള്ള അധികാരം കൊടുക്കുന്നത് ബുദ്ധിപൂർവ്വമല്ല. പേരൂർ സംഭവത്തെപ്പററി ഇന്നത്തെ മുഖ്യമന്ത്രി അന്വേഷണം നടത്തിയതിൻെറ ഫലമായിട്ടാണെന്നു തോന്നുന്നു, ഏതാനും പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിറുത്തിയിരിക്കുന്നു എന്നു കേൾക്കുന്നത്. എന്നാൽ അതുമാത്രംകൊണ്ട് മതിയാകയില്ലെന്നാണ് എൻെറ അഭിപ്രായം. അതായത് ഈ വസ്തുതയെപ്പററി ശരിയായ ഒരു പരസ്യാന്വേഷണം നടത്തുകയും അവസാന തീരുമാനത്തിലേക്കായി ഒരു കോടതിക്ക് വിട്ടുകൊടുക്കയും ചെയ്യണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി എനിക്ക് പൊതുവെ പറയുകയാണെങ്കിൽ ബഹുമാനമാണുള്ളത്. എങ്കിലും സത്യസന്ധതയും നീതിബോധവും ഇല്ലാത്ത ഉദ്യോഗസ്ഥന്മാരും പോലീസിലുണ്ട്. ശ്രീ. ടി. കെ. നാരായണപിള്ള പ്രധാനമന്ത്രിയായിരുന്ന കാലത്ത് പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കാരത്തിനെ സംബന്ധിച്ച് ഐ. ജി. യുമായി ഒരു കൂടിയാലോചന നടത്തുകയുണ്ടായി. പോലീസിലുള്ള സൂപ്പീരിയർ ആഫീസറന്മാർക്ക് അതായത് ഡി. എസ്. പി. മാർക്ക് ൪൫൦–൭൫൦ രൂപ ശമ്പളസ്കെയിലും അതുപോലെതന്നെ ഗവർമ്മെൻറിലെ അസിസ്റ്റൻറ് സെക്രട്ടറിയുടെ ശമ്പളം എ. എസ്. പി. മാർക്കും കൊടുക്കേണ്ടതാണെന്ന് ശ്രീ. ടി. കെ. നാരായണപിള്ളതന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഈ വിധത്തിൽ പോലീസ് അധികൃതർക്ക് ശമ്പളം കൂട്ടുന്നതിന് തീരുമാനിച്ചുവെങ്കിലും പൊതുവെ ഈ ഡിപ്പാർട്ടുമെൻറിലുള്ള സിൽബന്ധികളെ സംബന്ധിച്ചിടത്തോളം അവരുടെ ശമ്പളംകൂട്ടികൊടുക്കുന്ന കാര്യത്തിൽ ഒരു വ്യവസ്ഥ ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ പല അഴിമതിയിൽനിന്നും, കൊള്ളരുതായ്മയിൽനിന്നും കൈക്കൂലിയിൽനിന്നും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പൊതുജനങ്ങൾക്ക് ഉണ്ടാകുകയില്ലായിരുന്നു. ഏതായാലും പോലീസുകാർക്ക് വേണ്ടതരത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്യേണ്ടതാണെന്ന് പറയുന്നതോടുകൂടിതന്നെ നീതിയുടെ പേരിലും മനുഷ്യത്വത്തിൻെറ പേരിലും പൊതുജനങ്ങളോട് പോലീസിന് ചില കടമകളുണ്ട്. അത് നിർവ്വഹിക്കാൻ വേണ്ടതരത്തിലുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മാത്രമല്ല പേരൂർ സംഭവത്തെപ്പററി ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറൽ അവർകൾ ശരിയായ അന്വേഷണം നടത്തുകയും കുററക്കാരായ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കുകയും അല്ലെങ്കിൽ ശിക്ഷിപ്പിക്കയും ചെയ്യേണ്ടതാണെന്ന് ഞാൻ അനുസ്മരിപ്പിക്കുന്നു. സർ, പ്രജായത്തഭരണം നടപ്പിൽ വന്നതോടുകൂടി നമുക്ക് സ്വാതന്ത്ര്യം സാർവ്വത്രികമാണ്. ആ നിലവച്ചുനോക്കുമ്പോൾ അകാരണമായി ചില രാഷ്ട്രീയപ്രേമികളെ വെളിക്കുവച്ചും ലാക്കപ്പിൽവച്ചും മർദ്ദിക്കുന്നത് കഷ്ടമാണ്.

[Sri. Ittiera Ambooken]

അതുപോലെതന്നെ ഡെററിന്യസിൻെറ കാര്യത്തിൽ ഗവർമ്മെൻറ് അനുഭാവം പ്രകടിപ്പിക്കുന്നില്ലെന്നുള്ളതും ഖേദകരമാണ്. ആഹാരത്തിന് മതിയാകാതെയുള്ള പരിതസ്ഥിതിയിൽ ഈ തടവുകാരെ ജയിലിൽ അടച്ചിട്ട് തീററികൊടുക്കുന്നത് ഒരു വിധത്തിൽ ഗവർമ്മെൻറിനു നഷ്ടവും കൂടിയാണ്. പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ച് എൻെറ മാന്യസ്നേഹിതൻ ശ്രീ. പട്ടം താണുപിള്ള ഏതാനും സംഗതികൾ ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ മററ ചില കാര്യങ്ങൾകൂടി അതായത് പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള കഴപ്പങ്ങളെപ്പററി ചൂണ്ടിക്കാണിക്കുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.

മിസ്റ്റർ സ്പീക്കർ : ബഹു. മെമ്പർക്കു് സമയം അനുവദിച്ചിരിക്കുന്നതു് പൊതുവെ സംസാരിക്കുന്നതിനുവേണ്ടിയാണ്. അതായതു് അപ്രോപ്രിയേഷൻ ബിൽ അനുസരിച്ച് അനാവശ്യമായ ചിലവുകൾ എങ്ങിനെ കുറയ്ക്കാം. അനുവദിച്ചിട്ടുള്ള തുക പൊതുജനനന്മക്കും രാജ്യക്ഷേമത്തിനും വേണ്ടി എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം എന്നും മററുമുള്ള പൊതു നിർദ്ദേശങ്ങൾ സഭയിൽ കൊണ്ടുവരിക മുതലായവയാണ്. ഇവ സംബന്ധിച്ച് പല ബഹു. മെമ്പറന്മാർക്കും സമയം അനുവദിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ കാര്യത്തെപ്പററി സംക്ഷേപമായി പറയുന്നതു് നന്നായിരിക്കും.

ശ്രീ. എസ്. കുട്ടൻ : ബഹു. സ്പീക്കർ അവർകളുടെ നിർദ്ദേശപ്രകാരം ഞാൻ സംക്ഷേപിക്കാം. സർ, ഈയിടെ നടന്നതായ മജിസ്ട്രേട്ടന്മാരുടെ തെരഞ്ഞെടുപ്പിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ൨൦ പേരെ നാമിനേററ് ചെയ്യുകയും അതനുസരിച്ച് അവർ ഓരോരുത്തരായി ജോലിയിൽ പ്രവേശിക്കയും ചെയ്തു. എല്ലാവർക്കും ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല എങ്കിലും കുറച്ചുപേർ ജോലിയിൽ പ്രവേശിച്ചു. എന്നാൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണർ നടത്തിയ ഈ തെരഞ്ഞെടുപ്പിനുശേഷം ഒരാളെ ഗവർമ്മെൻറിൽനിന്നും നേരിട്ടു നിയമിച്ചതായി അറിയുന്നു. ഈ കാര്യത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണരെ കൂടാതെ ഗവർമ്മെൻറ് നിയമനം നടത്തിയതു ഒരു കൈകടത്തലാണ്. മാത്രമല്ല അനീതിയുമാണ്. എതായാലും അധികാരത്തിലിരിക്കുന്ന കോൺഗ്രസ് ഗവർമ്മെൻറ് അടുത്ത തെരഞ്ഞെടുപ്പിൽ പൊതുജനങ്ങളെ സമീപിക്കേണ്ടിവരുമെന്നും അവരുടെ മുമ്പിൽ ഒരു പ്രകടനപത്രിക സമർപ്പിക്കേണ്ടിവരുമെന്നും ഓർക്കണം. അങ്ങനെ ചെയ്യുമ്പോൾ മുൻപു സമർപ്പിച്ചിരുന്ന പ്രകടനപത്രികപോലെ ജനങ്ങൾ കരുതാതിരിക്കാൻ ഗവർമ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. പൊതുജനങ്ങൾക്കു് ഗുണകരമായ വിധത്തിൽ ഭരണം നടത്തി കാണണമെന്നുള്ള അഭിപ്രായംകൊണ്ടാണു് ഞാൻ ഇപ്രകാരം പറയുന്നതു്. എൻെറ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ള പറയുന്നപോലെ കയ്യൂടെ എണ്ണം കൊണ്ട് സ്വാധീനശക്തി ചെലുത്തി ഭരിക്കുന്ന ഒരു ഗവർമ്മൻറാണെന്നു് മേലാലെങ്കിലും പറയാതിരിക്കാൻ ഗവർമ്മെൻറ് ശ്രദ്ധിക്കണമെന്നു് ഞാൻ ഉൽബോധിപ്പിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ പിൻതാങ്ങുകയാണു് ചെയ്യുന്നതു്. അതേ അവസരത്തിൽ ഇവിടെ നടന്ന ചില വാദപ്രതിവാദങ്ങളെ സംബന്ധിച്ചുകൂടി ഏതാനും സംഗതികൾ പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിതിരുവിതാംകൂർ സംയോജനകാര്യം ശരിപ്പെടുത്തുന്നതിനായി ബോംബെയിൽനിന്നും ഇവിടെ ഒരു ഉദ്യോഗസ്ഥനെ കൊണ്ടുവന്നതായി കർക്കശമായ

ഒരു വാദമുഖം ശ്രീ. താണുപിള്ള അവർകൾ ഉന്നയിക്കയുണ്ടായി. അദ്ദേഹത്തിന്റെ വാദമുഖങ്ങളെപ്പററി ചിന്തിക്കുകയാണെങ്കിൽ അത്ഭുതപ്പെടാതെ തരമില്ല. കാരണം കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഉദ്യോഗങ്ങൾ സംബന്ധിച്ചും മററും ഉണ്ടായിട്ടുള്ള തക്കങ്ങളെ തീക്കാനായിട്ടാണ് അന്യസ്ഥലത്തുനിന്നും ഒരു ഉദ്യോഗസ്ഥനെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് എന്നു് അദ്ദേഹം അറിഞ്ഞിരുന്നു എങ്കിൽ ഇപ്രകാരം ഒരു വാദതടസ്സം കൊണ്ടുവരികയില്ലായിരുന്നു.

ശ്രീ. ഏ. താണുപിള്ള: ഞാൻ കൊണ്ടുവന്നിട്ടുള്ളതു് എന്തു വാദതടസ്സമാണു്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: രണ്ടു രാജ്യങ്ങളും സംബന്ധിച്ചു് ഉള്ള സവ്വീസ്തക്കങ്ങൾ തീക്കുന്നതിനായിട്ടു് ഒരു ഉദ്യോഗസ്ഥനെ ഇറക്കുമതി ചെയ്യുതു് ശരിയല്ലെന്നു് പറഞ്ഞുയെന്നാണു് ഞാൻ ഗ്രഹിച്ചതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ വിധ തക്കങ്ങൾ തീക്കാനായിട്ടു് വെളിയിൽനിന്നും വേണ്ടിവന്നാൽ ആരെയും നിയമിക്കാൻ പാടില്ലെന്നാണോ മെമ്പർ പറയുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അങ്ങനെ എനിക്കഭിപ്രായമില്ല. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള തക്കം തീക്കുന്നതു് വെളിയിൽനിന്നുതന്നെ വരുത്തിയ ഒരാളായിരിക്കണമെന്നുതന്നെയാണു് ഞാൻ വിചാരിക്കുന്നതു്. ഈ കാര്യം നിയമസഭയിൽ വാദപ്രതിവാദം നടന്നതിനുമൻപുതന്നെ ഈ നിയമനത്തെപ്പററി പത്രപ്രസ്താവനകളും ഉണ്ടായിരുന്നു. എന്നാൽ ഈ പ്രസ്താവനകളെ സംബന്ധിച്ചു് ആക്കെങ്കിലും വല്ല എതിരഭിപ്രായവും ഉണ്ടായിരുന്നെങ്കിൽ ഗവമ്മെൻറു് അദ്ദേഹത്തെ ഇവിടെ വരുത്തുന്ന കാര്യത്തിൽ ആലോചിച്ചു പ്രവത്തിക്കുമായിരുന്നു. എന്നാൽ യാതൊരു എതിരഭിപ്രായവും രേഖാമൂലമായി ഗവമ്മെൻറിനു് കിട്ടാത്തതുകൊണ്ടായിരിക്കണം ഈ വിധത്തിൽ വെളിയിൽനിന്നും ഒരാളെ ഈ കാര്യത്തിലേക്കായി ക്ഷണിച്ചിട്ടുള്ളതു്. അതിൽ ഒരിക്കലും ഗവമ്മെൻറിനെ കുററപ്പെടുത്താൻ തരമില്ല. നിയമിതനായ ഈ മാന്യന്റെ പേരു് ബോർവാല എന്നാണു്. ഇദ്ദേഹം ബോംബെ ഗവമ്മെൻറു് സവ്വീസിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനാണു്.

സർ, ഇതുപോലുള്ള കാര്യങ്ങളിൽ വിദഗ്ദ്ധനായ അദ്ദേഹം ഇതിനുമുമ്പിൽ ബോംബെ സവ്വീസിൽ ഇരുന്നു് ഇതുപോലുള്ള പല കാര്യങ്ങളിലും പ്രശസ്തി സമ്പാദിച്ച ആളാണു്.

ശ്രീ. സി. കേശവൻ: ആരാണു് ഇങ്ങനെ നിയമനം നടത്തിയതു്, പത്രങ്ങളാണോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പത്രങ്ങളിൽ റിപ്പോർട്ടു കണ്ടു, ഇങ്ങനെ നിയമിക്കാൻ പോകുന്നു എന്നു്. അങ്ങനെ നിയമനം ഉണ്ടാകുമെന്നുള്ള അനുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻ ഇതു പറയുന്നതു്. എന്തായാലും ഇതുപോലെയുള്ള വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ ഇടയുണ്ടെന്നതിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. അതുകൊണ്ടു് അതിനെപ്പററിയുള്ള അഭിപ്രായം പുറപ്പെടുവിച്ചു എന്നേയുള്ളു. എതായാലും ഇവിടെ ഉള്ള ഇതുമാതിരിയുള്ള തക്കങ്ങളിൽ വെളിയിൽനിന്നുള്ള ഇതുപോലുള്ള ഒരു വിദഗ്ദ്ധന്റെ നിയമനം സഹായകരമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ നടപടി

[Sri. K. K. Chellappan Pillai]

ആശാസ്യമാണെന്നാണ് എനിക്കു പറയുവാനുള്ളത്. ഇവിടത്തെ സർവ്വീസിൽ രണ്ടു വിഭാഗക്കാർക്കും സർവ്വീസ് സംയോജനം സംബന്ധിച്ച് ചില തർക്കങ്ങളെല്ലാം ഉള്ളതുകൊണ്ട് അവക്ക് ശരിയായ പരിഹാരം ഉണ്ടാക്കേണ്ടതാണ്.

എനിക്ക് വേറൊന്നു പറയുവാനുള്ളത് ഇവിടെ ടൈം സ്കെയിൽ അനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്നുള്ള അഭിപ്രായം ഈ അസംബ്ളിയിൽതന്നെ ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇതിലേക്കു് ആവശ്യമുള്ള നടപടി നടത്തണമെന്നാണ് എന്റെ അഭിപ്രായം,

സർ, ശ്രീ. പട്ടം താണുപിള്ള അവർകൾ ഡെമോക്രസിയെപററി ഇവിടെ പറഞ്ഞത് വളരെ വേദനയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആ പ്രസംഗം കേട്ടതുകൊണ്ടുതന്നെയാണ് എന്റെ ഈ പ്രസംഗം ചെയ്യാമെന്നു ഞാൻ ഉദ്ദേശിച്ചത്. കാരണം അദ്ദേഹം ഞങ്ങളുടെ മാന്യ നേതാവാണ്. അദ്ദേഹം ഏതു കക്ഷിയിൽപ്പെട്ട ആളായാലും മുമ്പ് ഈ തറവാട്ടിലെ കാരണവനായ അദ്ദേഹത്തെപ്പററി ആരും മറക്കുകയില്ലെന്ന് വിശ്വസിക്കുന്നു. അദ്ദേഹം കാരണവസ്ഥാനത്തിരുന്നപ്പോൾ ചില അനന്തിരവന്മാർ ചില നിഷേധശബ്ദങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ഉടൻതന്നെ അദ്ദേഹം കാരണവസ്ഥാനം അവരുടെ മുഖത്തെറിഞ്ഞുകൊടുത്തിട്ട് അടുത്ത തറവാട്ടിൽ ചെന്നിരുന്നുകൊണ്ട് താൻ മുമ്പു ഭരിച്ചിരുന്ന തറവാട്ടിനെപ്പററി ദൂഷിക്കുകയും മററും ചെയ്യുകയാണ്. അങ്ങനെയാണെങ്കിൽ ഡെമോക്രസി വിജയിക്കുമോയെന്ന് ഞാൻ ചോദിക്കുന്നു. എല്ലാവർക്കും പറയാം, ആ തറവാട്ടിൽ ഇപ്പോഴത്തെ അനന്തിരവന്മാരുടെ ഭരണംകൊണ്ട് പാട്ടനെല്ല് ശരിയായി കിട്ടുന്നില്ല, വെള്ളക്കാ, ഓലകൾ വന്നുകൊണ്ടുപോകുന്നു എന്നെല്ലാം. ഇത്രമാത്രമേ എനിക്ക് ഇതിനെക്കുറിച്ചു പറയുവാനുള്ളു. അദ്ദേഹം ഈ പാർട്ടിയിലോട്ട് തിരിച്ചുവന്ന് ഇതിന്റെ നേതൃസ്ഥാനം ഏറെറടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഡെമോക്രാററിക്ക് കോൺഗ്രസ്സിനോ അല്ലെങ്കിൽ സോഷ്യലിസ്റ്റ് പാർട്ടിക്കോ ഇവിടത്തെ കോൺഗ്രസ്സിനെപ്പോലെ മാനിഫെസ്റ്റോയോ മററോ ഉള്ളതായി തോന്നുന്നില്ല. ഏതായാലും ഡെമോക്രസിയെ വിജയിപ്പിക്കുവാനുള്ള കർത്തവ്യം അല്ലെങ്കിൽ ഉത്തരവാദിത്വം എല്ലാ പാർട്ടിക്കും ഉണ്ടെന്നിരിക്കെ അതിനുവേണ്ടി സകല അഭിപ്രായഭിന്നതകളും അവസാനിപ്പിച്ച് സഹകരണമനസ്ഥിതിയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇത്രയും കാര്യങ്ങൾ മാത്രമേ എനിക്കു പറയുവാനുള്ളു.

ശ്രീ. സി. വി. ഇയ്യു: സർ, ഗവൺമെൻറിലേക്കു് അനുവദിച്ചിട്ടുള്ള ..

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഞാൻ എത്രയോ പ്രാവശ്യം എഴുന്നേററിട്ടും എനിക്കു സംസാരിക്കുവാൻ സമയം കിട്ടുന്നില്ല. സമുദായ പ്രാതിനിധ്യം നോക്കിയെങ്കിലും എനിക്ക് ഒരു ചാൻസ് തരേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: ആ തത്വം ഇവിടെ സ്വീകാര്യമല്ല.

ശ്രീ. സി. വി. ഇയ്യു: ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററനുസരിച്ച് ഒരു വലിയ സംഖ്യ വിദ്യാഭ്യാസപ്രശ്നത്തിനായി നീക്കിവെച്ചിട്ടുണ്ട്. ഇതിനെ പരിഗണിച്ച് ബഡ്ജററിൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ഇവിടെ ഉണ്ടായിട്ടുള്ള സെക്കൻററി വിദ്യാഭ്യാസപദ്ധതിക്ക് കുറെയധികം പണം

നീക്കിവെച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആവിർഭാവം അതിനുശേഷം ഇവിടെ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായിട്ടില്ല എന്നു മാത്രമല്ല അതു് രാജ്യത്തിലെ ഭാവിപൗരന്മാരായിത്തീരുന്നവരായ വിദ്യാർത്ഥികൾക്ക് വളരെ കുഴപ്പങ്ങൾക്കെല്ലാം കാരണമായിത്തീർന്നു. അദ്ധ്യാപകരുടെ കാര്യത്തിൽ അതൃപ്തിയുമുണ്ടായി. സർ, ഒന്നുകിൽ ആ പദ്ധതി വേണ്ടെന്നു വക്കുക. അല്ലെങ്കിൽ ശക്തിയായി നിർബന്ധിച്ച് അതു അംഗീകരിപ്പിക്കുക. അതു് രണ്ടുമല്ലാത്ത വിധത്തിൽ ഇങ്ങനെ ഇട്ടേക്കരുതു്. സാങ്കേതികമായ ഏതെങ്കിലും ചട്ടമനുസരിച്ച് ഒരേ മാനേജുമെൻറിലുള്ള ചില സ്കൂളുകൾ നിറുത്തൽ ചെയ്തിട്ടുള്ളതായി എനിക്കറിയാം. ചട്ടങ്ങൾ സാങ്കേതികമായി എന്തായിരുന്നാലും അതു് ചില കാര്യങ്ങളിലെല്ലാം പ്രായോഗികസൗകര്യം നോക്കി ചില ഭേദഗതികൾ ചെയ്യേണ്ടതാണ്. മാനേജുമെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാക്ക് ശരിയായി ശമ്പളം കൊടുക്കണം. കൊച്ചിയും തിരുവിതാംകൂറും കൂടിയുള്ള സംയോജനംകൊണ്ടു തിരുവിതാംകൂറിന് നന്മയുണ്ടായി എന്നു് ഞങ്ങൾ സമ്മതിക്കുന്നു. കൊച്ചിക്കാക്കു് വലിയ ദോഷമുണ്ടായി, എന്നുമാണ് ഞങ്ങളുടെ വിശ്വാസം. ഈ സംയോജനത്തിനു സമ്മതം മൂളിയതു് ഏതു പാർട്ടിയിലുള്ളവരായിരുന്നാലും, അവർ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം നശിച്ചിരിക്കുന്നു എന്ന് അവർ മനസ്സിലാക്കേണ്ടതാണ്. സംയോജനം ഉണ്ടായിട്ടുള്ളതിന്റെ ഒരു ഫലമാണ് ഇന്നലെ ഇവിടെ കണ്ടതു്. കൊച്ചിയിലെ പാരമ്പര്യവും ഭരണവും ജനാധിപത്യതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു എന്നും എന്നാൽ സംയോജനത്തിനുശേഷം അതു് മാറിയിരിക്കുന്നു എന്നുമാണ് എനിക്കു പറയുവാനുള്ളതു്. ഇൻറിഗ്രേഷനുമുമ്പ് ഏതെങ്കിലും പാർട്ടിടിക്കററിന്മേൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ ഇൻറിഗ്രേഷൻനിമിത്തം അവർ തെരഞ്ഞെടുക്കപ്പെട്ട പാർട്ടികളുടെ നേരെ ജനങ്ങൾക്കുണ്ടായിട്ടുള്ള അതൃപ്തിയെ അടിസ്ഥാനപ്പെടുത്തി രാജിവെച്ചു അവരവരുടെ നിയോജകമണ്ഡലങ്ങളിൽതന്നെ പുനർതിരഞ്ഞെടുപ്പിനു നിൽക്കേണ്ടതായിരുന്നു. അതിൽ മി. കണ്ണനും മി. ബാലകൃഷ്ണമേനോനും ഒഴിച്ച് ബാക്കിയുള്ളവർ ആരുംതന്നെ അഭിനന്ദനീയരല്ല. ഞങ്ങൾക്കാണെങ്കിൽ ഒരു പാർട്ടിയുമില്ല. ഞങ്ങൾ സ്വതന്ത്രന്മാരാണ്. ശ്രീമാൻ പാച്ചുപിള്ള പറഞ്ഞു അദ്ദേഹത്തിന്റെ പാർട്ടിയിലുള്ള എല്ലാവരും രാജിവെച്ചാലും വീണ്ടും അവർ തിരഞ്ഞെടുക്കപ്പെടുമെന്നു അവക്കു് നല്ല വിശ്വാസമുണ്ടെന്ന്. അദ്ദേഹത്തിന്റെ നേതാവിനോട് ഇവിടെ വരുംമുമ്പുതന്നെ ബഹുമാനമാണ് ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു. അവരുടെ നേതാവായ പട്ടത്തോടു എനിക്കു ബഹുമാനമാണ്. ശ്രീമാൻ പട്ടം താണുപിള്ളയെപ്പോലെയുള്ള ഒരു വ്യക്തി എവിടെ നിന്നാലും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യംകൊണ്ടു് ജയിക്കുമെന്ന് എല്ലാവക്കുമറിയാം. അദ്ദേഹം രാജിവെച്ചാലും പിന്നെയും തിരുവനന്തപുരംപോലെയുള്ള ഒരു പ്രസിദ്ധ ജനനിബിഡമായ നിയോജകമണ്ഡലം അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും നേതാവായി സ്വീകരിക്കുകയും ജയിപ്പിക്കയും ചെയ്യുമെന്നു എനിക്കു നല്ല വിശ്വാസമുണ്ടു്. ഏതായാലും ഈ രാജ്യങ്ങളെ തമ്മിൽ സംയോജിപ്പിച്ചതിനെ സംബന്ധിച്ചു കൊച്ചിരാജ്യത്തുള്ള ആളുകൾ ബഹുഭൂരിപക്ഷത്തിനും ഗവമ്മെൻറിനോടു് വളരെ വിരോധമാണെന്ന് എനിക്കു പ്രഖ്യാപിക്കുവാൻ കഴിയും.

Sri. P. S. Nataraja Pillai: May I know from the hon'ble Member whether on the date of integration that if a Member resigned his membership in a particular constituency was there any other constituency to which he could apply?

Sri. C. V. Iyyu: He could have applied to the constituency in which he was member to return him again as member.

Sri. P. S. Nataraja Pillai: Under what rule?

Mr. Speaker: No discussion in that direction is allowed.

ബില്ലിന്റെ പരിധിയിൽ വരാത്ത സംഗതികൾ വളരെ കുറവാണ്. എന്നാൽ ബില്ലിലെ കാര്യങ്ങളോടു വളരെ ബന്ധമുള്ള കാര്യങ്ങൾ പറയണമെന്നു വിചാരിച്ചു അതിനെക്കുറിച്ചു സംസാരിച്ചാൽ നന്നായിരിക്കും. ബില്ലിന്റെ വ്യാപ്തി കൂടുതലായതുകൊണ്ടു് ഇന്ന കാര്യം സംബന്ധിച്ചു പറയാൻ പാടില്ലെന്നു ഒരു നിയന്ത്രണം വയ്ക്കുവാൻ സാദ്ധ്യമല്ല. എന്നാൽ അങ്ങനെ നിയന്ത്രണം ചെയ്യുവാൻ പാടില്ലാത്ത സംഗതികളെക്കുറിച്ചുമാത്രമെ സംസാരിക്കുകയുള്ളുവെന്നു നിർബന്ധമായി വയ്ക്കുന്നതു് ശരിയല്ല. ബില്ലിലെ കാര്യങ്ങളോടു വളരെ അടുത്തബന്ധമുള്ള കാര്യങ്ങൾ മാത്രം സംസാരിച്ചാൽ മതിയാകും.

ശ്രീ. സി. വി. ഇയ്യു: ഈ രാജ്യത്തെ പ്രതിനിധികൾക്കു് ഇപ്പോൾ പരമാധികാരം കിട്ടിയിട്ടുണ്ടു്. ഈ ബില്ലിനെക്കുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനു് യോഗ്യന്മാരായ ആളുകളാണു് ഇവിടെ ഇരിക്കുന്നതെന്നു നാം ഓർക്കണം. ഈ ബിൽ ഇന്നു തള്ളിപ്പോയാൽ റിപ്പബ്ളിക്ക് പ്രസിഡണ്ടിന്റെ അധികാരം ഉപയോഗിച്ചാലെ നാളെമുതൽ പണം ചെലവാക്കാൻ സാധിക്കുകയുള്ളു. മുമ്പാണെങ്കിൽ മഹാരാജാവിനായിരുന്നു അധികാരം. ഇന്നു മഹാരാജാവില്ല; രാജപ്രമുഖനാണുള്ളതു്. രാജപ്രമുഖനു് അതിനുള്ള അധികാരമില്ല. അതുകൊണ്ടു് ഈ ബിൽ പാസാക്കുന്നതിനും ബഡ്ജറ്റു് പാസാക്കുന്നതിനുമുള്ള അധികാരം നമ്മുടെ കയ്യിലാണിരിക്കുന്നതെന്നു കാണാം. ശ്രീ. പാച്ചുപിള്ള ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും പല കണക്കുകളും ഇവിടെ പറയുകയുണ്ടായി. എന്നാൽ കൊച്ചിയിൽ ഒരു കക്ഷിയിലെ മെമ്പർ ആ കക്ഷിയിൽനിന്നും മാറുമ്പോൾ രാജിവച്ചു വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കുന്ന ഒരു പാരമ്പര്യം ഉണ്ടായിരുന്നു. അതനുസരിച്ചു കൊച്ചിക്കാർ പ്രവർത്തിച്ചും വന്നു. തിരുവിതാംകൂറുമായുണ്ടായ സംയോജനംമൂലം കൊച്ചിയിലുണ്ടായിരുന്ന ആ പാരമ്പര്യമെല്ലാം നശിച്ചു് അവരുടെ പാർട്ടിയിൽതന്നെ റിബൽഗ്രൂപ്പായി വോട്ടുചെയ്യുന്ന ഒരു സംഭവമാണു് ഇന്നലെ ഉണ്ടായതു്. അഭിപ്രായം മാറിയാൽ കക്ഷിയിൽനിന്നും നിയമസഭയിൽനിന്നും രാജിവച്ചു് അതേ നിയോജകമണ്ഡലത്തിൽതന്നെ തിരഞ്ഞെടുപ്പിനു് വേറെ ടിക്കററിന്മേൽ നിന്നു് ജയിച്ചു് സഭയിൽ അംഗമായിരിക്കുന്ന നല്ല സമ്പ്രദായം അവഗണിച്ചു ശ്രീ. പട്ടം തുടങ്ങി എല്ലാവരേയും ഇന്നും സാധാരണ ജനങ്ങൾ നേതാക്കന്മാരായിത്തന്നെ കരുതുന്നു. അതിനും പുറമെ മനുശങ്കരന്മാരായ അതേതരത്തിലുള്ളവരെ ആനയും പൂരവുമായിട്ടാണു് എഴുന്നള്ളിച്ചു് നടക്കുന്നതു്. ഇവിടെ എന്തു വേഷമായാലും കൊള്ളാമെന്നു കരുതിയാണു് കൊച്ചിക്കാരായ ൧൫ സ്നേഹിതന്മാർ ഇന്നലെ തകിടം മറിഞ്ഞതു്. ആയതിനാൽ ഒരു നിമിഷംപോലും കൊച്ചി തിരുവിതാംകൂർ യോജിച്ചിരിക്കാൻ പാടില്ല. അങ്ങനെ ആയാൽ ഇവിടെ ഫാസിസമോ, നാസിസമോ, കമ്മ്യൂണിസമോ എന്താണു വരുന്നതെന്നു് അറിഞ്ഞുകൂടാ. ഇന്നലെ മുതൽ എനിക്കു് അങ്ങനെയൊരു അഭിപ്രായം കൂടി ഉണ്ടായിരിക്കുന്നു.

ബ: ഫിനാൻസുമിനിസ്റ്റർ കൊച്ചിയിൽ വളരെ അധികം പണം ചിലവുചെയ്യുന്നു എന്നു് പറയുകയുണ്ടായി. വാസ്തവം അങ്ങനെയല്ല. ഇൻഡ്യാഗവമെണ്ടിൽനിന്നും കിട്ടുന്ന ലോൺകൂടി ഉൾപ്പെടുന്നതായ തുകകളാണു് പറയുന്നതു്. പഴയ കൊച്ചിയിൽനിന്നും കിട്ടുന്ന വരുമാനത്തിൽനിന്നും ഏതാനും ലക്ഷങ്ങൾ മാത്രമാണു് കൂടുതലായി തിരുവിതാംകൂറിൽനിന്നും കിട്ടുന്നതു്. അതിൽനിന്നും ൫൧ ലക്ഷം രൂപാ ദേവസ്വം ഗ്രാൻറായി പോകുകയും വേണം.

പിന്നെ മരാമത്തുവകയ്ക്കു ചിലവുചെയ്യുന്നതും കണക്കാക്കിയാൽ കൊച്ചിയിൽ ആ കണക്കനുസരിച്ച് ചെലവു ചെയ്യുന്നില്ലെന്നു കാണാം. തിരുവിതാംകൂറുകാരായ വ്യക്തികൾ മന്ത്രിയായും സർജൻജനറലായും ഇരിക്കുന്ന ധൈര്യമാണ് മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ കൊച്ചി പ്രദേശത്തു ജോലിചെയ്യുന്ന പഴയ തിരുവിതാംകൂർകാരായ ഉദ്യോഗസ്ഥന്മാർക്ക് കൊച്ചിക്കാരായ സാധുക്കളോട് അവജ്ഞക്കുള്ള കാരണം. അതിനൊക്കെ ഉത്തരവാദികൾ പഴയ കൊച്ചി പ്രതിനിധികൾ തന്നെയാണ്. അടുത്തകാലത്താണ് പ്രജാമണ്ഡലം നേതാവു ശ്രീ. മാധവൻനായർക്ക് ഭൂതോദയമുണ്ടായതു്. കൊച്ചിയിൽ ബേസിക് ടാക്സ് വരുന്നതുകൊണ്ടു് പലർക്കും നഷ്ടമുണ്ടു്. ഇതു രണ്ടു രാജ്യമാണ്. പ്രത്യേകം പ്രത്യേകം ഭരിച്ചിരുന്നതുമാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ ഗവൺമെന്റിന് ഈ നാട്ടിലെ ജനങ്ങളുടെ പേരിൽ പൊതു മുതലിൽ നിന്നും ഒരു പൈപോലും എടുത്തു ചെലവുചെയ്യുന്നതിന് അർഹതയോ അവകാശമോ ഇല്ലെന്നു ഞാൻ പറയുന്നു. ഈ നാട്ടിലെ ഭരണം എല്ലാംകൊണ്ടും അത്രത്തോളം അധഃപതിച്ചുകഴിഞ്ഞിരിക്കുന്നു. അഴിമതിയും കൈക്കൂലിയും അടിമുതൽ മുടിവരെ നടമാടുന്നുണ്ടു് എന്നു സർവ്വത്രപാട്ടാണ്. കൈക്കൂലിയുടെ കാര്യത്തിൽ ഭരണാധികാരത്തിലിരുന്ന മന്ത്രിമാരെപ്പററിപ്പോലും ഗൗരവാവഹമായ ആരോപണങ്ങളുണ്ടായിട്ടുണ്ടു്. അതിനെക്കുറിച്ചു യാതൊരു അന്വേഷണവും നടപടിയും നടത്തിയിട്ടില്ല. ശബരിമല തീവയ്പു സംബന്ധിച്ചു റിപ്പോർട്ട് പൂഴ്ത്തിവച്ചിരിക്കുന്നതുകൊണ്ടു് നാട്ടുകാരുടെയിടയിൽ വലുതായ ഉൽക്കണ്ഠയുണ്ടു്. അതിനെക്കുറിച്ച് പലതരത്തിലുള്ള കിംവദന്തികൾ നാട്ടിൽ പരക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ ക്ഷേത്രങ്ങളും പള്ളികളും നിലനിൽക്കണമെന്നാണോ അഭിപ്രായം?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ജനങ്ങൾക്ക് താല്പര്യമുള്ള എല്ലാ കാര്യങ്ങളിലും കമ്മ്യൂണിസ്റ്റുകാർക്ക് താല്പര്യമുണ്ടു്. ജനങ്ങളുടെയിടയിൽ സമുദായവിദ്വേഷം കുത്തിവച്ചു നാട്ടിൽ കലാപം സൃഷ്ടിക്കുന്നതിന് ഈ ഗവൺമെന്റ് കൂട്ടുനില്ക്കുന്നു എന്നാണ് ഞാൻ പറയുന്നതു്. അങ്ങനെ നാട്ടിൽ സർവ്വത്ര ഉൽക്കണ്ഠയും വിഷമാവസ്ഥയുമാണ് ഇന്നു നടമാടുന്നതു്. നാട്ടുകാരുടെ പ്രശ്നങ്ങൾക്കൊന്നിനും ഈ ഗവൺമെന്റിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഭക്ഷണക്കുഴപ്പം അങ്ങനെ കൊടുമ്പിരികൊണ്ടു നില്ക്കുന്നു. ലെവി സമ്പ്രദായപ്രകാരം നാട്ടിൽ കരിഞ്ചന്തക്ക് വളരെ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. ഈ ലെവി സമ്പ്രദായം ഈ നാട്ടിലെ ജന്മിമാർക്കും മുതലാളിമാർക്കും കരിഞ്ചന്തയിൽ നെല്ല് ഇഷ്ടംപോലെ വില്ക്കുന്നതിന് സഹായം നൽകുന്നതിനുമാത്രം ഉണ്ടാക്കിയിട്ടുള്ള ഒരു ഏർപ്പാടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതോടൊപ്പം ഭക്ഷണകാര്യത്തിൽ കേന്ദ്രഗവർമ്മെന്റുമായുള്ള ഇടപാടിൽ ഈ ഗവർമ്മെന്റ് അങ്ങേയററം നിസ്സഹായാവസ്ഥയിലാണ് നില്ക്കുന്നതു്. അരി തരുന്ന കാര്യത്തിൽ അവർക്ക് ഒരു ചുമതലയുമില്ല എന്ന നിലയായിരിക്കുന്നു. സബ്സിഡി നിർത്തൽ ചെയ്യാൻ പോകുന്നു. വേണമെങ്കിൽ അരിയുടെ വില കൂട്ടിക്കൊള്ളുക എന്നാണു പറയുന്നതു്. ഇങ്ങനെ അങ്ങേയററം ഉത്തരവാദിത്വമില്ലാത്ത ഒരു നിലയാണ് ഇൻഡ്യാഗവൺമെന്റ് എടുത്തിരിക്കുന്നതു്. ഇവിടെയുള്ള കസ്റ്റംസും, ഇൻകംടാക്സും

[Sri. E. Gopalakrishna Menon]

ലോകവിപണികളിൽ കുത്തകയുള്ള ഉല്പന്നങ്ങളും കൊണ്ടുപോകുന്ന ഇൻഡ്യാഗവമെൻറ് ഇപ്പോൾ കൈമലത്തുകയാണു ചെയ്യുന്നതു്. ഈ കാര്യത്തിൽ ഒരു ഉറച്ച നില സ്വീകരിക്കാൻ നമ്മുടെ ഗവമെൻറിനു കഴിഞ്ഞിട്ടില്ല. ഇൻഡ്യാഗവമെൻറിൻെറ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നു എപ്പോഴും ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നുണ്ടു്. ഇൻഡ്യാഗവമെൻറിലെ ഒരു ഉദ്യോഗസ്ഥനായ വി. പി. മേനോൻ വരുമ്പോൾ നമ്മുടെ മന്ത്രിമാർ ഓഛാനിച്ചു് അദ്ദേഹത്തിൻെറ മുമ്പിൽ നില്ക്കുന്നു. ഈ രാജ്യത്തെ മന്ത്രിമാർ ഈ നിയമസഭയോടു ഉത്തരവാദപ്പെട്ടവരാണു്. അവക്കു് ഇൻഡ്യാഗവമെൻറിലെ ഒരു ഉദ്യോഗസ്ഥൻെറ മുമ്പിലും തല കുനിക്കേണ്ട ആവശ്യമില്ല. അവരുടെ ഈ നില അങ്ങേയററം ഈ നിയമസഭയ്ക്കും നാട്ടിനും തന്നെ അപമാനകരമാണു്.

ഈ നാട്ടിലെ പോലീസ് മർദ്ദനത്തിൻെറ കാര്യം നോക്കുകയാണെങ്കിൽ അതു സാർവ്വത്രികമായിത്തീന്നിരിക്കയാണു്. ഈയിടക്കുതന്നെ ഗൌരവതരമായ പലകാര്യങ്ങളും പുറത്തുവരുകയുണ്ടായി. ഇരിങ്ങാലക്കുട സ്വദേശിയായ മി. കുമാരൻെറ ഒരു സംഭ്രമജനകമായ പത്രപ്രസ്താവന ഈയിടെ കാണുകയുണ്ടായി. അതു സംബന്ധിച്ചു യാതൊരു അന്വേഷണവും ഗവമെൻറ് നടത്തിയിട്ടില്ല. നാട്ടുകാരുടെ ഇടയിൽ യാതൊരു രക്ഷാബോധവുമില്ലാതായിത്തീന്നിരിക്കുകയാണു്. അറസ്റ്റു് ചെയ്തു ജയിലിൽ അടച്ചിരിക്കുന്നവരുടെ കേസെടുത്തു തീക്കുന്നതിനു് വളരെ കാലം എടുക്കുന്നു. സബ്ജയിലുകളിലും ലാക്കപ്പുകളിലും കിടക്കുന്ന നിർഭാഗ്യവാന്മാരുടെ സ്ഥിതി ഏററവും ദയനീയമാണു്. ഞാൻതന്നെ ഏതാനുംമാസം ലാക്കപ്പിൽ കിടന്നിട്ടുണ്ടു്. അന്നു വെറും ൯ അണ ൧ ൧ പൈയാണു് എനിക്കു ഭക്ഷണപ്പടി കിട്ടിയതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു തെററാണു്. ഒരു രൂപ ആറണയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെ ഞാൻ വെല്ലുവിളിക്കുന്നു. കൊച്ചിയിൽ സബ്ജയിലുകളിൽ ടെൻഡർ വിളിച്ചാണു് കൊടുത്തിരിക്കുന്നതു്. ഇരിങ്ങാലക്കുട സബ്ജയിലിൽ ൯ ണ. ൧ ൧ പൈക്കാണു് ടെൻഡർ. അതിനാൽ ൯ അണ ൧ ൧ പൈയാണു് എനിക്കു ഭക്ഷണപടിയായി കിട്ടിക്കൊണ്ടിരുന്നതു്. പത്തും ഇരുപതും ആളുകളെ എട്ടും പത്തും അടി വ്യാസമുള്ള മുറികളിൽ തള്ളിയിരിക്കുകയാണു്. ഇടപ്പള്ളിക്കേസിലെ പ്രതികളെ വെറും അഞ്ചും ആറും അടി വ്യാസമുള്ള മുറികളിൽ ഇരുപതും മുപ്പതും ആളുകളെവീതം ഒന്നിച്ചടച്ചിരിക്കുകയാണു്. ഇതു വെറും പ്രതികാരത്തോടുകൂടിയ പെരുമാററമാണു്. ഇങ്ങനെയാണു് ഈ ഗവമെൻറ രാഷ്ട്രീയകേസുകളിലെ പ്രതികളോടു പെരുമാറിക്കൊണ്ടിരിക്കുന്നതു്. കളിക്കാനും പത്രംവായിക്കാനും ഒന്നിനും സൌകര്യമില്ല. ഇതിനെല്ലാം ചില ചട്ടങ്ങൾ ഉണ്ടെന്നു് ഗവമെൻറ പറയുന്നു. അതു് ആരു സൃഷ്ടിച്ച ചട്ടങ്ങളാണു്? ബ്രിട്ടീഷ് ഗവമെൻറും സർ. സി. പി. യും സൃഷ്ടിച്ച ചട്ടങ്ങളല്ലെ? അതിനെ ഭേദഗതി ചെയ്യാൻ ഈ ഗവമെൻറിനു പാടില്ലെ എന്നു ഞാൻ ചോദിക്കുന്നു. മഹാത്മാഗാന്ധിയുടെ ഘാതകനുപോലും റേഡിയോ ഉൾപ്പെടെ എല്ലാവിധ സുഖ സൗകര്യങ്ങളും അനുവദിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. ഈ നാട്ടിൽ ജയിലുകളിലും ലാക്കപ്പുകളിലും കാൺഗ്രസ്സിൻെറ പ്രതിയോഗികൾക്കു് അവരുടെ അഭിപ്രായങ്ങളോടു് യോജിക്കുന്നില്ലെന്നുള്ള കാരണം കൊണ്ടു് മനുഷ്യോചിതമായ ഒരു സൌകര്യവും ചെയ്യാൻ പാടില്ലേ എന്നു ഞാൻ ചോദിക്കുന്നു. വിയ്യൂർ സെൻട്രൽ ജയിലിലെ കാര്യം വളരെ പരിതാപകര

മാണു്. വെറും കുതിരലായംപോലെയാണു് ജയിൽ കെട്ടിയിട്ടുള്ളതു്. കാററും വെളിച്ചവും കിട്ടാത്ത ജനൽപോലുമില്ലാത്ത മുറികളാണു് അവിടെയുള്ളതു്. മൂത്രം ഒഴിക്കാൻ സ്ഥലമില്ല. കിടക്കുന്ന പായുടെ അടുത്തു കുടംവച്ചു മൂത്രമൊഴിച്ചുകൊള്ളണം. പത്രമോ പുസ്തകമൊ ഒന്നും വായിക്കാൻ കൊടുക്കുകയില്ല. ഇപ്പോൾ ഗോമതിപ്പത്രമോ മറേറാ കൊടുക്കുന്നതായികേട്ടു. നിയമത്തിനു വിധേയമായ പുസ്തകങ്ങളും പത്രങ്ങളും വായിക്കാൻ അനുവദിച്ചതുകൊണ്ടു് എന്തു വിപ്ലവമാണുണ്ടാകാൻപോകുന്നതു് ? തടവുകാരോടു് മനുഷ്യോചിതമായി പ്രവൎത്തിക്കുന്നതിനു് ഈ ഗവമെന്റു് തയാറില്ലെന്നാണു് ഇതെല്ലാം തെളിയിക്കുന്നതു്. ഇതെല്ലാം വെറും പകവച്ചു പെരുമാററലാണെന്നാണു് ഞാൻ പറയുന്നതു്. ഞാൻ സെൻട്രൽ ജയിലിൽ കിടന്നപ്പോൾ ചില ചില്ലറ സൗകൎയ്യങ്ങൾക്കുവേണ്ടി എഴുതുകയുണ്ടായി. അതിനുള്ള നിഷേധരൂപത്തിലുള്ള മറുപടിതന്നെ മൂന്നുനാലുമാസം കഴിഞ്ഞു് ശിക്ഷയുടെ കാലാവധി കഴിഞ്ഞപ്പോഴാണു് കിട്ടിയതു്. ഇതെല്ലാം ആണു് ഇവിടെ നടക്കുന്നതു്. എന്റെ സ്നേഹിതൻ ബഹു. വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി റഷ്യയിലെപ്പോലെ തൊഴിലാളികളെ വെടിവെക്കുന്ന സമ്പ്രദായം ഈ രാജ്യത്തില്ലെന്നു്. ഞാൻ അദ്ദേഹത്തെ അറിയിക്കുന്നു, അദ്ദേഹം പ്രധാനമന്ത്രിയുടേയും പോലീസിന്റേയും ചാർജ്ജ് വഹിച്ചിരുന്നകാലത്തു് ഇവിടെ നടന്നിട്ടുള്ളതുപോലെ മർദ്ദനം ലോകചരിത്രത്തിൽ മറെറങ്ങും തന്നെ നടന്നിരിക്കാൻ ഇടയില്ലെന്നു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു റഷ്യയുടെ ചരിത്രം വായിക്കാത്തതുകൊണ്ടാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ശ്രീ. ടി. കെ. നാരായണപിള്ളയുടെ ഭരണത്തിൻകീഴിൽ തടവുകാൎക്കു് പേപ്പട്ടിവിഷംകൊണ്ടും, പിത്തംകൊണ്ടും, ഞെട്ടൽകൊണ്ടും, പുഴക്കടികൊണ്ടും മററും ലോക്കപ്പുകളിൽ കിടന്നു രായ്ക്കുരാവു് സമാധാനപരമായി മരിക്കാൻ സൗകൎയ്യമനുവദിച്ചതിന്റെ ഉദാഹരണങ്ങൾ വളരെയുണ്ടു്. അതിനു നാട്ടുകാർ അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണു്.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: സർ, ഒന്നുരണ്ടു കാൎയ്യങ്ങൾ ഗവമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തെ മന്ത്രിമാരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം കൊച്ചിക്കാർക്കു മന്ത്രി ആവശ്യമുണ്ടെന്നും പ്രാദേശികമായും സമുദായികമായും മന്ത്രിമാർ ആവശ്യമാണെന്നുമുള്ളവാദം ഒരു വിധത്തിൽ അംഗീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു ജാതിക്കോ സമുദായക്കാർക്കോ മാത്രം മന്ത്രിവേണം അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ വേണമെന്നാവശ്യപ്പെടുന്നതു് അവരുടെ സ്വന്തജാതിയിലെ വേണ്ടപ്പെട്ട ആളുകൾ ആ സ്ഥാനങ്ങളിൽ ഉണ്ടായിരുന്നാൽ മാത്രമേ ഗവമെന്റു അവരോടു നീതിചെയ്യുകയുള്ളു എന്നൊരു ബോധം രാജ്യത്തു വളർന്നിരിക്കുന്നതുകൊണ്ടാണു്. അല്ലാതെ ഒരാളെ മന്ത്രിയാക്കുന്നതിനോ ഒരാളെ ഉദ്യോഗസ്ഥനാക്കുന്നതിനോ വേണ്ടി ജനങ്ങൾ എത്രത്തോളം സ്വാർത്ഥമതികളായിരുന്നാലും ഒന്നിച്ചു സംഘടിച്ചു നിൽക്കുകയില്ല.

എല്ലാവർക്കുംകൂടി ഉദ്യോഗം കിട്ടുകയില്ലെന്നും, എല്ലാവർക്കും മന്ത്രിയാകാൻ സാധിക്കുകയില്ലെന്നും ഉള്ളസംഗതി എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇന്നു എന്റെസമുദായത്തിൽനിന്നും മന്ത്രിവേണം, എന്റെ സമുദായത്തിൽനി

[Sahib Bahadur T. A. Moideenkunju]

ന്നും ഉദ്യോഗസ്ഥന്മാർ വേണം എന്നെല്ലാം പറയുന്നത് ഇന്നു നിലവിലിരിക്കുന്ന ജനകീയ സമ്പ്രദായത്തിനു യോജിച്ചതല്ല. ഇതിന്റെ അർത്ഥം ഈ രാജ്യത്തുള്ള ജനങ്ങൾക്ക് മന്ത്രിസഭയോടുള്ള വിശ്വാസം ഗവർമ്മെന്റിനോടുള്ള വിശ്വാസം കുറഞ്ഞിരിക്കുന്നുവെന്നാണ്. മാത്രമല്ല, ഇന്നു പ്രാദേശികമനോഭാവവും വർദ്ധിച്ചുവരികയാണ്. തൻമൂലവും ജനങ്ങൾക്കു ഗവർമ്മെന്റിനോടുള്ള വിശ്വാസം തീരെ നശിക്കത്തക്കനിലയിലായിരിക്കുന്നു. ഇന്നു സാമുദായികമായി മന്ത്രിമാർ വേണമെന്നും ഉദ്യോഗങ്ങൾ വേണമെന്നും ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു അന്തരീക്ഷം ഇവിടെ വന്നിരിക്കുന്നു എന്നാണ് എനിക്കു ഇവിടെ പറയാനുള്ളത്. ഇങ്ങനെയുള്ള മനസ്ഥിതി മാറിയെങ്കിൽമാത്രമെ ഈ ഗവർമ്മെന്റിനു അൽപ്പകാലമെങ്കിലും നിലനിൽക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടെനിക്കു പറയുവാനുള്ളത്, മന്ത്രിമാർ തന്നെ പല അവസരങ്ങളിലും പറഞ്ഞിട്ടുള്ളതുപോലെ, എല്ലാവർക്കും മന്ത്രിയാകത്തക്കവണ്ണം ഒരവസരം ഉണ്ടാക്കികൊടുക്കത്തക്ക നിലയിൽ ഈ മന്ത്രിസഭയും ദേശീകരിക്കണമെന്നാണ്. ഇതിലേക്ക് ഒരു ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി എല്ലാവർക്കും നാലുദിവസമെങ്കിലും മന്ത്രിസഭയിലിരിക്കുന്നതിന് ഒരവസരം ഉണ്ടാക്കികൊടുക്കുന്നപക്ഷം വളരെ സൗകര്യമായിരിക്കും. അതായത് ഞങ്ങൾക്കെല്ലാം ചില കടങ്ങളുംമററും ഉണ്ടു്. എല്ലാവർക്കും കുറച്ചു ചാൻസ് കിട്ടട്ടെ. ഇപ്പോൾ കുറെപേർക്ക് ചാൻസുകിട്ടി. എല്ലാവർക്കും നന്നായാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. അല്ലാതെ ഇന്നത്തെ കോൺഗ്രസ്ഭരണം കൊണ്ടു് ജനങ്ങൾ നന്നാകാൻ പോകുന്നില്ല. അങ്ങനെ യോഗ്യതയുള്ള കോൺഗ്രസ്സുമല്ല. അതുകൊണ്ട് മന്ത്രിസഭ ഒന്നു ദേശീകരിച്ചു എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്.

പിന്നെ ഈ കോൺഗ്രസ്സുതന്നെ സ്വയം നശിച്ചുകൊണ്ടിരിക്കുന്നതായി നമുക്കെല്ലാവർക്കും അറിയാം. കൊച്ചിക്കാരായ കോൺഗ്രസ്സുകാരെ, ദേശീയാടിസ്ഥാനത്തിൽ നിന്നുകൊണ്ടു്, പലരും വിമർശനങ്ങൾ നടത്തുന്നതായി ഞാൻ കേട്ടു. ഇന്നു ഇവിടെതന്നെ, കോൺഗ്രസ്സിൽതന്നെ അച്ചടക്കമില്ലാതെ കോൺഗ്രസ്സ് പൊളിഞ്ഞുപോയ്ക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിൽ ഇന്നു ജനങ്ങൾക്ക് വിശ്വാസമില്ല. കോൺഗ്രസ് ജനകീയഭരണം പരിപൂർണ്ണമായി നടപ്പിലാക്കാമെന്നു പറഞ്ഞിരുന്നെങ്കിലും ഇന്നു നടക്കുന്നതെന്താണ്? ഇന്നു കോൺഗ്രസ്സ്തന്നെ ജനങ്ങളോടു ചെയ്തവാഗ്ദത്തത്തിൽനിന്നും വഴുതിയിരിക്കുകയാണ്. പിന്നെ കോൺഗ്രസ്സ് പ്ലഡ്ജിൽ ഒപ്പിട്ടിട്ടുണ്ടെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്.

ഇന്നു ഞങ്ങളുടെ സ്വന്തം കക്ഷിയിൽ നിന്നുതന്നെ ചിലർ കരിങ്കാലികളായി മാറിവരുന്നുണ്ടു്. അവരുടെ ന്യായത്തിൽതന്നെ ഇന്നു ഞാൻ പറയുന്നു, മി. അംബുക്കൻ പറയുകയുണ്ടായി ഭക്ഷ്യോൽപ്പാദനം സംബന്ധിച്ചു ഒരു കട്മോഷനമാത്രമേ ഞാൻ അനുകൂലിച്ചുള്ളു, എന്നു്. ഇവിടെ ഭക്ഷ്യോൽപ്പാദനത്തെ സംബന്ധിച്ചുള്ള കട്മോഷനൊന്നും ഇതിനുമുൻപ് പാസ്സായിട്ടില്ലേ, എന്നു ഞാൻ ചോദിക്കുന്നു. അന്നൊക്കെ അതിനെതിരായി വോട്ടു ചെയ്ത മി. അംബുക്കൻ ഇന്നിവിടെ ചെയ്ത പ്രസംഗവും നിങ്ങൾ കേട്ടിരിക്കുമല്ലോ. അതുപോലെതന്നെ മി. ഇയ്യു ഇവിടെ പറയുകയുണ്ടായി കോൺഗ്രസ്സ് ടിക്കററിൽ ജയിച്ചു വന്നതിനുശേഷം അതിൽ നിന്നു വേറെ പാർട്ടിയിൽ ചേർന്നിട്ടുള്ളവർ രാജിവയ്ക്കാത്തതെന്തുകൊണ്ടാണെന്നു്. എന്നാൽ ഞാൻ ചോദിക്കുന്നു, മി. ഇയ്യുവിന്റെ നില സാധൂകരിക്കത്തക്കതാണോ എന്നു്.

Sri. C. V. Iyyu: One question—

Mr. Speaker: The member has not yielded.

സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: അതുകൊണ്ട് ചില ആവശ്യങ്ങൾ വരുമ്പോൾ ചിലർ നയം മാറുന്നത് ഒരിക്കലും പററിയതല്ല. അവർ ജനങ്ങളോട് പറഞ്ഞിട്ടുള്ളതനുസരിച്ചു പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് കോൺഗ്രസ്സിൽനിന്നും മാറുന്നത്. ഇവിടെതന്നെ മന്ത്രിമാരുടെ പ്രവൃത്തികളിലും ഗവണ്മെൻറിൻെറ പ്രവൃത്തികളിലും, കോൺഗ്രസ്സ് എം. എൽ. എമാരുടെ പ്രവർത്തികളിലും പ്രസ്താവനകളിലും വല്ല ആത്മാർത്ഥതയും ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇതുകൊണ്ടാണ് ഈ കോൺഗ്രസ് സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതെ വന്നത്. കോൺഗ്രസ്സിൽനിന്നും പുറത്തുപോകുന്നവർക്ക് വീട്ടിൽപോകുന്നതിനും ജനങ്ങളുടെയിടയിൽ നടക്കുന്നതിനും സാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരു നയം തുടർന്നുപോയാൽ കോൺഗ്രസ്സ് പ്ലഡ്ജ് ഒപ്പിട്ടുപോയി എന്നു പറഞ്ഞ് നാട്ടിൽ പോകാൻ ഒക്കുകയില്ല. ഇന്നു മി. കേശവൻ ഒരു ഈഴവനാണെന്നും അദ്ദേഹം അവരുടെ നേതാവാണെന്നും പറയുന്നുണ്ട്. എന്നാൽ ഞാൻ ചോദിച്ചുകൊള്ളുന്നു, ഇന്ന് അദ്ദേഹത്തിൻെറ കോൺസ്റ്റിറവൻസിയിൽ നിന്ന് ഈ വിപ്ലവസമുദായമായ ഈഴവസമുദായത്തിൽ നിന്നും കോൺഗ്രസ്സിൻെറ പേരിൽ ജയിക്കുവാൻ സാധിക്കുമോ എന്ന്. തീർച്ചയായും ഈഴവസമുദായത്തിൻെറ പേരിൽ അദ്ദേഹത്തിനു വരുവാൻ സാധ്യമല്ല. അതുകൊണ്ട് തീർച്ചയായും ജനങ്ങൾക്കു വിശ്വാസമുണ്ടാകാത്ത നിലയിൽ ഒരു നല്ല മാതൃക കാണിച്ചുകൊടുത്ത് ഒരു സന്മനോഭാവമെങ്കിലും ആളുകളിൽ പ്രത്യക്ഷപ്പെടുത്തിയാൽ കോൺഗ്രസ്സിനെയല്ലെങ്കിലും മനഃസ്ഥിതിയുടെ പേരിലെങ്കിലും ജനങ്ങൾ ഗവണ്മെൻറിനെ സഹായിക്കുന്നതായിരിക്കും. അല്ലാതെ ഇവർക്ക് മുമ്പോട്ടു നീങ്ങുവാൻ സാധിക്കുകയില്ല.

ശ്രീ. എ. ജെ. ജോൺ: സർ, അപ്രോപ്രിയേഷൻ ബില്ലിൻെറ കാര്യത്തെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരും പ്രസംഗിക്കുകയുണ്ടായി. ബഡ്ജററിനെപ്പററിയുള്ള പൊതു വിമർശന വേളയിൽ ഉന്നയിച്ച വാദങ്ങൾതന്നെയാണ് മിക്കവാറും എല്ലാ മെമ്പറന്മാരും ഉന്നയിച്ചിട്ടുള്ളത്. അതു സംബന്ധിച്ച് ഗവണ്മെൻറു ഭാഗത്തുനിന്നും സമാധാനങ്ങൾ എല്ലാംതന്നെ പറഞ്ഞുകഴിഞ്ഞു. എന്നാൽ രണ്ടുമൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ചില പ്രത്യേക സംഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതേപ്പററി ചില സംഗതികൾ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ബഹുമാനപ്പെട്ട താണുപിള്ള അവർകൾ ഇവിടെ പ്രസ്താവിച്ചതു് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ൪൨ ധനാഭ്യർത്ഥനകളിൽ ൧൪ ധനാഭ്യർത്ഥനകളെപ്പററിമാത്രമെ ചർച്ചചെയ്യാൻ സാധിച്ചിട്ടുള്ളു എന്നാണ്. അതു് സാധൂകരിക്കത്തക്കതല്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ധനാഭ്യർത്ഥനകളെല്ലാംതന്നെ സഭയിൽ കൊണ്ടുവന്നു പാസ്സാക്കുന്നതു്, ഒരു വേള കൊള്ളാമായിരിക്കാം. എന്നാൽ അതുപോലെയുള്ള നടപടിക്രമം ഇൻഡ്യയിലുള്ള ഒരു സ്റ്റേററിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് മി. ജ്ഞാനശിഖാമണി ഭരണഘടനയിലെ ആർട്ടിക്കിൾ ૨൦൩ ന് വിധേയമായി പ്രസ്താവിച്ചതു്—

ശ്രീ. എ. താണുപിള്ള: സെൻട്രൽ പാർലമെൻറിൽ ഈ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അവിടെ ഈ കൊല്ലം വോട്ട് ഓൺ അക്കൗണ്ട്സ് എന്ന രീതിയനുസരിച്ച് തുകകൾ വോട്ടു ചെയ്തു അനുവദിച്ചതിനുശേഷം അതേപ്പററി ഡിസ്ക്കസ് ചെയ്യുന്നതിനായി മാററി വച്ചിരിക്കുന്നതാണ്. വേറെയുള്ള പല (എ) സ്റ്റേററുകളിലും (ബി) സ്റ്റേററുകളിലും ഇത്രയും സമയംതന്നെ കൊടുക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഇതിനുമുമ്പ് ഇവിടെ വോട്ടിംഗ് ആഫ ഡിമാൻറ്സിന് ൭ ദിവസമായിരുന്നു വച്ചിരുന്നത്. എന്നാൽ കഴിഞ്ഞയാണ്ടുമുതൽ ബഹുമാനപ്പെട്ട സ്പീക്കർ അതിനെ എട്ടു ദിവസമായി നീട്ടി. മൈസൂറിലാണെങ്കിൽ ഈ കൊല്ലം അഞ്ചുദിവസമാണ് വോട്ടിംഗ് ഓൺ ഡിമാൻറ്സിനു അനുവദിച്ചിട്ടുള്ളത് എന്നാണ് അറിയുന്നത്. മി. ജ്ഞാനശിഖാമണി ആർട്ടിക്കിൾ ൨൦൩-നെ അടിസ്ഥാനമാക്കി ഈ ഡിമാൻറെല്ലാംതന്നെ സഭയിൽ ചർച്ച ചെയ്യണമെന്നു പറയുകയുണ്ടായി. അതു് അപ്രകാരമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ആർട്ടിക്കിൾ ൨൦൩ ഇതാണ്.

"So much of the estimate as relates to expenditure charged upon the Consolidated Fund of a State shall not be submitted to the vote of the Legislative Assembly, but nothing in this clause shall be construed as preventing the discussion in the Legislature of any of those estimates. (2) So much of the said estimates as relates to other expenditure shall be submitted in the form of demands for grants to the Legislative Assembly, and the Legislative Assembly shall have power to assent, or to refuse to assent, to any demand, or to assent to any demand subject to a reduction of the amount specified therein."

ഇതുപോലുള്ള നടപടിക്രമമാണ് ഇന്നലെ ഇവിടെ നടന്നതു്. ഈ ൪൫ ഡിമാൻറുകളും ഈ അസംബ്ലി വോട്ടുചെയ്തു പാസ്സാക്കി. അതിൽ ൧൪ എണ്ണം സഭയുടെ ചർച്ചയ്ക്കു് കൊണ്ടുവരികയും ചെയ്തു. എന്നാൽ ഈ ഡിമാൻറുകൾ എല്ലാം ഈ സഭ പാസ്സാക്കിയ അവസരത്തിൽ മി. ജ്ഞാനശിഖാമണി ഇവിടെ ഹാജരില്ലാതിരുന്നു എന്നാണ് തോന്നുന്നതു്.

പിന്നീട് മി. താണുപിള്ള ഇവിടെ പ്രസ്താവിച്ചതു് ലംബ്സ. പ്രൊവിഷൻസ്, സർവ്വീസ് ഇൻറിഗ്രേഷനായി ചേർത്തിരിക്കുന്നു എന്നാണ്. ഇതു സംബന്ധിച്ചെനിക്കു് പറയുവാനുള്ള സമാധാനം ഇവിടെ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്.

പിന്നീട് അടുത്ത ദിവസം പേരൂർ നടന്ന സംഭവത്തെ സംബന്ധിച്ചും അതിൽ പോലീസ് നടത്തിയ ക്രമക്കേടുകളെപ്പററിയും ആണ് അദ്ദേഹം പ്രസ്താവിച്ചതു്. അദ്ദേഹത്തിൻെറ ആ പ്രസ്താവനയിൽ അവസാനഭാഗത്തു് വളരെ ആവേശകരമായി ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതായതു്, ഇപ്പോൾ തന്നെ പോലീസ് അധികാരത്തിൽ നിന്നും വിട്ടുപോയിരിക്കുന്നു എന്നും അതു് ആപൽക്കരമായ ഒരു സംഗതിയാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. മി. താണുപിള്ളയുടെ സ്ഥിതിയിൽ ഉള്ള ഒരാൾ ഇപ്രകാരം ഒരു പ്രസ്താവന ചെയ്തതിൽ ഞാൻ ഖേദിക്കുന്നു. രാജ്യത്തു് സമാധാനം പാലിക്കേണ്ടതു് എല്ലാ പൌരന്മാരുടേയും കടമയാണ്. ഏതു് പാർട്ടിയിൽപ്പെട്ട ആളാണെങ്കിലും അല്ലെങ്കിലും സമാധാനം പാലിക്കേണ്ടതു് എല്ലാ പൌരന്മാരുടേയും കടമയാണ്. പോലീസിനെ സംബന്ധിച്ചിപ്രകാരം അഭിപ്രായം പ്രകടിപ്പിച്ചതുമൂലം പോലീസുമായി ഏതെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ അതിനുത്തരം പറയേണ്ടിവരുമെന്നുള്ള സംഗതി അദ്ദേഹം മനസ്സിലാക്കുന്നില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. ജനകീയഭരണത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നും അതിനു കാരണം മന്ത്രി

മാർമുതൽ കീഴോട്ടുള്ളവരെല്ലാം അഴിമതിക്കാരും കൈക്കൂലിക്കാരും ആയിത്തീർന്നിരിക്കുന്നതാണെന്നും അദ്ദേഹം പറയുകയുണ്ടായി. എനിക്കു് അതിനെപ്പററി ചിലതു് പറയുവാനുണ്ടു്. യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ കൊണ്ടുവരാൻ ആക്കും സാധിക്കും. എന്നാൽ ഇതുപോലെയുള്ള ആരോപണങ്ങൾ കേട്ടാൽ അതിന്റെ യാഥാർത്ഥ്യങ്ങൾ എന്താണെന്നറിയുന്നതിനു് മുമ്പു് ഏതോ ഒരാൾ ഒരാരോപണം ഉന്നയിച്ചു എന്നതുകൊണ്ടുമാത്രം അന്വേഷണം നടത്തണമെന്നു് ശ്രീ. താണുപിള്ളയെപ്പോലെയുള്ള ഒരാൾ വാദിച്ചുകേട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നു. ജനകീയഭരണം ആരംഭിച്ചതുമുതൽക്കുതന്നെ ഇവിടെ ഇപ്രകാരമുള്ള ആരോപണങ്ങൾ ഉണ്ടായിരുന്നു. അന്നു് അതു് ശരിയല്ലെന്നു സ്ഥാപിക്കുന്നതിലേക്കു് നടപടി എടുക്കണമെന്നു് ആരും ആവശ്യപ്പെട്ടിട്ടില്ല. അങ്ങിനെ ആവശ്യപ്പെടാതിരുന്നതു് ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങൾ ആയിരുന്നതുകൊണ്ടായിരിക്കാം. എന്നാൽ ശ്രീ. താണുപിള്ളയെപ്പോലുള്ള ഒരാൾ ഒരാരോപണം കേട്ടാൽ ഉടനെ തന്നെ നിരപരാധിത്വം തെളിയിക്കുന്നതിനുവേണ്ടി കോടതി മുഖേനയോ, മററുവിധത്തിലോ അന്വേഷണത്തിനു് വിധേയമാക്കണമെന്നു പറയുന്നതു് ശരിയാണെന്നു് തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: കോൺഗ്രസ്സ്കക്ഷിയിൽപ്പെട്ട ഒരാളാണു് ഈ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതെന്നു് മറക്കരുതു്.

ശ്രീ. എ. ജെ. ജോൺ: കോൺഗ്രസ്സ്കക്ഷിയിൽപ്പെട്ട ആൾക്കായാലും പുറത്തുപോയി ഉത്തരവാദിത്വരഹിതമായി പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനു് യാതൊരു തടസ്സവുമില്ല. അങ്ങിനെ ഉത്തരവാദിത്വമില്ലാതെ ചെയ്യുന്ന പ്രസ്താവനകൾക്കു് ഗൌരവം കൊടുക്കുകയോ അതേപ്പററി അന്വേഷണം നടത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. സംസാരസ്വാതന്ത്ര്യം ഭരണഘടനയിൽ മൌലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു് ഒരാൾ ദുരുപയോഗപ്പെടുത്തി എന്നു മാത്രം സമാധാനപ്പെട്ടാൽ മതിയാകുന്നതാണു്. എന്നാൽ ശ്രീ. താണുപിള്ളയെപ്പോലെ നിലയും വിലയുമുള്ള ഒരാൾ കൂടക്കൂടെ (ദിവസവും എന്നുതന്നെ പറയാം) ആ വാദം ഉന്നയിക്കുകയും അതടിസ്ഥാനരഹിതമാണെന്നു് പറഞ്ഞുകഴിഞ്ഞാൽ തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്നതു് ഒരു വിധത്തിലും സാധൂകരിക്കത്തക്കതല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ആരോപണങ്ങളെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തണമെന്നു് ഈ ഗവർമെന്റ് ഇന്ത്യാഗവർമെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അക്കാര്യം ഇവിടെ സംഗതമല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളായതുകൊണ്ടു് ഒരന്വേഷണം നടത്തേണ്ട ആവശ്യമില്ലെങ്കിൽ പിന്നെ എന്തിനാണു് ഈ ഗവർമെന്റ് ഇന്ത്യാഗവർമെന്റിനോടു് അങ്ങിനെ ആവശ്യപ്പെട്ടതു്.

ശ്രീ. എ. ജെ. ജോൺ: മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതിനു ൧൨ പേരെ തെരഞ്ഞെടുത്തു എന്നും അവരെ നിയമിക്കുന്നതിൽ രണ്ടു കൊല്ലം വേണമെന്നും ആ സ്ഥിതിക്കു് എന്തുദ്ദേശത്തോടുകൂടിയാണു് ഈ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തതെന്നുമാണു് അദ്ദേഹത്തിന്റെ വേറൊരു ചോദ്യം. ഗവർമെന്റിനു് അതിൽ പ്രത്യേകിച്ചു് യാതൊരു ഉദ്ദേശവുമില്ല. ചിലപ്പോൾ നാലും അഞ്ചും കോടതികളിൽ മജിസ്ട്രേട്ടന്മാരില്ലാതിരിക്കും. ഒഴിവുവന്നതിനുശേഷം നിയ

[Sri. A. J. John]

മനം നടത്തുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മീഷന് എഴുതി കഴിഞ്ഞാൽ സാധാരണ കുറെക്കാലം കഴിഞ്ഞാണ് നിയമനങ്ങൾ നടക്കുന്നത്. അപേക്ഷകൾ ക്ഷണിക്കുന്നതിന് ഒന്നോ രണ്ടോ മാസങ്ങൾ വേണ്ടിവരും. അതുകഴിഞ്ഞ് തിരഞ്ഞെടുപ്പ് കഴിയുമ്പോൾ സാധാരണയായി കുറഞ്ഞത് മൂന്നുനാലുമാസം താമസമുണ്ടാകും. ഇങ്ങനെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അവർക്ക് ൬ മാസത്തെ പ്രായോഗികപരിശീലനവും കൊടുക്കേണ്ടതായിട്ടുണ്ട്. ഒഴിവ് വന്നതിനു ശേഷമാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷന് എഴുതുന്നതെങ്കിൽ വളരെക്കാലത്തേക്ക് ആളില്ലാതെ പോകുമെന്ന് ഇതിൽനിന്നും സ്പഷ്ടമാണ്. അങ്ങിനെയുള്ള ഒരു കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പന്ത്രണ്ടുപേരെ തെരഞ്ഞെടുക്കാൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടത്. ഒഴിവുകളുണ്ടായാൽ ഉടനെതന്നെ പകരം ആളുവയ്ക്കണം എന്ന ഒരു ഉദ്ദേശമല്ലാതെ മററു ദുരുദ്ദേശമാണ് ഇതിനകത്ത് ഗവർമ്മെൻറിനുള്ളതെന്നു എനിക്ക് മനസ്സിലാകുന്നില്ല. ഇതുചെയ്തത് ഒരു കുററമാണോ എന്നും എനിക്കറിഞ്ഞുകൂടാ.

ബ:ഹു. മെമ്പർ ശ്രീ. മന്നത്തു പത്മനാഭന്റെ പ്രസംഗത്തെപ്പററിയാണ് ഇനി എനിക്ക് ചിലത് പറയാനുള്ളത്. ഈ നിയമസഭയുടെ ആരംഭത്തിനു ശേഷം ഇതുപോലെ ഒരു പ്രസംഗം കേൾക്കുന്നതിന് എനിക്ക് സാധിച്ചിട്ടില്ല. അദ്ദേഹത്തിന് യോജിക്കുന്നതായ ആശയങ്ങൾ അദ്ദേഹത്തിന് യോജിച്ച ഭാഷയിൽതന്നെ അദ്ദേഹം പറയുകയുണ്ടായി. അതേരീതിയിലും അതേഭാഷയിലും ഒരു മറുപടി പറയുന്നതിന് എനിക്ക് പരിചയമില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ഇവിടെനിന്നും അമേരിക്കയിലേക്ക് പത്തോ പന്ത്രണ്ടോ ഡാക്ടറന്മാരെ പരിശീലനത്തിനയക്കാൻ കത്തോലിക്കനായ മന്ത്രി തീരുമാനിച്ചിട്ടുണ്ടെന്നും അയക്കപ്പെടുന്ന എല്ലാവരും കത്തോലിക്കർതന്നെയായിരിക്കുവാൻ കത്തോലിക്കനായ മന്ത്രി, കത്തോലിക്കനായ സർജൻജനറൽ മുഖാന്തിരം ശ്രമംചെയ്യുന്നു എന്നുമാണ് അദ്ദേഹം പ്രസ്താവിച്ചത്. ശ്രീ. മന്നത്തു പത്മനാഭനെപ്പോലെയുള്ളവർ ഇതുപോലെയുള്ള ആരോപണങ്ങൾ കൊണ്ടുവരുന്നതിനുമുമ്പ് അതിന്റെ യാഥാർത്ഥ്യങ്ങളെപ്പററി സ്വല്പമായിട്ടെങ്കിലും അന്വേഷിക്കേണ്ടതായിരുന്നു. അതിന് അദ്ദേഹം ഒരു പ്രതിവിധി പറയുന്നുണ്ട്. ഈ മന്ത്രിയുടെ കീഴിലുള്ളതായ സെക്രട്ടറിയേററിലെ മെഡിക്കൽ സെക്ഷൻ ഒരു ഇരിമ്പുവലയത്തിനകത്താണെന്നും അതിനാൽ അദ്ദേഹത്തിന് യാതൊരു വിവരവും കിട്ടാൻ നിവൃത്തിയില്ലെന്നുമാണ് അദ്ദേഹം പറയുന്നത്. ബാക്കിയുള്ള സെക്ഷനുകളെല്ലാം ഇരിമ്പുവലയത്തിനകത്തല്ലാത്തതുകൊണ്ട് അദ്ദേഹത്തിന് പ്രവേശിക്കാമായിരിക്കാം. എന്നാൽ മെഡിക്കൽ സെക്ഷനെ സംബന്ധിച്ചെങ്കിലും അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ ഞാൻ അതിൽ അഭിമാനിക്കുന്നു. സംഗതികളുടെ യാഥാർത്ഥ്യം ഇതൊന്നുമല്ല. ഇൻഡ്യയിലെ എ-യും ബി-യും വിഭാഗം സംസ്ഥാനങ്ങളിൽനിന്നും അമേരിക്കയിലെ മൗണ്ടുസീനായി ആശുപത്രിയിൽ പരിശീലനത്തിനയക്കുന്ന ൰൨ വിദ്യാർത്ഥികളുടെ എല്ലാ ചെലവും ആ ആശുപത്രിയിൽ നിന്നുതന്നെ വഹിച്ചുകൊള്ളാമെന്നു സമ്മതിച്ചിരുന്നു. അതനുസരിച്ച് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അവിടെ പരിശീലനത്തിനയക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ അറിയിക്കണമെന്നു എല്ലാ സംസ്ഥാനങ്ങളിലേക്കും എഴുതി അയച്ചിരുന്നു. അതിലേക്കുവേണ്ട ആളുകളെ തെരഞ്ഞെടുക്കുന്നതിന് ഗവൺമെൻറിന് അവകാശമുണ്ടായിരുന്നു എങ്കിലും ഈ ഗവൺമെൻറ് അങ്ങിനെ ചെയ്യാതെ പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് തിരഞ്ഞെടുക്കുവാൻ

ആവശ്യപ്പെട്ടു. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചതനുസരിച്ചു ൧ ൦ അപേക്ഷകൾ കിട്ടുകയുണ്ടായി. അതിൽ ൯ പേർ ഇൻറർവ്യൂവിന് ഹാജരായിരുന്നു. ഇൻറർവ്യൂവിന് ഹാജരായിരുന്നവരിൽനിന്നും ൬ പേരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തു. അവരുടെ പേരുകൾ എൻെറ കൈവശമുണ്ട്, ഞാനതു വായിക്കാം.

(൧) കെ. പരമേശ്വരൻ
(൨) കെ. ശിവരാജൻ

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: ഇവർ കത്തോലിക്കരാണോ?

ശ്രീ. എ. ജെ. ജോൺ: ആണെന്നു തോന്നുന്നില്ല.

ശ്രീ. സി. വി. ഇയ്യു: പേരുനോക്കിമാത്രം അതു് നിശ്ചയിക്കാൻ സാദ്ധ്യമല്ല. മാമ്മോദീസാ മുക്കിയാലും ചിലപ്പോൾ പേരുമാററിയില്ലെന്നുവരും.

ശ്രീ. എ. ജെ. ജോൺ:

(൩) ഉമ്മനചെറിയാൻ
(൪) കെ. പുരുഷോത്തമൻ
(൫) കെ. ഐ. ജോർജ്ജ്
(൬) എം. എസ്സ്. മേനോൻ

ഇങ്ങനെ ആറുപേരെയാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തു്.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: ഈ ആറുപേരും കത്തോലിക്കരാണോ?

ശ്രീ. എ. ജെ. ജോൺ: ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഇവരിൽ ആരുംതന്നെ കത്തോലിക്കരല്ല.

ശ്രീ. എ. താണുപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്നു പറയുന്നതു് ഇവിടത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ, യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ?

ശ്രീ. എ. ജെ. ജോൺ: ഇവിടത്തെ പബ്ലിക്ക സർവ്വീസ് കമ്മീഷൻതന്നെയാണ്. ഇതുപോലെ മററെല്ലാ സംസ്ഥാനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ആളുകൾ അവസാനമായ തെരഞ്ഞെടുപ്പിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ മുമ്പാകെ ഹാജരാകേണ്ടതുണ്ടായിരുന്നു. ആ തെരഞ്ഞെടുപ്പിൽ ഇവിടെനിന്നും അയച്ച രണ്ടുപേരെ അതായതു് ഉമ്മനചെറിയാനേയും, കെ. ഐ. ജോർജ്ജിനേയും ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അവസാനമായി തെരഞ്ഞെടുത്തു. ഇങ്ങനെ അവരെ രണ്ടുപേരേയും തെരഞ്ഞെടുത്തിട്ടുള്ളതു് ഇൻഡ്യൻ മെഡിക്കൽ കൗൺസിലാണ്. അവസാനമായി തെരഞ്ഞെടുപ്പു നടത്തുന്നതു് ഇൻഡ്യൻ മെഡിക്കൽ കൗൺസിലാണെന്നു എൻെറ സ്നേഹിതൻ ശ്രീ. മന്നത്തു പത്മനാഭൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം അവിടെചെന്നു അതിനെ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമായിരുന്നു എന്നെനിക്കുതോന്നുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: ഞാൻ നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നിശ്ചയമായും അവിടെചെന്നു ഇതു് തടയുമായിരുന്നു.

ശ്രീ. എ. ജെ. ജോൺ: ബഹു. മെമ്പർ പോയി ശ്രമിച്ചിരുന്നെങ്കിൽ പക്ഷെ പ്രയോജനമുണ്ടാകുമായിരുന്നിരിക്കാം.

ശ്രീ. സി. വി. ഇയ്യു: ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ ചെയർമാനും മററംഗങ്ങളും ഹിന്ദുക്കളല്ലേ?

ശ്രീ. എ. ജെ. ജോൺ: ആയിരിക്കാം. ശ്രീ. മന്ദത്തു പത്മനാഭൻ അവിടെ പോയി നേരത്തെ വല്ല ശ്രമവും ചെയ്തിരുന്നെങ്കിൽ വല്ല പ്രയോജനവും ഉണ്ടാകുമായിരുന്നോ എന്നു് എനിക്കു് നിശ്ചയമില്ല.

ശ്രീ. മന്ദത്തു പത്മനാഭൻ: ഗവമ്മെൻറിൽനിന്നും ഇന്നയിന്ന ആളുകളെ എടുക്കണമെന്നു ശുപാശ അയച്ചിരുന്നോ?

ശ്രീ. എ. ജെ. ജോൺ: പബ്ളിക്കു് സവ്വീസു് കമ്മീഷൻ എന്നൊരു സ്ഥാപനം ഈ രാജ്യത്തുണ്ടെന്നു ബഹു. മെമ്പർ മനസ്സിലാക്കിയാൽ വലിയ ഉപകാരമായിരിക്കും. ആ സ്ഥാപനമാണു് ഇതിലേക്കുള്ള ആളുകളെ തെരഞ്ഞെടുത്തതു്. ഇതാണു് പരമാത്ഥം. അഥവാ ഇനി തെരഞ്ഞെടുത്ത രണ്ടുപേരു, കത്തോലിക്കരായിപ്പോയെങ്കിൽതന്നെ ശ്രീ. മന്ദത്തു പത്മനാഭനു് ഇങ്ങനെ ഒരഭിപ്രായമുള്ളതുകൊണ്ടു് അവരെ അയക്കേണ്ടാ എന്നുവയ്ക്കുന്ന ഒരു മന്ത്രിയല്ല ഇവിടെ ഉള്ളതു്.

ശ്രീ. മന്ദത്തു പത്മനാഭൻ: അങ്ങിനെ ഒരു മന്ത്രിയാണു് ഇവിടെ ഉള്ളതെങ്കിൽ അതിനെപ്പററി പറയാതിരിക്കുന്ന ആളല്ല മന്ദത്തു പത്മനാഭൻ.

ശ്രീ. എ. ജെ. ജോൺ: ഏതു് പറയുന്നതിനും യാതൊരു വിരോധവുമില്ല. പക്ഷെ അതിൽ അല്പമെങ്കിലും അടിസ്ഥാനം ഉണ്ടായിരിക്കണമെന്നേ ഉള്ളു. കാര്യത്തിൻെറ യാഥാത്ഥ്യങ്ങൾ മനസ്സിലാക്കാതെ ആരോപണങ്ങൾ കൊണ്ടുവരണം എന്നുമാത്രമാണു് ഉദ്ദേശമെങ്കിൽ ഇങ്ങനെയെല്ലാം പറയുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. എസ്സു്. കുട്ടൻ: സർ, ഒരു പോയിൻറു് ഓഫു് ഓർഡർ. ഒരു ബഹു. മെമ്പറുടെ പ്രസംഗത്തെ പരാമശിച്ചുകൊണ്ടു് അധികാരത്തിലിരിക്കുന്ന മന്ത്രിസഭയിലെ ഒരംഗത്തിനു് വികാരഭരിതനായി സംസാരിക്കാൻ അവകാശമുണ്ടോ?

മിസ്റ്റർ സ്പീക്കർ: വികാരങ്ങൾ സഭയുടെ നിയന്ത്രണാധികാരത്തിൻെറ വ്യാപ്തിയിൽ പെടുന്നില്ല.

ശ്രീ. എ. ജെ. ജോൺ: പ്രൈമറി സ്കൂളുകളെല്ലാം നാഷണലൈസു് ചെയ്യണം എന്നാണു് അദ്ദേഹത്തിൻെറ മറെറാരു വാദം. അതിനും കത്തോലിക്കരെയാണു് അദ്ദേഹം പിടികൂടിയിരിക്കുന്നതു്. കത്തോലിക്കർക്കു് അങ്ങിനെ ബലമായ ഒരു അഭിപ്രായമുണ്ടു്. അവരുടെ കുട്ടികളെ അവരുടെ സ്കൂളിൽതന്നെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ള വിശ്വാസം കത്തോലിക്കർക്കുണ്ടു്. അതനുസരിച്ചുതന്നെ അവർക്കു് പ്രവത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നാണു് ഭരണഘടനയിലെ വ്യവസ്ഥകളിൽനിന്നും അവർ വിശ്വസിക്കുന്നതു്.

ശ്രീ. മന്ദത്തു പത്മനാഭൻ: ബാക്കിയുള്ളവക്കും ആ അവകാശമില്ലേ?

ശ്രീ. എ. ജെ. ജോൺ: എല്ലാവക്കും ഉണ്ടു്.

ശ്രീ. മന്ദത്തു പത്മനാഭൻ: അങ്ങിനെ വരുമ്പോൾ ഓരോരുത്തക്കും പ്രത്യേകം തിരിച്ചു് ഗ്രാൻറുകൊടുക്കാനാണോ ഗവമ്മെൻറു് ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ സ്പീക്കർ: ഇതിനെ സംബന്ധിച്ചു് കൂടുതൽ ചോദ്യോത്തരങ്ങളും വാദപ്രതിവാദവും അനുവദിക്കുന്നില്ല. ഏതെങ്കിലും സംഗതിയെ സംബന്ധിച്ചു കൂടുതൽ വിശദീകരണം ആവശ്യമെന്നു കണ്ടാൽ അതു പ്രസംഗത്തിനുശേഷം ആകാം.

ശ്രീ. പി. ടി. ചാക്കോ: കുട്ടമ്പിനും കമ്മാളനും ജീവിക്കാൻ അനുവദിച്ചിട്ടുള്ള സൗകയ്യംപോലും കത്തോലിക്കനു് ഇല്ലെന്നുണ്ടോ?

മിസ്റ്റർ സ്പീക്കർ: അതു് ഏതൊ തത്വം വെളിപ്പെടുത്തുന്നതിനുള്ള ഒരു പ്രസ്താവനപോലെ തോന്നുന്നു. ഉത്തരം കിട്ടണമെന്നു് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ചോദ്യമല്ല.

ശ്രീ. എ. ജെ. ജോൺ: കത്തോലിക്കർക്കും അവരുടെ സ്കൂളുകൾ നടത്താൻ അവകാശമുണ്ടു്. അതിനുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ അനുവദിച്ചിട്ടുമുണ്ടു്. ഭരണഘടന ഇപ്പോൾ മലയാളത്തിൽ തർജ്ജിമചെയ്തുവരുന്നതുകൊണ്ടു് എന്റെ സ്നേഹിതൻ ശ്രീ. മന്നത്തു പത്മനാഭനു് അതു് വായിച്ചു പഠിക്കാൻ സാധിക്കും.

പിന്നീടു് അദ്ദേഹം പ്രസ്താവിച്ചതു് മന്ത്രിമാരെ എടുക്കുന്നതും ജാതിതിരിച്ചും ജനസംഖ്യ അനുസരിച്ചും വേണമെന്നാണു്. ഈ വാദവും ഭരണഘടനയിലെ വ്യവസ്ഥകളെപ്പററി അദ്ദേഹത്തിനുള്ള അജ്ഞതയെ ആണു് കാണിക്കുന്നതു്. ഈ അസംബ്ളിയിൽതന്നെ ഈ സംഗതികളെപ്പററി ചർച്ചനടത്തിയിട്ടുണ്ടു്. ആ സന്ദർഭത്തിലെങ്കിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു വാദം ഉന്നയിക്കുകയില്ലായിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഈ ഗവൺമെന്റിനു് സ്വീകാര്യമല്ലെന്നു വിനയപുരസ്സരം ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

പെരിങ്ങൽകുത്തിലെ ജോലിക്കാർക്കു് ൫൦ ശതമാനം അലവൻസ് കൊടുത്തുകൊണ്ടിരുന്നതു് സംയോജനത്തിനുശേഷം നിറുത്തലാക്കികളഞ്ഞു എന്നു് ശ്രീമതി ആനി ജോസഫ് പറയുകയുണ്ടായി. അവർ പറഞ്ഞതു് കുറെയെല്ലാം ശരിയാണു്. ഏതായാലും ആ വിഷയം ക്യാബിനററിന്റെ ഗാഢമായ ആലോചനയിൽ ഇരിക്കയാണു്. ഉടനെതന്നെ തീരുമാനമുണ്ടാകുന്നതുമാണു്. ശ്രീ. എ. കെ. പാച്ചുപിള്ള ധനതത്വശാസ്ത്രപരമായ ഒരു വാദം ഉന്നയിക്കുകയുണ്ടായി. അതായതു് അമേരിക്കയിലും ഫ്രാൻസിലും മററു പല രാജ്യങ്ങളിലും സപ്ലിമെന്ററി ഡിമാൻറായി കൊണ്ടുവരുന്ന തുക ഒരു വർഷത്തെ ആകെ ചിലവിന്റെ രണ്ടു ശതമാനം മാത്രമെ ആകാവൂ എന്നുണ്ടെന്നാണു് അദ്ദേഹം വാദിച്ചതു്. അടുത്തുതന്നെ ഇവിടെ ൧൭ ലക്ഷം രൂപയുടെ സപ്ലിമെന്ററി ഡിമാൻറു് അവതരിപ്പിച്ചപ്പോൾ ഏതാണ്ടു് ൧൦൫ ലക്ഷം രൂപയും അരിയുടെ സബ്സിഡി ഇനത്തിലേക്കായിട്ടായിരുന്നുവെന്നും അതു് നേരത്തെ പ്രതീക്ഷിക്കാത്ത ഒരു സംഗതി ആയിരുന്നു എന്നും ഞാൻ ഇവിടെ പറഞ്ഞതു് അദ്ദേഹവും മനസ്സിലാക്കി എന്നാണു് ഞാൻ വിശ്വസിച്ചതു്. അമേരിക്കയിലും ഫ്രാൻസിലും പോകേണ്ടതായ യാതൊരു കാര്യവും ഇവിടെ ഉണ്ടായിരുന്നില്ല. സപ്ലിമെന്ററി ഗ്രാൻറു് രണ്ടു ശതമാനത്തിൽ കൂടുതൽ ആകാൻ പാടില്ലെന്നു ഭരണഘടനയിൽ യാതൊരു വ്യവസ്ഥയുമില്ല. അമേരിക്കയിലും ഫ്രാൻസിലും മററും അങ്ങിനെയുള്ള നിയമങ്ങൾ ഉണ്ടെങ്കിൽ അവ സ്വീകരിക്കുവാൻ ഞാൻ തയാറില്ല. ഇനിയും പത്തോ പതിനഞ്ചോ ശതമാനം വരുന്ന സപ്ലിമെന്ററി ഡിമാൻറുകൾ ആവശ്യമെന്നുവന്നാൽ അവതരിപ്പിക്കുന്നതാണു്. അവ അവതരിപ്പിക്കുമ്പോൾ എന്റെ സ്നേഹിതൻ ശ്രീ. എ. കെ. പാച്ചുപിള്ളക്കു് ഈ വാദം ഉന്നയിക്കാവുന്നതാണു്.

ബഹു. മെമ്പർ ശ്രീ. എം. ഐ. പോൾ ചില വിഷയങ്ങളെപ്പററി ആവേശത്തോടുകൂടി പ്രസംഗിക്കുന്നതു കേട്ടു. അദ്ദേഹം പ്രസംഗിച്ചതുതന്നെയാണു് വീണ്ടും വീണ്ടും പ്രസംഗിക്കുന്നതു്. ഇവിടെ കുറെ വനം പതിച്ചുകൊടുത്തു എന്നും അതിൽ പത്തോ ഇരുപതോ ലക്ഷം രൂപ എങ്ങിനേയൊ ചോർന്നുപോയി എന്നും അദ്ദേഹം എവിടെനിന്നൊ കേട്ടുവച്ചിട്ടുണ്ടു്. ഒരു പ്രസംഗത്തിനു് അദ്ദേഹം എപ്പോഴും ഈ വിഷയത്തെതന്നെയാണു് ആശ്രയിക്കുന്നതു്. അതി

[Sri A. J. John]

നെസംബന്ധിച്ച് അന്വേഷിക്കുന്നതിന് ഗവൺമെൻറ് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. വീണ്ടും വീണ്ടും പറഞ്ഞാലും ആ കാര്യം അദ്ദേഹത്തിന് മനസ്സിലാകുകയില്ല. പറഞ്ഞ കാര്യങ്ങൾതന്നെ വീണ്ടും വീണ്ടും പറയണമെന്നു അദ്ദേഹത്തിന് നിർബ്ബന്ധമുള്ളതുപോലെ തോന്നുന്നു. ഈ സഭ തുടർന്നുപോകുന്നകാലത്തോളം ഇക്കാര്യങ്ങളെപ്പററി ഏതവസരത്തിലായാലും അദ്ദേഹം വീണ്ടും വീണ്ടും പ്രസംഗിക്കുന്നതിനിടയുണ്ട്. അതുകൊണ്ട് അതിനൊരു മറുപടി പറഞ്ഞാലും പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പ്രസംഗം ഒരു വിഷയത്തെക്കുറിച്ചു നടക്കുന്ന അവസരത്തിൽ പല അവസരങ്ങളിലായി ആ വിഷയത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള സംഗതികളെക്കുറിച്ച് പ്രതിപാദിക്കുന്നതു് റിപ്പെററിഷനാണോ?

Mr. Speakr: The expression 'repetition' does not call for any elucidation as desired by the member as a point of order?

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു പ്രസംഗം നടക്കുന്ന അവസരത്തിൽ—

Mr. Speaker: I disallowed that question. Is the member proposing to repeat the same question.

ശ്രീ. എം. ഐ. പോൾ: സർ, റിപ്പെററിഷൻ എന്നു പറയുന്നതു് ഒരു സമയത്തു് ഒരു വിഷയത്തെക്കുറിച്ചു് പല പ്രാവശ്യം പറയുന്നതോ അതോ പല ദിവസങ്ങളിലായി ഒരു വിഷയത്തെക്കുറിച്ച് പല പ്രാവശ്യം പറയുന്നതോ?

മിസ്റ്റർ സ്പീക്കർ: കഴിഞ്ഞ ഒരു സെഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ തന്നെ ഈ സെഷനിൽ വീണ്ടും പറയുകയാണെങ്കിലും ഒരു സെഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ ആ സെഷനിൽതന്നെ ആവർത്തിക്കുകയാണെങ്കിലും അതിനു രണ്ടിനും ആവർത്തനം എന്ന ദോഷം ഉണ്ട്.

ശ്രീ. എം. ഐ. പോൾ: ഒരു സെഷനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പററി പിന്നെ ഒരിക്കലും പറയുവാൻ പാടില്ലെന്നാണോ അനുമാനിക്കേണ്ടതു്; അതുകൊണ്ട് ഞാൻ എന്താണ് അനുമാനിക്കേണ്ടതു്?

Mr. Speaker: A point of order was raised and a ruling given. The member may draw his own inference.

ശ്രീ. എം. ഐ. പോൾ: അതു് മെമ്പർമാർക്കും മന്ത്രിമാർക്കും ഒരുപോലെ ബാധകമല്ലേ, സർ.

Mr. Speaker: No further discussion on the matter is allowed.

ശ്രീ. എ. ജെ. ജോൺ: പിന്നീട് ബഹുമാനപ്പെട്ട മെമ്പർ മി. നടരാജപിള്ള ഇവിടെ ഒരു വാദം ഉന്നയിക്കുകയുണ്ടായി. പോസ്റ്റ്‌വാർ റീക്കൺസ്ട്രക്ഷൻ ഫണ്ടിലേക്ക് കുറെ തുക നീക്കിവച്ചിട്ടുണ്ടെന്നും അതിൽനിന്നു ചിലവാക്കുന്ന തുക അസംബ്ലിയുടെ വോട്ടിനു വിധേയമാക്കുന്നില്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു്. അതു് സാധുവല്ലെന്നും അദ്ദേഹം പറഞ്ഞു. എനിക്കു അതിനെപ്പററി പ്രസ്താവിക്കുവാനുള്ളതു് പോസ്റ്റ്‌വാർ റീക്കൺസ്ട്രക്ഷൻ ഫണ്ടിലേയ്ക്കു കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലായി കുറെ തുകകൾ ഈ അസംബ്ലിയുടെ വോട്ടനുസരിച്ച് നീക്കിവച്ചിരിരുന്നുവെന്നും അതിൽനിന്നു പോസ്റ്റ്‌വാർ റീക്കൺസ്ട്രക്ഷൻ സ്കീം അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കു ചിലവായിട്ടുള്ള സംഖ്യ കഴിച്ച്

ബാക്കിയുള്ള തുകയാണ് ഇപ്പോൾ ഉള്ളതെന്നും ഞാൻ. പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ സ്കീം അനുസരിച്ച് ഇപ്പോൾ ചെയ്യുന്നതായ ജോലികൾക്കാണ് ഈ തുക ഉപയോഗിക്കുന്നത്. നേരത്തെതന്നെ ഈ സഭയുടെ അനുവാദത്തോടുകൂടിയാണ് ഇതിലേയ്ക്കു തുക മാററിവച്ചിരിക്കുന്നത്. അങ്ങനെ മാററിവച്ചതിനു ശേഷം അതിൽനിന്നു പണം ചെലവാക്കുന്നതിനു പിന്നെയും സഭയുടെ വോട്ടിനു വിധേയമാക്കണമെന്നു പറയുന്നതു ശരിയല്ല. ഇൻഡ്യാ ഗവമ്മെൻറിനു ഇതുപോലെ റയിൽവേ സ്കീമിനു ഒരു ഫണ്ടുണ്ട്. ആ ഫണ്ടിൽനിന്നു സാധാരണ പണം എടുത്ത് അവർ ചെലവാക്കുന്നുണ്ട്. ആ ഫണ്ട് അസംബ്ലിയുടെ അനുമതിയോടുകൂടി നീക്കിവച്ചിരിക്കുന്ന ഒരു ഫണ്ടാണ്. അസംബ്ലിയിൽനിന്നു ഒരു കാര്യത്തിനു നീക്കിവച്ചിരിക്കുന്ന ഫണ്ടിൽനിന്ന് ആ കാര്യത്തിനു പണം ചിലവാക്കുമ്പോഴൊക്കെ അസംബ്ലിയോടു ചോദിക്കേണ്ട ആവശ്യമില്ല. അതു കൊണ്ടാണ് അതു സഭയിൽ വയ്ക്കാതിരുന്നതു്.

ശ്രീ. എ. താണുപിള്ള: പോസ്റ്റ്‌വാർ സ്കീമിനു എപ്പോഴെങ്കിലും ഈ സഭ സംഖ്യ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഓരോ അസംബ്ലിയിലും പോസ്റ്റ്‌വാർ സ്കീമിലേക്കു കുറെ സംഖ്യ നീക്കിവച്ചിട്ടുണ്ടായിരുന്നു.

ശ്രീ. എ. താണുപിള്ള: ആണ്ടുതോറും പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ ഫണ്ടിൽനിന്നും സംഖ്യ എടുക്കുന്നതു് അസംബ്ലിയുടെ അനുമതിയോടുകൂടിയല്ലേ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ച് ബഡ്ജററിൽ ഇപ്പോൾ പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ എന്ന ഒരു ഹെഡ് ഇല്ല. അതുകൊണ്ട് ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽനിന്ന് പോസ്റ്റ്‌വാർ ഫണ്ടിലേയ്ക്കു സംഖ്യ ചിലവാക്കാൻ ഉദ്ദേശിക്കുന്നുവോ ആ ഹെഡിൽ 'Amount to debitable to Post war Reconstruction fund' എന്നു പറയുകയാണ് ചെയ്യുന്നതു്. ആ ഡിപ്പാർട്ടുമെൻറുകളുടെ ബഡ്ജററു സഭ പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞകൊല്ലംവരെ പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ ഫണ്ടിൽനിന്നു ചിലവുചെയ്യുന്ന പണം അസംബ്ലിയുടെ വോട്ടിനു വിധേയമാക്കിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. കഴിഞ്ഞകൊല്ലവും എല്ലാകൊല്ലവും അങ്ങനെയാണ് ചെലവാക്കിയിട്ടുള്ളതു്. ൧൯൫൦–൫൧–ലെ ബഡ്ജററു പേജ് ൭ അവസാനഭാഗം നോക്കിയാൽ അതു് കാണാവുന്നതാണ്. അതിനാൽ ഈ അപ്രോപ്രിയേഷൻ ബിൽ സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. വി. ഇട്ടു: മെഡിക്കൽ ട്രെയിനിംഗിനു് അയച്ചിട്ടുള്ളവരിൽ, അതായതു് ഇവിടെനിന്നു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശുപാർശച്ചെയ്തിട്ടുള്ളവരിൽ, കൊച്ചിക്കാർ ആരെങ്കിലും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് അവരോടു് ചോദിച്ചാൽ അറിയാം.

ശ്രീ. എം. ഐ. പോൾ: വനംകാര്യത്തെപ്പററി അന്വേഷിക്കുന്നതിനു ഗവമ്മെൻറിൽനിന്നു ഒരു കമ്മിററി രൂപീകരിച്ചു എന്നു പറഞ്ഞു. അസംബ്ലിയിൽനിന്നു ഒരു കമ്മിററി രൂപീകരിച്ച് അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ഒരുക്കമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴും ഒരുക്കമില്ല.

ശ്രീ. എം. ഐ. പോൾ: അങ്ഹാം.

മിസ്റ്റർ സ്പീക്കർ: യഥാർത്ഥത്തിൽ സഭ്യമല്ലാത്ത ശബ്ദം മനഃപൂർവ്വം പുറപ്പെടുവിച്ചു സഭയുടെ ശ്രദ്ധയെ അനാവശ്യമായി ആകർഷിക്കയും, സഭയുടെ നടപടികളിൽ ഗൗരവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന മററു മെമ്പർമാർക്കു അസഹ്യത നേരിടുവിക്കയും ചെയ്തിരിക്കുന്നതു ഇന്നു കാലത്തു ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതുപോലെ മെമ്പർ അടിക്കടി പ്രദർശിപ്പിച്ചുവരുന്നതായി കാണുന്നു. ക്രമവിരുദ്ധമായ പെരുമാററങ്ങളേർപ്പെടുചെയ്തു സഭയുടെ ദൃഷ്ടിയിൽ പെടുത്തി വേണ്ട നടപടികൾ സഭ സ്വീകരിക്കേണ്ടതായി വരുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: അദ്ദേഹം കോട്ടുവാ ഇട്ടതാണോ എന്നറിഞ്ഞാൽ കൊള്ളാം. (ചിരി)

Mr. Speaker: Order, Order. There are no amendments to this Bill. I shall now put all the clauses and the schedule to vote.

The question that clauses 1 to 3 and the schedule stand part of the Bill was put and carried.

Sri. Sree V. Das: I demand a poll.

A poll was taken when the House divided as follows:

Ayes—75

1 Sri. Abdul Majeed
2 Miss Accamma Cheriyan
3 Sri. R. Achuthan
4 ,, Albert Lopez
5 ,, Alexander Parambithara
6 ,, Alexander Vakayil
7 ,, Krishnan Ayyappan
8 ,, P. Balakrishnan Tampi
9 ,, T. S. Bandhu
10 ,, E. Bhaskaran
11 ,, N. V. Chacko
12 ,, P. Chacko
13 ,, P. T. Chacko
14 ,, G. Chandrasekhara Pillai
15 ,, K. M. Chandy
16 Sahib Bahadur Cheladi Rowther
17 Sri. K. K. Chellappan Pillai
18 ,, Cheriyan J. Kappan
19 Dr. M. O. Cheriyan
20 Sry. Devaki Gopidas
21 Sri. T. V. Devan
22 ,, Ambat Eachara Menon
23 ,, Eapen Arakkal
24 ,, K. R. Elankath
25 ,, A. K. George
26 ,, P. Gopalan
27 ,, M. Govindan
28 ,, O. T. Inasu
29 ,, Ittiera Ambookan
30 ,, C. V. Iyyu
31 Sri. A. L. Jacob
32 Hon'ble Sri. A. J. John
33 Sri. A. V. Joseph
34 ,, K. S. Joseph
35 ,, Joseph Malieckal
36 ,, Joseph Mathen
37 ,, Joseph (Thumbasseri)
38 Hon'ble Sri. C. Kesavan
39 Sri. T. T. Kesavan Sastri
40 ,, N. S. Kochukunju
41 ,, K. Kochukuttan
42 ,, Thariathu Kunjithomman
43 ,, P. Kunjukrishnan
44 ,, Mankuzhi M. Madhavan
45 ,, V. Madhavan
46 Sahib Bahadur Majeed Marikar
47 Sahib Bahadur P. K. Makkaru Pillai
48 Sri. K. A Mathew
49 ,, M. C. Mathew
50 Sahib Bahadur K. C. Mayankutty Mether
51 Sri. P. Nanoo
52 ,, C. Narayana Pillai
53 Hon'ble Sri. Parur T. K. Narayana Pillai
54 Sri. S. Nilakanta Ayyar
55 ,, G. P. Nilakanta Pillai
56 ,, Paul Thaliath
57 ,, Paulose Pylee
58 ,, Philipose Muthalaly

59 Sri. K. Ramakrishna Pillai
60 „ P. K. Raman
61 „ M. Raman Pillai
62 „ Sankaran Nadar
63 „ Pandavathu Sankara Pillai
64 „ K. Sarangadharan
65 „ Sebastian Thoppil
66 „ K. Sekhara Panicker
67 „ S. Sivaraman Asari
68 Sri. A. P. Sivaramakrishnan
69 „ A. M. Thomas
70 „ A. P. Udayabhanu
71 „ Varghese Augustin
72 „ P. M. Varghese
73 „ N. P. Varghese
74 „ V. K. Varghese
75 „ M. Varkey

Noes—45

1 Sri. A. Achuthan
2 „ K. A. Achuthan
3 „ K. T. Achuthan
4 „ V. K. Achutha Menon
5 „ P. C. Adichan
6 Miss Annie Joseph
7 Sri. N. Daniel Jose
8 „ Sree V. Das
9 „ A. Easwara Pillai
10 „ V. Gangadharan Nayar
11 „ P. C. George
12 „ E. Gopalakrishna Menon
13 „ Mannar Gopalan Nayar
14 „ Kannara Gopala Panicker
15 „ K. K. Kannan
16 „ T. Kochukrishna Pillai
17 „ Krishna Das
18 „ P. K. Krishnan Sastri
19 „ N. K. Krishna Pillai
20 „ P. K. Kumaran Asari
21 „ T. K. Kunjayyappan
22 „ S. Kuttan
23 „ P. S. Madhavan Vaidyan
24 Sahib Bahadur T. A. Moideen Kunju
25 Sri. A. P. Nambiar
26 „ P. S. Nataraja Pillai
27 „ N. Neelakantaru Pandarathil
28 „ Mannathu Padmanabha Pillai
29 „ C. C. Prasad
30 „ A. K. Patchu Pillai
31 „ M. I. Paul
32 „ K. Ramakrishnan Achari
33 „ R. K. Ram
34 „ K. N. Sankunny Pillai
35 „ T. M. Sannelan
36 „ Ponnara G. Sreedhar
37 Sahib Bahadur K. H. Sulaiman
38 Sri. A. Thanu Pillai
39 „ P. Thanuligam Nadar
40 „ U. K. Vasudevan Asari
41 „ K. K. Vasu Panicker
42 „ M. R. Velappan
43 „ K. I. Velayudhan
44 „ Kalathil Velayudhan Nayar
45 „ K. K. Viswanathan

Neutral
Nil

Clauses 1 to 3 and the Schedule were added to the Bill.

The question that the title and the Preamble stand part of the Bill was put and carried.

The title and the Preamble were added to the Bill.

Sri. A. J. John: I move that the Travancore-Cochin Appropriation (No. 2) Bill 1951 be passed.

Sri. T. K. Narayana Pillai: I Second it.

The motion was put and carried.

The Bill was passed.

Mr. Speaker: It is 5 o'clock. The House will now adjourn and proceed to the election of members to the three committees.

Sri. P. S. Nataraja Pillai: We are prepared to withdraw from the cloelions as our party is not anxious to be represented in any of the committees. Also one of our members who has been nominated as a candidate is not present.

Mr. Speaker: Now that there are eight nominations before me, the only course open is to go on with elections on the principle of proportionate representation. Time for withdrawal of candidature is over. So elections will go on.

The Assembly adjourned at 5 p. m. to meet again at 11 a. m., on Monday, the 2nd April 1951.

APPENDIX

Elections to Committees.

Elections to the Public Accounts Committee, the Estimates Committee and the Standing Finance Committee were then conducted and the following members were elected to the three Committees.—

I. Estimates Committee.

1. Sri. P. C. Adichan
2. ,, A. P. Udayabhanu
3. ,, P. K. Kumaran Asari
4. ,, R. Chellaswami Nadar
5. ,, Paul Thaliath
6. ,, K. Ramakrishna Pillai

II. Public Accounts Committee.

1. Sri. P. C. Adichan
2. Sry. Devaki Gopidas
3. Sri. Kannara Gopala Panicker
4. ,, K. S. Joseph
5. ,, V. Madhavan
6. ,, A. Ramasubramonia Karayalar

III. Standing Finance Committee.

1. Sri. Krishnan Ayyappan
2. ,, T. T. Kesavan Sastri
3. ,, Kannara Gopala Panicker
4. ,, D. Gnanasigamoni
5. ,, A. V. Joseph
6. ,, K. Balakrishna Menon

V. KRISHNAMOORTHI AIYAR,

Secretary to the Legislative Assembly.